# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ




നം. 03/2019 | ആഗസ്റ്റ് 2019 | തിരുവനന്തപുരം | പേജ് 14 | വില 10 രൂപ



നിയമസഭാ ടി. വി » 03

പതിനേഴാം ലോക് സഭ വിധിയെഴുതി ഭാരതം » 04

തിരുകൊച്ചിയുടെ ഓർമ്മകൾക്ക് എഴുപതാണ്ട് » 12


## ഗവേഷണ സ്ഥാപനങ്ങളുടെ പ്രസക്തി

ദൈനംദിന തെരഞ്ഞെടുപ്പുകളിലൂടെയാണ് ജനാധിപത്യ വ്യവസ്ഥ പ്രവർത്തിക്കുന്നത്. ജനങ്ങൾക്ക് ജനാധികാരത്തിലും വ്യവസ്ഥയിലുമുള്ള വിശ്വാസം നിരന്തരം ആവർത്തിച്ചുറപ്പിക്കേണ്ടിയിരിക്കുന്നു. പ്രാതിനിധ്യ ജനാധിപത്യത്തിൽ ജനങ്ങൾ അവരുടെ "സമ്മതി" ജനപ്രതിനിധികൾക്കും ഭരണകൂടത്തിനും അനുദിനം നൽകേണ്ടത് അനിവാര്യമാണ്. 'ജനസമ്മതി' ഇല്ലാതാകുന്ന നിമിഷം സാങ്കേതികമായി പ്രാതിനിധ്യം തുടരാമെങ്കിലും ജനപ്രാതിനിധ്യ ഭരണകൂടത്തിന്റെ അധികാരം റദ്ദു ചെയ്യപ്പെടുന്നു. അതുപോലെതന്നെ ജനാധിപത്യ മൂല്യങ്ങൾ നിരസിക്കപ്പെടുന്ന നിമിഷം ജനാധിപത്യ വ്യവസ്ഥയും മൃതപ്രായമാകും. ഈ സാഹചര്യത്തിലാണ് ജനാധികാരത്തിന്റെയും ജീവിതശൈലിയായി വികസിക്കേണ്ട ജനാധിപത്യ വ്യവസ്ഥയുടെയും അടിസ്ഥാന പ്രമാണങ്ങൾ ജനങ്ങളിൽ സ്ഥിരമായി നിലനിർത്താനും ശക്തിപ്പെടുത്താനുമുള്ള വിജ്ഞാനോത്പാദനവും വിജ്ഞാന വിതരണ സംവിധാനവും ഏറ്റവും പ്രസക്തമാകുന്നത്.

ജനങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭയ്ക്ക് ജനാധിപത്യ സംബന്ധിയായ അറിവുത്പാദനത്തിലും വിതരണത്തിലും ഏറ്റവും ഫലപ്രദമായി ഇടപെടാനാകും.



ഭരണകൂടത്തിന്റെ നയരൂപീകരണത്തിലും പ്രവർത്തനങ്ങളിലും ജനാധിപത്യ മൂല്യങ്ങൾ സന്നിവേശിപ്പിക്കുവാൻ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന ഉന്നത ജനാധിപത്യ സ്ഥാപനവും നിയമസഭകളാണ്. നിയമനിർമ്മാണത്തോടൊപ്പം ജനാധികാര വ്യവസ്ഥയുടെ ശാക്തീകരണത്തിനുതകുന്ന ജനകീയവും അക്കാദമികവുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളും അർത്ഥസമ്പൂർണ്ണമായ വിധത്തിൽ സംഘടിപ്പിക്കുവാൻ നിയമസഭകൾക്ക് കഴിയും. ഈ ദിശയിലുള്ള ചിന്തയുടെ ഉത്പന്നമാണ് ഗവേണൻസ്, പബ്ലിക് പോളിസി തുടങ്ങിയ മേഖലകളിൽ വിജ്ഞാനോത്പാദനം ലക്ഷ്യം വച്ച് ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങുവാനുള്ള തീരുമാനം. നിലവിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സി.പി.എസ്.ടി. സഭാ നടപടിക്രമങ്ങൾ സംബന്ധിച്ചും നിയമനിർമ്മാണ പ്രക്രിയയുടെ വിവിധ വശങ്ങൾ സംബന്ധിച്ചും സാമാജികർക്കും, പി.എ.മാർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിവരുന്നുണ്ട്. പൊതുജനങ്ങൾക്കായി ആറുമാസം നീണ്ടുനിൽക്കുന്ന ഡിപ്ലോമ കോഴ്സും നടത്തിവരുന്നു. പഠന-പരിശീലന പരിപാടികളിൽനിന്ന് അറിവുത്പാദനത്തിലേക്കുള്ള പരിണാമം വർത്തമാനകാലത്ത് ഏറെ പ്രസക്തമാണ്.

ഗവണ്മെന്റിന്റെ നയരൂപീകരണത്തിന് നിയമ-സാങ്കേതിക സഹായം നൽകാൻ ശേഷിയുള്ള ഒരു ഗവേഷണകേന്ദ്രമെന്ന നിലയിലാണ് സ്കൂൾ ഓഫ് പബ്ലിക് പോളിസി പ്രവർത്തിക്കുക. പൊതു നയരൂപീകരണത്തിൽ സാമാജികർക്ക് ആവശ്യമായ അക്കാദമിക വിവരങ്ങളും വിശകലനങ്ങളും സമാഹരിച്ചു നൽകുകയാണ് പ്രാഥമിക ലക്ഷ്യം. ഭരണരംഗത്തെ നൂതന പ്രവണതകളെ മനസ്സിലാക്കുവാനും കേരളീയ സാഹചര്യത്തിൽ അവ പ്രയോഗിക്കാനുമുള്ള പഠനവും പരിശീലനവും നൽകും. ഇതോടൊപ്പം സാമാജികരും അക്കാദമിക് പണ്ഡിതരും ചേർന്ന കൂട്ടായ്മ രൂപീകരിക്കും. കേവലമായ അക്കാദമിക വിജ്ഞാനോത്പാദനം മാത്രമല്ല ലക്ഷ്യം വയ്ക്കുന്നത്. ഈ പ്രക്രിയയിൽ സാമാജികർക്ക് നേരിട്ടിടപെടാനുള്ള അവസരം കൂടി സൃഷ്ടിക്കും. അങ്ങനെ വരുമ്പോൾ സാമാജികർക്ക് കാര്യങ്ങൾ പഠിക്കുവാനും നയരൂപീകരണത്തിൽ ക്രിയാത്മകമായി ഇടപെടാനും സാധിക്കും. വിദഗ്ധരുടെ തലത്തിൽ ഒതുങ്ങിനിൽക്കുന്ന നയരൂപീകരണം ജനപ്രതിനിധികളുമായി ചേർന്ന് രൂപപ്പെടുത്താനും 'ജനകീയവും അക്കാദമികവുമായ കൂട്ടായ്മ' രൂപപ്പെടുത്താനുമുള്ള സംവിധാനമായി 'സ്കൂൾ ഓഫ് പബ്ലിക് പോളിസി ഫോർമുലേഷ'നെ വളർത്തിയെടുക്കാനാകുമെന്നാണ് പ്രതീക്ഷ.

ഭരണകൂടപഠനമാണ് സ്കൂൾ ഓഫ് ഗവണ്മെന്റ് ലക്ഷ്യം വയ്ക്കുന്നത്. രാഷ്ട്രീയ പാർട്ടികൾ, തെരഞ്ഞെടുപ്പ്, ഗവേണൻസ്, തുടങ്ങി ഭരണകൂടത്തിന്റെ വ്യത്യസ്ത തലങ്ങൾ വിഷയീഭവിക്കുന്ന പഠനങ്ങൾക്ക് നേതൃത്വം നൽകാൻ ഈ സ്ഥാപനത്തിന് കഴിയും. രാഷ്ട്രീയ പ്രക്രിയയിൽ ഇടപെടാൻ യുവതയെ പ്രേരിപ്പിക്കുന്ന അക്കാദമീക ഇടപെടലുകളും പരിശീലനവും സ്കൂൾ ഓഫ് ഗവണ്മെന്റ് സംഘടിപ്പിക്കും.

ഭാവിയിൽ ഈ സ്ഥാപനങ്ങൾ ഒന്നിച്ചാക്കി കൽപിത സർവ്വകലാശാലയാക്കി മാറ്റാനാണ് ഉദ്ദേശ്യം. ഇത് സംബന്ധിച്ച് പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് നൽകാൻ ആസൂത്രണ ബോർഡ് മുൻ അംഗം ശ്രീ. ജി. വിജയരാഘവനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണ-പഠന-ഗവേഷണങ്ങൾക്കും പരിശീലനത്തിനും രാജ്യാന്തര നിലവാരത്തിലുള്ള അധ്യാപകർ നേതൃത്വം നൽകും. ഇതിനായി പണ്ഡിതരുടെ ഒരു പാനൽ തയ്യാറാക്കും. ഭാവിയിൽ പബ്ലിക് പോളിസിയിലും ഗവേണൻസിലും ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കാനും പദ്ധതിയുണ്ട്.

പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാനും സാധ്യതകൾ പ്രയോജനപ്പെടുത്താനും സാമാജികരെ സജ്ജമാക്കാൻ നിയമസഭാ സെക്രട്ടേറിയറ്റിൽ ആരംഭിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾക്ക് കഴിയുമെന്നാണ് പ്രതീക്ഷ. കേരളം കേന്ദ്രീകൃതമായി നയരൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കാൻ 'യൂത്ത് ഹാക്കത്തോൺ' സംഘടിപ്പിക്കുവാനും പദ്ധതിയുണ്ട്. സ്വദേശത്തും വിദേശത്തുമുള്ള ഗവേഷണ കേന്ദ്രങ്ങൾ, സർവ്വകലാശാലകൾ, മറ്റ് പഠനകേന്ദ്രങ്ങൾ എന്നിവയുമായി അക്കാദമിക സഹകരണം ഉറപ്പുവരുത്താനുള്ള ശ്രമങ്ങളുമുണ്ടാകും.

ജനാധിപത്യ പഠനമേഖലയിലേക്കുള്ള നിയമസഭയുടെ അർത്ഥപൂർണ്ണമായ വികാസമാണ് ഈ സ്ഥാപനങ്ങൾ വഴി സാധ്യമാകുന്നത്. നിരന്തരമായ പഠനവും ജനാധിപത്യമൂല്യങ്ങളുടെ സംവേദനവും തീർച്ചയായും നമ്മുടെ ജനാധിപത്യ വ്യവസ്ഥയെ കൂടുതൽ സമ്പുഷ്ടമാക്കുമെന്ന കാര്യം നിസ്തർക്കമാണ്.

**പി. ശ്രീരാമകൃഷ്ണൻ**
സ്പീക്കർ

# നൂറിന്റെ നിറവിൽ ഗൗരിയമ്മ

### കാലം കാത്തുവച്ച മുൻവിധികളെ കടഞ്ഞെറിഞ്ഞ്, ചരിത്രത്തിലിടപെട്ട് മുന്നേ നടന്നു - സ്പീക്കർ

'കേരം തിങ്ങും കേരള നാട്ടിൽ കെ.ആർ.ഗൗരി ഭരിക്കട്ടേ' എന്നത് ഒരിക്കൽ കേരളത്തിലെമ്പാടും മുഴങ്ങിക്കേട്ട മുദ്രാവാക്യം. സ്വാതന്ത്ര്യാനന്തര കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ ചുരുക്കം രാഷ്ട്രീയ നേതാക്കളിൽ ഒരാളായ കെ.ആർ.ഗൗരിയമ്മയുടെ നൂറ്റിയൊന്നാം പിറന്നാളിൽ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർ ജൂൺ 20-ാം തീയതി സഭാ തലത്തിൽ ആശംസകൾ നേർന്നു. ഗൗരിയമ്മ പോരാട്ടവീറിന്റെ മാതൃസ്പർശമാണെന്നും കേരളത്തിൽ മാറ്റത്തിന്റെ പാതയൊരുക്കാൻ കനൽവഴി താണ്ടിയ ധീരവനിതയാണെന്നും സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. പ്രഥമ നിയമസഭയിലെ ജീവിക്കുന്ന ഏക അംഗമായ ഗൗരിയമ്മ വിപ്ലവത്തിന്റെ അഗ്നിമുഖത്ത് തളിർത്ത പൂമരമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. ജന്മശതാബ്ദിയാഘോഷങ്ങളിൽ സാമാജികർക്ക് പങ്കെടുക്കുന്നതിനായി ജൂൺ 21 ലെ സഭാസമ്മേളനം ഒഴിവാക്കി.

ഗൗരിയമ്മയുടെ ജന്മശതാബ്ദി ആഘോഷം ആലപ്പുഴ ശക്തി ആഡിറ്റോറിയത്തിൽ 2019 ജൂൺ 21 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കരുത്തയായ ഗൗരിയമ്മ ഇടയ്ക്ക് പാർട്ടിക്ക് പുറത്ത് പോയത് നിർഭാഗ്യകരമായിരുന്നുവെന്നും

അഞ്ചാം നിയമസഭയിലൊഴികെ ഒന്നു മുതൽ പതിനൊന്നു വരെ എല്ലാ നിയമസഭകളിലും ഗൗരിയമ്മ അംഗമായിരുന്നു. നിയമസഭാ സാമാജികയായി അൻപതുവർഷം പൂർത്തീകരിച്ചു. ഇ.എം.എസ്.ന്റെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലും 1967, 1980, 1987 വർഷങ്ങളിൽ അധികാരമേറ്റ കമ്മ്യൂണിസ്റ്റ് മന്ത്രിസഭകളിലും 2001-2006 കാലയളവിലെ എ.കെ.ആന്റണി, ഉമ്മൻചാണ്ടി മന്ത്രിസഭകളിലും ഗൗരിയമ്മ അംഗമായിരുന്നു. 1957-ലെ ആദ്യ മന്ത്രിസഭയിൽ റവന്യൂ, എക്സൈസ്, ദേവസ്വം വകുപ്പുകളുടെ ചുമതല വഹിച്ച ഗൗരിയമ്മ ഒട്ടനവധി ഭരണപരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്തിയത്. കാർഷികബന്ധ ബിൽ സഭയിൽ അവതരിപ്പിച്ചത് ഗൗരിയമ്മയായിരുന്നു.

രണ്ടാം ഇ.എം.എസ്. മന്ത്രിസഭയിൽ (1967 മാർച്ച് 6 മുതൽ 1969 നവംബർ1) റവന്യൂ, ഭക്ഷ്യം, പൊതുവിതരണം, വാണിജ്യ നികുതി, സാമൂഹ്യസുരക്ഷ, നിയമം എന്നീ വകുപ്പുകളുടെ ചുമതല ഗൗരിയമ്മയ്ക്കായിരുന്നു. ഇക്കാലയളവിലായിരുന്നു ഭൂപരിഷ്കരണ ബില്ലിൽ സമൂലമായ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടത്. അതോടെ ജന്മിത്തം നിരോധിക്കപ്പെടുകയും 3.5 ദശലക്ഷം കുടിയാൻമാർ ഭൂമിയുടെ ഉടമസ്ഥരാകുകയും ഒരു ലക്ഷത്തിലധികം ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും ചെയ്തു.



ആ രാഷ്ട്രീയ മാറ്റം ഗൗരിയമ്മയെ സ്നേഹിച്ചവരെ വേദനിപ്പിച്ചിട്ടുണ്ടാവണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. സമീപകാലത്ത് ഗൗരിയമ്മ വീണ്ടും പാർട്ടിയോടു സഹകരിച്ചത് പാർട്ടിക്കും പുരോഗമന സാമൂഹ്യശക്തികൾക്കും വലിയ സന്തോഷമാണ് പകർന്നതെന്നും നിർണ്ണായകഘട്ടങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു കരുത്ത് പകർന്ന വ്യക്തിത്വമാണ് ഗൗരിയമ്മയെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ സ്ത്രീകൾക്ക് മാതൃക കെ.ആർ.ഗൗരിയമ്മ മാത്രമാണെന്നും രാഷ്ട്രീയത്തിൽ എന്ത് അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും പൊതുപ്രവർത്തകരോട് പ്രത്യേക കരുതൽ ഉണ്ടായിരുന്ന നേതാവാണ് ഗൗരിയമ്മയെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. സ്ത്രീസുരക്ഷയ്ക്കായി സത്വര നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും എല്ലാവരും അഭിമാനത്തോടെ നോക്കുന്ന നാടായി കേരളം മാറണമെങ്കിൽ സ്ത്രീകൾക്ക് സുരക്ഷിതമായി ജീവിക്കാൻ കഴിയണമെന്നും മറുപടി പ്രസംഗത്തിൽ ഗൗരിയമ്മ ഓർമ്മിപ്പിച്ചു. തന്റെ ശ്വാസം നിലയ്ക്കുന്നതുവരെ സ്ത്രീസുരക്ഷയ്ക്കായി പോരാടുമെന്നും അവർ പറഞ്ഞു സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, മന്ത്രിമാരായ പി.തിലോത്തമൻ, ജി.സുധാകരൻ, ലോക്സഭാംഗം എ.എം.ആരിഫ്, മുൻ ഗവർണർമാരായ കെ.ശങ്കരനാരായണൻ, കുമ്മനം രാജശേഖരൻ, ജെ.എസ്.എസ്. സംസ്ഥാന പ്രസിഡന്റ് എ.എൻ. രാജൻ ബാബു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഗൗരിയമ്മയുടെ ഭൂതകാലചരിത്രം വളരെ ഹൃദ്യമാണ്. 1919 ജൂലൈ 14 ന് ചേർത്തലയിൽ ചാത്തനാട്ട് കെ.ആർ. രാമന്റെയും പാർവ്വതി അമ്മയുടെയും മകളായി ജനിച്ച ഗൗരിയമ്മയുടെ സ്കൂൾ വിദ്യാഭ്യാസം തുറവൂർ, ചേർത്തല എന്നിവിടങ്ങളിലായിരുന്നു. തുടർന്ന് എറണാകുളം മഹാരാജാസിൽ നിന്ന് ബി.എ. ബിരുദവും എറണാകുളം ലോ കോളേജിൽ നിന്ന് നിയമബിരുദവും നേടി. ഈഴവ സമുദായത്തിൽ നിന്നുള്ള ആദ്യ വനിതാ വക്കീലായിരുന്നു ഗൗരിയമ്മ.

1952-53, 1954-56 കാലഘട്ടങ്ങളിൽ തിരു-കൊച്ചി നിയമസഭകളിലും കേരള സംസ്ഥാന രൂപീകരണത്തോടെ

ആറാം കേരള നിയമസഭയിൽ ഇ.കെ.നായനാർ മന്ത്രിസഭയിൽ കെ.ആർ.ഗൗരി കൃഷി, സാമൂഹികക്ഷേമം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തു. 1987ലെ നായനാർ മന്ത്രിസഭയിൽ വ്യവസായം, സാമൂഹിക ക്ഷേമം, വിജിലൻസ് എന്നീ വകുപ്പുകളുടെ ചുമതലയായിരുന്നു വഹിച്ചത്. 2001-2006 കാലഘട്ടത്തിൽ കൃഷിയും കയറും വകുപ്പിന്റെ ചുമതല വഹിച്ചു.

കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ സമൂല മാറ്റങ്ങൾക്ക് വഴിവച്ച പല നിയമങ്ങളും സഭയിൽ അവതരിപ്പിച്ചത് ഗൗരിയമ്മയായിരുന്നു. 1957ലെ ഒഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കൽ നിയമം, 1957ലെ തിരു-കൊച്ചി ഭൂനികുതി നിയമം, 1957ലെ കേരള ഭൂസംരക്ഷണ നിയമം, 1958 ലെ കേരള കോമ്പൻസേഷൻ ഫോർ ടെനന്റ്സ് ഇംപ്രൂവ്മെന്റ് ആക്ട്, 1958 ലെ സർക്കാർ ഭൂമി പതിച്ചു കൊടുക്കൽ നിയമം, 1958 ലെ കേരള വെയ്സ് ആൻഡ് മീൻസ് ആക്ട്, 1959ലെ കേരള മുദ്രപത്ര നിയമം, 1960 ലെ പാട്ടകുടിയാൻ നിയമം, 1968 ലെ കേരള റവന്യൂ റിക്കവറി ആക്ട്, 1987ലെ അഴിമതി നിരോധന നിയമം എന്നിവയെല്ലാം അതിൽപ്പെടും.

1957 ൽ ഇ.എം.എസ്. മന്ത്രിസഭയിൽ അംഗമായിരിക്കെ അതേ മന്ത്രിസഭയിൽ അംഗമായിരുന്ന ടി.വി.തോമസുമായി ഗൗരിയമ്മ വിവാഹിതയായി. 1964 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ ടി.വി.തോമസ് സി.പി.ഐ.യിലും ഗൗരിയമ്മ സി.പി.ഐ.(എം)ലും നിലകൊണ്ടു. കെ.ആർ.ഗൗരിയുടെ സംഭവ ബഹുലവും ത്യാഗപൂർണ്ണവുമായ ജീവിതത്തിന്റെ നേർചിത്രമാണ് 'ആത്മകഥ' എന്ന് പേരിട്ട അവരുടെ ആത്മകഥ. അതിന് 2011 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിക്കുകയും ചെയ്തു.

പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും ത്യാഗവും അർപ്പണമനോഭാവവും മനക്കരുത്തും ലാളിത്യവും കൊണ്ട് പകരം വയ്ക്കാനില്ലാത്ത അപൂർവ്വ വ്യക്തിത്വമാണ് ഗൗരിയമ്മയുടേത്. സമൂഹത്തിന്റെ പുരോഗതിക്ക് സ്വയം സമർപ്പിച്ച് പാർശ്വവത്കരിക്കപ്പെട്ട ജനതയുടെ കണ്ണീരും കഷ്ടപ്പാടും ഏറ്റുവാങ്ങി അവരെ വിമോചനത്തിലേക്ക് നയിച്ച ധീരവനിതയായിട്ടാവും കേരളം എക്കാലത്തും ഗൗരിയമ്മയെ വിലയിരുത്തുക.

# മികച്ച സഭാസമിതികൾക്ക് പുരസ്കാരങ്ങൾ നൽകും - സ്പീക്കർ



നിയമസഭാ സമിതികളുടെ പ്രവർത്തനം പലപ്പോഴും യാന്ത്രികമായി മാറുന്നുവെന്ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. 'നിയമസഭാ സമിതികളുടെ പ്രവർത്തനം' 'ഇ-നിയമസഭ' എന്നീ വിഷയങ്ങളിൽ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് നിയമസഭാംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച ശില്പശാലയിൽ മേയ് 21-ാം തീയതി നടന്ന ഉദ്ഘാടനചടങ്ങിന്റെ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രി പിണറായി വിജയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ വി.ശശി, മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ, എ.കെ.ബാലൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, പ്രതിപക്ഷ ഉപനേതാവ് ഡോ.എം.കെ.മുനീർ, നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു.

നിയമസഭാ സബ്ജക്ട് കമ്മിറ്റികളുടെ അദ്ധ്യക്ഷൻ മന്ത്രിമാരാകുന്നത് ഉചിതമാണോ എന്നത് ഗൗരവമായി പരിശോധിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. നിയമസഭാ സമിതികളുടെ പ്രവർത്തനം ജനങ്ങളുടെ ശ്രദ്ധയിൽ പതിയാത്തതുകൊണ്ടാണ് എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്തം നിയമസഭ ഉറപ്പു വരുത്തുന്നില്ല എന്ന ധാരണ പൊതുസമൂഹത്തിനുണ്ടാകുന്നതെന്നും, സഭാ സമിതികൾ ഇത്തരം കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നത് സമൂഹം അറിയുന്നില്ലെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കേരള നിയമസഭ ഇ-നിയമസഭയാകുന്നത് കാലത്തിനനുസൃതമായ നീക്കമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സബ്ജക്ട് കമ്മിറ്റികളുടെ അദ്ധ്യക്ഷൻ മന്ത്രിമാരായിരിക്കണമെന്ന കീഴ്വഴക്കം പുനഃപരിശോധിക്കേണ്ടതുണ്ടെന്നും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയമസഭാ സമിതികൾക്ക് പുരസ്കാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടെന്നും സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഉദ്യോഗസ്ഥസംവിധാനത്തിനു മുകളിൽ നിയമസഭയുടെ ഫലപ്രദമായ നിയന്ത്രണം ഉറപ്പാക്കണമെന്നും സഭയുടെ അധികാരങ്ങൾ സഭാസമിതികൾക്കു കൈമാറണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

'നിയമസഭാ സമിതികളുടെ പ്രവർത്തനം' സംബന്ധിച്ച ശില്പശാലയിൽ 'ധനകാര്യ സമിതികൾ വെല്ലുവിളികളും പരിഹാരവും', 'ജനകീയ പ്രശ്നങ്ങളുടെ പരിഹാരം ക്ഷേമസമിതികളിലൂടെ', '40-ാം വയസ്സിലേക്ക് കടക്കുന്ന സബ്ജക്ട് കമ്മിറ്റികളും എക്സിക്യൂട്ടീവിന്മേലുള്ള ലെജിസ്ലേച്ചറിന്റെ നിരീക്ഷണവും', പൊതു ചർച്ചയിൽ 'സഭാസമിതികളുടെ ശാക്തീകരണം' എന്നീ നാലു സെഷനുകളാണ് ഉൾപ്പെടുത്തിയിരുന്നത്.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും ന്യൂനതകളും ഓരോന്നായി പരിഹരിക്കുകയും ശിപാർശകൾ നടപ്പിലാക്കുകയും ചെയ്തുകൊണ്ട് നികുതി വകുപ്പ് നൽകിയ റിപ്പോർട്ട് മറ്റെല്ലാ വകുപ്പുകൾക്കും മാതൃകയാണെന്ന് വി.ഡി. സതീശൻ എം.എൽ.എ. അഭിപ്രായപ്പെട്ടു. 'ധനകാര്യ സമിതികൾ വെല്ലുവിളികളും പരിഹാരവും' എന്ന വിഷയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓഡിറ്റ് പരാമർശങ്ങളിൽ വിവിധ വകുപ്പുകൾ നൽകാനുള്ള മറുപടി, സമിതി ആവശ്യപ്പെടുന്ന രേഖകൾ എന്നിവ സമയബന്ധിതമായി നൽകാത്തത് സഭയോടുള്ള അവഹേളനവും ഉത്തരവാദിത്വമില്ലായ്മയുമാണ്. ധനകാര്യസമിതികളുടെ യോഗങ്ങളിൽ എല്ലാ അംഗങ്ങളും പങ്കെടുത്ത് ചർച്ചയിൽ സജീവമാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സഭാസമിതികൾ നൽകുന്ന നിർദ്ദേശങ്ങൾ വകുപ്പുകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കണം. അഴിമതിയും കെടുകാര്യസ്ഥതയും കുറ്റകരമായ അശ്രദ്ധയും അമിതാധികാരപ്രയോഗവും നിയന്ത്രിക്കാൻ ധനകാര്യസമിതികൾ സജീവമാകണമെന്നും വി.ഡി. സതീശൻ അഭിപ്രായപ്പെട്ടു.

ക്ഷേമകാര്യ സമിതികൾ ഒട്ടേറെ ജനകീയവിഷയങ്ങളിൽ ഇടപെടുന്നുണ്ടെന്നും നിരവധി പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടായിട്ടുണ്ടെന്നും അയിഷാപോറ്റി എം.എൽ.എ. അഭിപ്രായപ്പെട്ടു. 'ജനകീയ പ്രശ്നങ്ങളുടെ പരിഹാരം ക്ഷേമസമിതികളിലൂടെ' എന്ന വിഷയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അവർ. ക്രമവിരുദ്ധമായ നടപടികളിലൂടെ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ അവരുടെ സർവ്വീസ് കാലയളവിൽ അച്ചടക്കനടപടി സ്വീകരിക്കാനായിട്ടില്ലാത്ത സാഹചര്യത്തിൽ സർവ്വീസിൽ നിന്നു വിരമിച്ചാലും നടപടിയെടുക്കാനാകുന്ന തരത്തിൽ കേരള സർവ്വീസ് ചട്ടം III 59 (c) പരിഷ്കരിക്കാനായത് അയിഷാപോറ്റി ഉദാഹരണമായി ചൂണ്ടിക്കാട്ടി.

സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി.മനോഹരൻ നായർ 'നാല്പതാം വയസ്സിലേക്ക് കടക്കുന്ന സബ്ജക്ട് കമ്മിറ്റികളും എക്സിക്യൂട്ടിവിന്മേലുള്ള ലെജിസ്ലേച്ചറിന്റെ നിരീക്ഷണവും' എന്ന വിഷയം അവതരിപ്പിച്ചു. സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ സമിതി അംഗങ്ങൾ കൂടുതൽ താൽപര്യം പുലർത്തണമെന്നും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അഡ്വക്കേറ്റ് ജനറലടക്കമുള്ള നിയമവിദഗ്ധരെ വിളിച്ചുവരുത്തി അഭിപ്രായം തേടാനുള്ള സൗകര്യങ്ങളുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തുന്നില്ലെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സബ്ജക്ട് കമ്മിറ്റികളെ സംബന്ധിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് വകുപ്പുമന്ത്രിമാർ സഭയിൽ സമർപ്പിക്കുമ്പോൾ അതത് സബ്ജക്ട് കമ്മിറ്റികൾ ഡിലേസ്റ്റേറ്റ്മെന്റിന്റെ സാംഗത്യം പരിശോധിക്കണമെന്ന് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയും സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ 30 ദിവസത്തിനകം സാധൂകരണത്തിനായി അയയ്ക്കുന്നില്ലെങ്കിൽ ഡിലേസ്റ്റേറ്റ്മെന്റ് കൂടി ലഭിച്ചതിനുശേഷം സാധൂകരണത്തിനായി പരിഗണിച്ചാൽ മതിയെന്ന സ്പീക്കറുടെ നിർദ്ദേശവും വളരെ പ്രാധാന്യമുള്ളതെന്ന് അദ്ദേഹം അംഗങ്ങളെ ഓർമ്മിപ്പിച്ചു.

'സഭാസമിതികളുടെ ശാക്തീകരണം' സംബന്ധിച്ച പൊതുചർച്ചയിൽ ഗതാഗതവകുപ്പ് മന്ത്രി എ.കെ.ശശീന്ദ്രൻ, എം.എൽ.എ.മാരായ കെ.സി.ജോസഫ്, കെ.സുരേഷ് കുറുപ്പ്, വി.കെ.ഇബ്രാഹിംകുഞ്ഞ്, മുല്ലക്കര രത്നാകരൻ, മാത്യു ടി.തോമസ്, നിയമസഭാ സെക്രട്ടറി വി.കെ. ബാബുപ്രകാശ്, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, പ്രതിപക്ഷ നേതാവിന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി കെ.മോഹനകുമാർ എന്നിവർ സംസാരിച്ചു.

മേയ് 22-ാം തീയതി ബുധനാഴ്ച 'ഇ-നിയമസഭ' പ്രോജക്ടിനെക്കുറിച്ച് യു.എൽ.സി.സി.എസ്, സി.ഇ.ഒ. രവീന്ദ്രൻ കസ്തൂരിയും ലെജിസ്ലേറ്റീവ് അസംബ്ലി ഇന്റർപെലേഷൻ സിസ്റ്റം (LAIS) സംവിധാനത്തെ സംബന്ധിച്ച് ചോദ്യവിഭാഗം ഡെപ്യൂട്ടി സെക്രട്ടറി എസ്.അനിലും വിശദീകരിച്ചു.കേരള നിയമസഭയുടെ റിസർച്ച് വിഭാഗം തയ്യാറാക്കിയ 'Legislators of Kerala' എന്ന പുസ്തകം മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലായിരുന്നു ശില്പശാല.



## ഓം ബിർള ലോക്സഭാ സ്പീക്കർ



പതിനേഴാം ലോക്സഭയുടെ സ്പീക്കറായി ദേശീയജനാധിപത്യ സഖ്യം സ്ഥാനാർത്ഥി ഓം ബിർളയെ എതിരില്ലാതെ തെരഞ്ഞെടുത്തു. രാജസ്ഥാനിലെ കോട്ടയിൽ നിന്നുള്ള ലോക്സഭാംഗമാണ് ഓം ബിർള.

1962 ൽ രാജസ്ഥാനിലെ കോട്ടയിൽ ജനിച്ച ഓം ബിർള 1991 മുതൽ 2003 വരെ യുവമോർച്ച സംസ്ഥാന പ്രസിഡന്റ് മുതൽ ദേശീയ ഉപാധ്യക്ഷൻ വരെയുള്ള പദവികളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2003, 2008, 2013 വർഷങ്ങളിൽ തുടർച്ചയായി രാജസ്ഥാൻ നിയമസഭയിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടു. 2014 ൽ രാജസ്ഥാനിലെ കോട്ട -ബൂന്ദി മണ്ഡലത്തിൽ നിന്ന് മുതിർന്ന കോൺഗ്രസ്സ് നേതാവ് ജയരാജ് സിങ്ങിനെ പരാജയപ്പെടുത്തി ലോക്സഭാംഗമായി. 2019 ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇതേ മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥി രാം നാരായൺ മീണയെ രണ്ടരലക്ഷത്തിലേറെ വോട്ടിന് തോൽപ്പിച്ചാണ് ലോക്സഭയിലെത്തിയത്.

ലോക്സഭാ സ്പീക്കറുടെ പാനലിൽ കേരളത്തിൽ നിന്നുള്ള കൊടിക്കുന്നിൽ സുരേഷ് (കോൺഗ്രസ്) എൻ.കെ പ്രേമചന്ദ്രൻ (ആർ.എസ്.പി) എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. ഏക എം.പി.യുള്ള പാർട്ടിക്ക് സ്പീക്കറുടെ പാനലിൽ അവസരം നൽകുന്നത് ലോക്സഭാ ചരിത്രത്തിൽ ആദ്യമാണ്. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ അഭാവത്തിൽ സഭ നിയന്ത്രിക്കുകയാണ് പാനലിന്റെ ചുമതല.

## എസ്.വി. ഉണ്ണികൃഷ്ണൻ നായർ നിയമസഭാ സെക്രട്ടറി



നിയമസഭാ സെക്രട്ടറിയായി എസ്.വി.ഉണ്ണികൃഷ്ണൻ നായരെ നിയമിച്ചു. സെക്രട്ടറിയായിരുന്ന വി.കെ. ബാബുപ്രകാശ് വിരമിച്ച ഒഴിവിലാണ് നിയമനം. ജൂലൈ 30ന് അദ്ദേഹം ചുമതലയേറ്റു.

നെയ്യാറ്റിൻകര കാരോട് വില്ലേജിൽ പി. സദാശിവൻ തമ്പിയുടെയും ജെ. വിശാലാക്ഷി അമ്മയുടെയും മകനാണ്. തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും നേടി. 1995ൽ മുൻസിഫ്-മജിസ്ട്രേറ്റ് ആയി ജുഡീഷ്യൽ സർവ്വീസിൽ നിയമിതനായി. മുൻസിഫ്, മജിസ്ട്രേറ്റ്, സബ്ജഡ്ജി, ജില്ലാജഡ്ജി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ രജിസ്ട്രാർ ആയി സേവനം അനുഷ്ഠിക്കുകയായിരുന്നു.

ഭാര്യ എസ്. ശ്യാമ നെയ്യാറ്റിൻകര ഗവൺമെന്റ് ജെ.ബി.എസിൽ അധ്യാപികയാണ്. മകൾ ഡോ. ആരതി നെയ്യാറ്റിൻകര നിംസ് ഡെന്റൽ കോളേജിലെ ഹൗസ് സർജൻ.

## കെ.രാജൻ ചീഫ് വിപ്പായി ചുമതലയേറ്റു



പതിനാലാം കേരള നിയമസഭയുടെ ചീഫ് വിപ്പായി കെ.രാജൻ, എം.എൽ.എ. ചുമതലയേറ്റു. ഒല്ലൂർ എം.എൽ.എ. യാണ്. സി.പി.ഐ. ദേശീയ കൗൺസിൽ അംഗവും സംസ്ഥാന എക്സിക്യൂട്ടീവ് അംഗവുമാണ് കെ.രാജൻ. ജൂൺ 26 ന് ചേർന്ന മന്ത്രിസഭാ യോഗമാണ് അദ്ദേഹത്തെ ചീഫ് വിപ്പായി ശിപാർശ ചെയ്തത്.

ഭരണപക്ഷത്ത് എല്ലാ ഘട്ടത്തിലും ഭൂരിപക്ഷമുണ്ടെന്ന് ഉറപ്പുവരുത്തുക, നിയമസഭയിൽ നിർണ്ണായക സമയങ്ങളിൽ ഭരണകക്ഷി അംഗങ്ങൾക്ക് വിപ്പ് നൽകുക എന്നിവയാണ് ചീഫ് വിപ്പിന്റെ കർത്തവ്യം.

ജൂൺ 28-ാം തീയതി വെള്ളിയാഴ്ചയാണ് കാബിനറ്റ് പദവിയോടെ അദ്ദേഹം ചീഫ് വിപ്പായി ചുമതലയേറ്റത്.

നിലവിൽ ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ, മുന്നാക്കക്ഷേമ കോർപ്പറേഷൻ ചെയർമാൻ എന്നിവർക്കാണ് കാബിനറ്റ് പദവി ഉള്ളത്.

## സബ്ജക്ട് കമ്മിറ്റികളും എക്സിക്യൂട്ടീവിന്മേലുള്ള ലെജിസ്ലേച്ചറിന്റെ നിരീക്ഷണവും

(സാമാജികർക്കുള്ള ശില്പശാലയിലെ വിഷയാവതരണത്തിന്റെ പ്രസക്തഭാഗം)

**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

> സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനത്തിൽ അദ്ധ്യക്ഷന്മാരുടെ സമീപനം വളരെ പ്രധാനമാണ്. സർക്കാരിന്റെ നടപടികളിൽ എല്ലാ അംഗങ്ങളെയും പങ്കാളികളാക്കുന്ന തരത്തിലുള്ള വിശാലമായ കാഴ്ചപ്പാട് അദ്ധ്യക്ഷന്റെ ഭാഗത്തുനിന്നുണ്ടാകണം.



കേരള നിയമസഭ ഇന്ത്യൻ പാർലമെന്ററി സംവിധാനത്തിന് നൽകിയ അതുല്യമായ ആശയമാണ് സബ്ജക്ട് കമ്മിറ്റികൾ. ആറാം കേരള നിയമസഭയിൽ സ്പീക്കർ എ.പി. കുര്യൻ സബ്ജക്ട് കമ്മിറ്റികളുടെ ഔദ്യോഗികമായ ഉദ്ഘാടനം നിർവ്വഹിച്ചത് 1980 മാർച്ച് 17 നായിരുന്നു. സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണത്തിലൂടെ സാമ്പത്തികകാര്യങ്ങളിലും നിയമനിർമ്മാണകാര്യങ്ങളിലും സബോർഡിനേറ്റ് ലെജിസ്ലേഷൻ രംഗത്തും നയരൂപീകരണപ്രക്രിയയിലും എക്സിക്യൂട്ടീവിന്മേൽ നിർണ്ണായക സ്വാധീനം ചെലുത്തുവാൻ ലെജിസ്ലേച്ചറിന് അവസരം ലഭിച്ചു. റൂൾ പ്രകാരം ഏതെങ്കിലും ഒരംഗത്തെ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനാക്കുന്നതിൽ തടസ്സമില്ലെങ്കിലും ബന്ധപ്പെട്ട മന്ത്രിമാർ ചെയർമാനാകുന്നതാണ് കൂടുതൽ ഗുണകരമാകുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് അത്തരമൊരു തീരുമാനമെടുത്തിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങളുണ്ടെങ്കിലും കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം ഏറ്റവും തിളക്കമേറിയ നേട്ടമാണ് സബ്ജക്ട് കമ്മിറ്റികൾ എന്നതിൽ സംശയമില്ല.

സബ്ജക്ട് കമ്മിറ്റികളുമായി ബന്ധപ്പെട്ട പ്രത്യേകവിഷയം ചർച്ച ചെയ്യുന്നത് സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും കത്തയച്ചാലും പലപ്പോഴും അതിന് മറുപടിയുണ്ടാകാറില്ല. കേരളനിയമസഭയുടെ നടപടിക്രമം സംബന്ധിച്ച ചട്ടം 235(എ) അനുസരിച്ച് വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രത്യേകവിഷയം ചർച്ച ചെയ്യണമെന്നുണ്ടെങ്കിലും അതിന് അദ്ധ്യക്ഷൻ മുൻകൈയെടുക്കാറില്ല. കമ്മിറ്റികളുടെ അദ്ധ്യക്ഷന്മാർ ഇക്കാര്യം ശ്രദ്ധിക്കണം.

ബജറ്റിന്റെ സൂക്ഷ്മപരിശോധന ശരിയായ നിലയിൽ നടക്കുന്നതിന് അംഗങ്ങൾക്ക് കൃത്യമായ വിവരങ്ങൾ യഥാസമയം നൽകേണ്ടതുണ്ട്. എന്നാൽ ബന്ധപ്പെട്ട വകുപ്പുകൾ ചർച്ചയ്ക്ക് നിശ്ചയിച്ചിട്ടുള്ളതിന്റെ തലേദിവസമാണ് നിയമസഭാസെക്രട്ടേറിയറ്റിന് വിശദാംശങ്ങൾ കൈമാറുന്നത്. തന്മൂലം അംഗങ്ങൾക്ക് ഇതു സംബന്ധിച്ച് കൃത്യമായി മനസ്സിലാക്കി ചർച്ചയിൽ പങ്കെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇക്കാര്യത്തിൽ തീർച്ചയായും ഗുണകരമായ മാറ്റം ആവശ്യമാണ്.

വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയിൽ അംഗങ്ങൾ കൃത്യമായ പഠനം നടത്തി ശിപാർശകൾ നൽകുന്നതിന് ശ്രദ്ധിക്കണം. ബജറ്റിന്റെ സൂക്ഷ്മപരിശോധന തിരക്കുപിടിച്ച് നടത്തുന്ന ഇപ്പോഴത്തെ സംവിധാനത്തിൽ മാറ്റം വരുത്തി ആവശ്യമായ സമയം അനുവദിക്കുന്നകാര്യം പരിഗണിക്കണം. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അഡ്വക്കേറ്റ് ജനറലടക്കമുള്ള നിയമവിദഗ്ദ്ധരെ വിളിച്ചുവരുത്തി അഭിപ്രായം തേടാനുള്ള സൗകര്യങ്ങളുണ്ടെങ്കിലും അത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല.

അദ്ധ്യക്ഷൻ മന്ത്രിയായതുകൊണ്ട് സമയത്തിന്റെ പരിമിതിയുണ്ടെങ്കിലും അത് മറികടന്ന ക്രിയാത്മകമായ ചർച്ചകൾ നടത്തുന്നതിന് അംഗങ്ങളുടെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുണ്ടാകണം.

നിയമം വന്ന് തൊണ്ണൂറ് ദിവസത്തിനുള്ളിൽ ചട്ടങ്ങളുണ്ടാക്കണമെന്ന നിബന്ധനയുണ്ടെങ്കിലും സർക്കാർ അത് കൃത്യമായി പാലിക്കുന്നതായി കാണുന്നില്ല. ചട്ടങ്ങളുടെ കരട് പരിശോധിക്കുന്നതിനുള്ള അധികാരം സബ്ജക്ട് കമ്മിറ്റികൾ കൃത്യമായി വിനിയോഗിക്കുന്നുണ്ടെങ്കിലും ചില വകുപ്പുകൾ ചട്ടങ്ങളുടെ കരട് നൽകാതെ പിന്നീട് സാധൂകരണത്തിനയയ്ക്കുന്ന പ്രവണതയുണ്ട്. അത് നിരുത്സാഹപ്പെടുത്തണം.

സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനത്തിൽ അദ്ധ്യക്ഷന്മാരുടെ സമീപനം വളരെ പ്രധാനമാണ്. സർക്കാരിന്റെ നടപടികളിൽ എല്ലാ അംഗങ്ങളെയും പങ്കാളികളാക്കുന്ന തരത്തിലുള്ള വിശാലമായ കാഴ്ചപ്പാട് അദ്ധ്യക്ഷന്റെ ഭാഗത്തുനിന്നുണ്ടാകണം.

ചീഫ് സെക്രട്ടറിയടക്കം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തുന്നതിനുൾപ്പെടെയുള്ള നിയമപരമായ അധികാരം സബ്ജക്ട് കമ്മിറ്റികൾക്കുണ്ടെങ്കിലും അത് പലപ്പോഴും വിനിയോഗിക്കുന്നതായി കാണുന്നില്ല. ഇക്കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കണം.

സമിതികളുടെ ശിപാർശകൾ സമിതിയുടെ കാലാവധിക്കുള്ളിൽ നടപ്പാക്കുന്നുവെന്ന കാര്യം ഉറപ്പുവരുത്താൻ അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിന് നടപ്പാക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളിൽ നിർബന്ധം പിടിക്കാതെ സർക്കാരിനെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രവർത്തിക്കാൻ സമിതിയംഗങ്ങൾ ശ്രമിക്കണം.

മുൻനിയമസഭാ സെക്രട്ടറി ഡോ.ആർ. പ്രസന്നന്റെ സബ്ജക്ട് കമ്മിറ്റികളെക്കുറിച്ചുള്ള ചിന്തോദ്ദീപകമായ വാക്കുകൾ ഇവിടെ ഉദ്ധരിച്ചുകൊണ്ട് അവസാനിപ്പിക്കട്ടെ.

'ഭരണ നിർവ്വഹണ വിഭാഗത്തിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളെ നിരന്തരമായ പരിശോധനയ്ക്കും നിയന്ത്രണത്തിനും വിധേയമാക്കുവാൻ നമുക്കുള്ളതുപോലെ ഇത്രയേറെ വിപുലമായ സംവിധാനങ്ങളും സജ്ജീകരണങ്ങളുമുള്ള, മറ്റൊരു നിയമസഭയും ഈ മഹാരാജ്യത്തിലില്ല. അനന്യലബ്ധമായ ഈ അധികാരങ്ങളും നിയന്ത്രണോപാധികളും യഥാവിധി പ്രയോഗിച്ചാൽ അതുകൊണ്ടുണ്ടാകുന്ന പ്രയോജനം ഈ നാടിനും മേന്മ നമ്മുടെ നിയമസഭയ്ക്കും ചാരിതാർത്ഥ്യം നിയമസഭാംഗങ്ങൾക്കുമായിരിക്കും.

തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ അവബോധവും ഫലപ്രദമായ വിധത്തിൽ അവ പ്രയോഗിക്കുവാനുള്ള താല്പര്യവും സന്നദ്ധതയും നിയമസഭാംഗങ്ങൾക്ക് ഉണ്ടാകണം- ഉണ്ടായേതീരൂ!.'

## നിയമസഭാ ടി. വി

ലോക്സഭാ ടി. വി, രാജ്യസഭാ ടി. വി എന്നിവ നമ്മുടെ സ്വീകരണ മുറിയിൽ സ്വീകാര്യത നേടിക്കഴിഞ്ഞു. പ്രസ്തുത ചാനലുകളിലൂടെ പാർലമെന്റിന്റെ നടപടികളും അതോടൊപ്പം വിവിധ വിഷയങ്ങളിലുള്ള ചർച്ചകളും ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ സംപ്രേഷണം ചെയ്തുവരുന്നു. കേരള നിയമസഭയുടെ പ്രവർത്തനങ്ങളെയും നിയമനിർമ്മാണങ്ങളുടെ പോസിറ്റീവ് വശങ്ങളെയും എം.എൽ.എ. മാരുടെ പ്രവർത്തനങ്ങളെയും പൊതുജനങ്ങളിലെത്തിക്കുന്നതിനു വേണ്ടിയാണ് നിയമസഭാ ടി.വി/ഓൺലൈൻ സ്ട്രീമിംഗ് പദ്ധതി സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ വിഭാവനം ചെയ്തത്.



സ്വതന്ത്രമായി ഒരു ചാനൽ എന്നത് വളരെ ചെലവേറിയ കാര്യമാണ്. ആയതിനാൽ വിവിധ ചാനലുകളിൽ ആഴ്ചയിൽ രണ്ടു മണിക്കൂർ എന്ന രീതിയിൽ ടൈംസ്ലോട്ട് ലഭ്യമാക്കി സംപ്രേഷണം ചെയ്യണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. നിയമസഭാ നടപടികൾ അതേപടി നിയമസഭയുടെ വെബ്സൈറ്റിൽ വെബ്കാസ്റ്റ് ചെയ്യുന്നുണ്ട്. ചോദ്യോത്തരവേള ലൈവായി സംപ്രേഷണം ചെയ്യാൻ എല്ലാ ചാനലുകൾക്കും അനുവാദവും അതിനുള്ള സാങ്കേതിക സഹായവും നൽകിയിട്ടുണ്ട്. നിയമസഭാ സമ്മേളനം നടക്കുന്ന അവസരത്തിൽ ആ സമ്മേളനത്തിൽ കൈക്കൊള്ളുന്ന നിയമനിർമ്മാണങ്ങളും അതുപോലുള്ള പ്രധാനപ്പെട്ട നടപടിക്രമങ്ങളും അവലോകനം ചെയ്തുകൊണ്ട് ചർച്ചകൾ നടത്താനും ഒരു നിയമത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെങ്കിൽ അതിൽ തൽപരരായവർക്കും അതോടൊപ്പം പ്രസ്തുത നിയമത്തിന്റെ ഗുണഭോക്താക്കളായ വിഭാഗങ്ങൾക്കും കൂടുതൽ ശ്രദ്ധ നൽകിക്കൊണ്ട് പരിപാടികൾ തയ്യാറാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഭരണഘടനയ്ക്കും അതിന്റെ മൂല്യങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് ജനങ്ങളിൽ ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കുക, ആധുനിക സമൂഹമാകാൻ മുന്നോട്ടു കുതിക്കുന്ന കേരളത്തിന് വികസന ആശയങ്ങൾ ഏകുക, സമൂഹ മാധ്യമങ്ങളെ ആശ്രയിക്കുന്ന യുവ തലമുറയ്ക്ക് ജനാധിപത്യ വ്യവസ്ഥകളിൽ താൽപര്യം ജനിപ്പിക്കുന്ന രീതിയിലുള്ള പരിപാടികൾ സംപ്രേഷണം ചെയ്യുക എന്നിവയാണ് നിയമസഭാ ടി.വി.യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

കേരള നിയമസഭയുടെയും നിയമസഭാ കമ്മിറ്റികളുടെയും സമയോചിതമായ ഇടപെടൽ മൂലം നാടിനും സമൂഹത്തിനുമുണ്ടാകുന്ന പുരോഗമനപരമായ മാറ്റങ്ങളും ഭരണഘടനയുടെ അന്തഃസത്തയും അതിനനുസൃതമായുള്ള മൂല്യങ്ങളെയും വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും ചർച്ചകളും അനുബന്ധ പരിപാടികളും സഭാ ടി.വി.യിൽ ഒരുക്കുന്നതാണ്. സമകാലിക സംഭവങ്ങളെ വികസന പരിപ്രേക്ഷ്യത്തിലൂടെ ചിന്തകരും സംഘടനാ പ്രവർത്തകരും സാമൂഹ്യശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും മറ്റും വിലയിരുത്തുന്ന പരിപാടികൾ ടെലിവിഷനിൽ കാണുന്ന സാധാരണ പൗരന് ജനാധിപത്യത്തിലും അതിന്റെ അനന്തമായ സാധ്യതകളിലും കൂടുതൽ വിശ്വാസവും അതിലൂടെ ഭരണത്തിനാകെ തന്നെ കൂടുതൽ സുതാര്യതയും കൈവരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ടി. വി. ചാനലിൽ പരിപാടികൾ തയ്യാറാക്കുന്നതോടൊപ്പം യൂട്യൂബ് പോലുള്ള മാധ്യമങ്ങളിൽ ഓൺലൈൻ സ്ട്രീമിംഗ് തുടങ്ങുന്നതും നിയമസഭാ ടി. വി. എന്നതിന്റെ വിശാലാർത്ഥത്തിൽ ഉൾപ്പെടുന്നു.

സംപ്രേഷണം ചെയ്യാനുള്ള പ്രോഗ്രാമുകളുടെ ഉള്ളടക്കം നിശ്ചയിക്കുന്നതിനുള്ള കണ്ടന്റ് ഡവലപ്മെന്റ് കമ്മിറ്റി വീണാ ജോർജ് എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ.മാരെയും പ്രശസ്ത മാധ്യമ പ്രവർത്തകരെയും ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാന നിയമസഭകൾ പ്രത്യേക ടി. വി. ചാനലുകൾ ആരംഭിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് 2008ൽ ലോക്സഭാ സെക്രട്ടേറിയറ്റ് ആവശ്യപ്പെട്ടിരുന്നു. സബ്ജക്ട് കമ്മിറ്റിയുടെ രൂപീകരണവും പ്രവർത്തനവും പോലെ നിയമസഭാ ടി. വി. എന്ന സംരംഭത്തിനും കേരള നിയമസഭയിലൂടെ തുടക്കമാകുന്നു.

## പതിനേഴാം ലോക്സഭ

# വിധിയെഴുതി ഭാരതം

കാസർഗോഡ് | കണ്ണൂർ | വടകര | വയനാട് | കോഴിക്കോട് | മലപ്പുറം | പൊന്നാനി | പാലക്കാട് | ആലത്തൂർ | തൃശ്ശൂർ



രാജ്മോഹൻ ഉണ്ണിത്താൻ | കെ.സുധാകരൻ | കെ.മുരളീധരൻ | രാഹുൽഗാന്ധി | എം.കെ.രാഘവൻ | പി.കെ.കുഞ്ഞാലിക്കുട്ടി | ഇ.ടി.മുഹമ്മദ് ബഷീർ | വി.കെ.ശ്രീകണ്ഠൻ | രമ്യാ ഹരിദാസ് | ടി.എൻ.പ്രതാപൻ

ചാലക്കുടി | എറണാകുളം | ഇടുക്കി | കോട്ടയം | മാവേലിക്കര | പത്തനംതിട്ട | കൊല്ലം | ആറ്റിങ്ങൽ | തിരുവനന്തപുരം | ആലപ്പുഴ



ബെന്നി ബെഹനാൻ | ഹൈബി ഈഡൻ | ഡീൻ കുര്യാക്കോസ് | തോമസ് ചാഴികാടൻ | കൊടിക്കുന്നിൽ സുരേഷ് | ആന്റോ ആന്റണി | എൻ.കെ.പ്രേമചന്ദ്രൻ | അടൂർ പ്രകാശ് | ശശി തരൂർ | എ.എം.ആരിഫ്

29 സംസ്ഥാനങ്ങളിലും 7 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 542 ലോക്സഭാമണ്ഡലങ്ങളിൽ 2011 ഏപ്രിൽ 11 മുതൽ മേയ് 19 വരെ ഏഴ് ഘട്ടങ്ങളിലായാണ് പതിനേഴാം ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നത്. ഏകദേശം 90 കോടി സമ്മതിദായകർ അവരുടെ വോട്ടവകാശം വിനിയോഗിച്ചു (പോളിംഗ് 77.68%). ബീഹാർ, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ 7 ഘട്ടങ്ങളിലും വോട്ടെടുപ്പ് നടന്നു. ആകെയുള്ള 543 മണ്ഡലങ്ങളിൽ തമിഴ്നാട്ടിലെ വെല്ലൂരിൽ പ്രാദേശിക പാർട്ടിയായ ഡി.എം.കെ. നേതാക്കളിൽ നിന്ന് 11 കോടി രൂപ കണ്ടെടുത്ത കാരണത്താൽ തെരഞ്ഞെടുപ്പ് മാറ്റിവച്ചിരുന്നു. വോട്ടെണ്ണൽ ദിവസമായ മേയ് 23 ന് ഫലം പ്രഖ്യാപിക്കുകയും ചെയ്തു. ഇന്ത്യയിൽ ഇതാദ്യമായാണ് തെരഞ്ഞെടുപ്പിൽ എല്ലാ മണ്ഡലങ്ങളിലും VVPAT (Voter - Verified Paper Audit Trail ) മെഷീൻ ഉപയോഗിക്കുന്നത്. പതിനാറാം ലോക്സഭാ തെരഞ്ഞെടുപ്പിൽ എട്ട് മണ്ഡലങ്ങളിൽ മാത്രമായിരുന്നു VVPAT ഉപയോഗിച്ചിരുന്നത്.

പതിനേഴാം ലോക്സഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഭാരതീയ ജനതാ പാർട്ടി നേതൃത്വം നൽകുന്ന ദേശീയ ജനാധിപത്യ സഖ്യം (എൻ.ഡി.എ.) 353 സീറ്റ് നേടി. കേവല ഭൂരിപക്ഷത്തിനു 272 സീറ്റ് മതിയെന്നിരിക്കെ 303 സീറ്റ് ബി.ജെ.പി. ഒറ്റയ്ക്ക് നേടി. പ്രധാന പ്രതിപക്ഷ കക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് 52 സീറ്റ് മാത്രമാണ് ലഭിച്ചത്. ഔദ്യോഗിക പ്രതിപക്ഷമാകാനുള്ള 55 സീറ്റ് (10%) നേടാൻ കോൺഗ്രസിനു കഴിഞ്ഞില്ല.

2014 ലെ തെരഞ്ഞെടുപ്പ് വിജയത്തേക്കാൾ നേട്ടത്തോടെയാണ് ബി.ജെ.പി. അധികാരത്തുടർച്ച നേടിയത്. തുടർച്ചയായി രണ്ടാം തവണയും അധികാരത്തിലെത്തുന്ന ആദ്യ കോൺഗ്രസിതര സർക്കാരാണ് നരേന്ദ്ര മോദി നേതൃത്വം നൽകുന്ന എൻ.ഡി.എ. ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും മാത്രമാണ് അധികാരത്തിലിരിക്കെ വീണ്ടും പാർട്ടിയെ കേവല ഭൂരിപക്ഷത്തിലേറെ സീറ്റോടെ വിജയിപ്പിച്ചത്.

കോൺഗ്രസ് കേരളത്തിലും പഞ്ചാബിലും മികച്ച വിജയമാണ് നേടിയത്. രണ്ട് സീറ്റുകളിൽ മത്സരിച്ച കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി ഉത്തർപ്രദേശിലെ അമേഠിയിൽ കേന്ദ്ര മന്ത്രി സ്മൃതി ഇറാനിയോട് 45,327 വോട്ടിന് പരാജയപ്പെട്ടു. കേരളത്തിലെ വയനാട്ടിൽ 4,31,770 എന്ന റിക്കാർഡ് ഭൂരിപക്ഷം രാഹുൽ നേടി. കേരളത്തിലെ എക്കാലത്തെയും ഉയർന്ന ഭൂരിപക്ഷമാണിത്. എൻ.ഡി.എ.യ്ക്ക് കേരളത്തിൽ ഒരു സീറ്റുപോലും നേടാനായില്ല.

ഗുജറാത്ത്, രാജസ്ഥാൻ, ഡൽഹി, ഉത്തരാഖണ്ഡ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ ബി.ജെ.പി. നൂറ് ശതമാനം വിജയം സ്വന്തമാക്കി. ഇടതുപാർട്ടികൾക്ക് ബംഗാൾ, ത്രിപുര എന്നീ പരമ്പരാഗത തട്ടകങ്ങളിൽ ഒരു സീറ്റു പോലും നേടാനായില്ല. തമിഴ്നാട്ടിൽ നിന്ന് സി.പി.എം.നും സി.പി.ഐ.ക്കും രണ്ടു സീറ്റ് വീതം ലഭിച്ചു. ബംഗാളിൽ തൃണമൂൽ കോൺഗ്രസിന്റെ ആധിപത്യത്തിന് വലിയ വെല്ലുവിളി ഉയർത്തിയ ബി.ജെ.പി. 2 സീറ്റിൽ നിന്ന് 18 സീറ്റിലേക്ക് വളർന്നു. ബീഹാറിൽ എൻ.ഡി.എ. മുന്നേറ്റം ബി.ജെ.പി.യുടെ വൻനേട്ടമെന്നതിനേക്കാൾ പ്രതിപക്ഷ കൂട്ടായ്മയായ മഹാസഖ്യത്തിന്റെ വൻതകർച്ചയ്ക്ക് കാരണമായി. രാജ്യത്തെ ഏറ്റവും കൂടുതൽ ലോക്സഭാ സീറ്റുകളുള്ള

### കക്ഷിനില

| എൻ.ഡി.എ. | - 353 | യു.പി.എ. | - 92 |
|---|---|---|---|
| ബി.ജെ.പി. | - 303 | കോൺഗ്രസ് | - 52 |
| ശിവസേന | - 18 | ഡി.എം.കെ. | - 23 |
| ജനതാദൾ (യു) | - 16 | എൻ.സി.പി. | - 5 |
| എൽ.ജെ.പി. | - 6 | മുസ്ലീംലീഗ് | - 3 |
| ശിരോമണി അകാലിദൾ | - 2 | നാഷണൽ കോൺഫറൻസ് | - 3 |
| എ.ഐ.എ.ഡി.എം.കെ. | - 1 | ജനതാദൾ (എസ്) | - 1 |
| എ.ജെ.എസ്.യു. | - 1 | ജെ.എം.എം. | - 1 |
| എൻ.ഡി.പി. | - 1 | കേരള കോൺഗ്രസ് (എം) | - 1 |
| എം.എൻ.എഫ്. | - 1 | വി.സി.കെ. | - 1 |
| മറ്റുള്ളവർ | - 4 | മറ്റുള്ളവർ | - 2 |

### മറ്റുകക്ഷികൾ

| | |
|---|---|
| തൃണമൂൽ കോൺഗ്രസ് | -22 |
| വൈ.എസ്.ആർ. കോൺഗ്രസ് | -22 |
| ബി.ജെ.ഡി. | -12 |
| ബി.എസ്.പി. | - 10 |
| റ്റി.ആർ.എസ്. | - 9 |
| എസ്.പി. | - 5 |
| സി.പി.എം. | - 3 |
| തെലുഗുദേശം | - 3 |
| സി.പി.ഐ. | - 2 |
| മജ്‌ലിസ് പാർട്ടി | - 2 |
| ആം ആദ്മി | - 1 |
| എൻ.പി.എഫ്. | - 1 |
| നാഷണൽ പീപ്പിൾസ് പാർട്ടി | - 1 |
| ആർ.എസ്.പി. | - 1 |
| എസ്.കെ.എം. | - 1 |
| എ.ഐ.യു.ഡി.എഫ്. | - 1 |
| മറ്റുള്ളവർ | - 1 |

ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടി - ബഹുജൻ സമാജ് പാർട്ടി - രാഷ്ട്രീയ ലോക്ദൾ (SP-BSP-RLD) എന്നീ കക്ഷികൾ രൂപം നൽകിയ പ്രതിപക്ഷ സഖ്യത്തിനു ബി.ജെ.പി.യുടെ തേരോട്ടം തടയാൻ കഴിഞ്ഞില്ല.

വനിതാ അംഗങ്ങളുടെ കാര്യത്തിൽ പതിനേഴാം ലോക്സഭ ചരിത്രമെഴുതി. 78 വനിതാ അംഗങ്ങളാണ് ഇക്കുറി പാർലമെന്റിലെത്തിയത്. സഭാ ചരിത്രത്തിലെ ഏറ്റവും വലിയ വനിതാ സാന്നിധ്യമാണിത്. ഉത്തർപ്രദേശിൽ നിന്നും ബീഹാറിൽ നിന്നും 11 വീതം വനിതകളാണ് ഇക്കുറി ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 724 വനിതാ സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ടായിരുന്നു.

പ്രധാനമന്ത്രി നരേന്ദ്രമോദി ഉത്തർപ്രദേശിലെ വാരാനസിയിൽ നിന്ന് 4,79,505 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ സമാജ്‌വാദി പാർട്ടി സ്ഥാനാർത്ഥി ശാലിനി യാദവിനെ പരാജയപ്പെടുത്തി. പതിനേഴാം ലോക്സഭയിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷം ലഭിച്ചത് ബി.ജെ.പി.യിലെ സി.ആർ.പാട്ടീലിനാണ്. ദക്ഷിണ ഗുജറാത്തിലെ നവസാരി മണ്ഡലത്തിൽ 6,89,688 വോട്ടിന്റെ ഭൂരിപക്ഷമാണ് അദ്ദേഹത്തിന് ലഭിച്ചത്. ഏറ്റവും കുറവ് ഭൂരിപക്ഷം യു.പി. മച്ചിലിശഹർ സ്ഥാനാർത്ഥി ബോലാനാഥിനാണ് (181 വോട്ട്) .

## 2019 ലോക്സഭാ തെരഞ്ഞെടുപ്പ് കേരളത്തിൽ

കേരളത്തിൽ കോൺഗ്രസ് നേതൃത്വം നൽകുന്ന ഐക്യ ജനാധിപത്യ മുന്നണി (യു.ഡി.എഫ്.) 20 ൽ 19 സീറ്റ് നേടി. ഇടതു പക്ഷ ജനാധിപത്യ മുന്നണി(എൽ.ഡി.എഫ്.)യുടെ വിജയം ആലപ്പുഴ മണ്ഡലത്തിൽ ഒതുങ്ങി. 16 നിയമസഭാ മണ്ഡലങ്ങളിൽ മാത്രമായിരുന്നു ഇടതുമുന്നേറ്റം ഉണ്ടായത്. 123 മണ്ഡലങ്ങൾ യു.ഡി.എഫിനൊപ്പം നിന്നു. കേരളത്തിലെ മൊത്തം പോളിംഗ് 77.6 ശതമാനം. കണ്ണൂർ ലോക്സഭാ മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പോളിംഗ് നടന്നത് (83%). ഏറ്റവും കുറവ് തിരുവനന്തപുരം മണ്ഡലത്തിലും (73%).

ഒരിടത്തും വിജയിക്കാനായില്ലെങ്കിലും വയനാടൊഴികെയുള്ള മണ്ഡലങ്ങളിൽ എൻ.ഡി.എ.യുടെ വോട്ട് വർദ്ധിച്ചു. വയനാട്ടിൽ രാഹുൽ ഗാന്ധിക്ക് 4,31,770 വോട്ടിന്റെ റിക്കാർഡ് ഭൂരിപക്ഷം ലഭിച്ചു. ഒൻപത് യു.ഡി.എഫ്. സ്ഥാനാർത്ഥികൾക്ക് ഒരു ലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷമാണ് ലഭിച്ചത്. അടിയന്തരാവസ്ഥയ്ക്ക് ശേഷം 1977 ൽ നടന്ന തെരഞ്ഞെടുപ്പിൽ മുഴുവൻ സീറ്റുകളിലും വിജയിച്ചശേഷം കേരളത്തിൽ ഇപ്പോഴാണ് കോൺഗ്രസ് മുന്നണി ഇത്രയധികം സീറ്റുകൾ നേടുന്നത്. കേരളത്തിൽ യു.ഡി.എഫ് 47.34% വോട്ട് നേടിയപ്പോൾ എൽ.ഡി.എഫ് 31.15% വോട്ടും ബി.ജെ.പി. 15.56% വോട്ടും നേടി.

എറണാകുളം കളമശ്ശേരിയിലെ 83-ാം നമ്പർ ബൂത്തിൽ പോൾ ചെയ്ത 715 വോട്ടിനേക്കാൾ 43 വോട്ടുകൾ അധികം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ കണ്ടെത്തിയതിനാൽ 83-ാം നമ്പർ ബൂത്തിൽ റീ-പോളിംഗ് നടത്തേണ്ടി വന്നു. മോക്ക് പോളിൽ രേഖപ്പെടുത്തിയ വോട്ടുകൾ നീക്കം ചെയ്യാൻ ഉദ്യോഗസ്ഥർ വിട്ടുപോയതിനെ തുടർന്നായിരുന്നു അധികവോട്ട് രേഖപ്പെടുത്തപ്പെട്ടത്. കള്ളവോട്ട് നടന്നതായി തെളിഞ്ഞതിനെ തുടർന്ന് കാസർഗോഡ് മണ്ഡലത്തിലെ നാല് ബൂത്തുകളിലും കണ്ണൂരിലെ മൂന്ന് ബൂത്തുകളിലും മേയ് 19 ന് റീ-പോളിംഗ് നടന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് കള്ളവോട്ട് നടന്നതിന്റെ പേരിൽ റീ-പോളിംഗ് നടന്നത്. 1951 ലെ ജനപ്രാതിനിധ്യ നിയമം 58-ാം വകുപ്പ് പ്രകാരമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ റീ-പോളിംഗ് പ്രഖ്യാപിച്ചത്.

മത്സരിച്ച ഒൻപത് സിറ്റിംഗ് എം.എൽ.എ.മാരിൽ യു.ഡി.എഫിലെ മൂന്നും എൽ.ഡി.എഫിലെ ഒരാളും പാർലമെന്റിൽ ഇടം നേടി. അടൂർ പ്രകാശ്, കെ.മുരളീധരൻ, ഹൈബി ഈഡൻ എന്നിവരാണ് എം.പി. മാരായി തെരഞ്ഞെടുക്കപ്പെട്ട യു.ഡി.എഫ്. എം.എൽ.എ.മാർ. ആലപ്പുഴയിൽ നിന്നും മത്സരിച്ച സിറ്റിംഗ് എം.എൽ.എ. എ.എം.ആരിഫ് മാത്രമാണ് ഇടതുപക്ഷത്തുനിന്ന് പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.സംസ്ഥാനത്തെ ഇരുപത് ലോക്സഭാ മണ്ഡലങ്ങളിൽ പതിമൂന്നിലും 'നോട്ട' നാലാം സ്ഥാനത്താണ്. മഞ്ചേശ്വരം, പാലാ നിയമസഭാ മണ്ഡലങ്ങൾക്കു പുറമേ സിറ്റിംഗ് എം.എൽ.എ.മാർ വിജയിച്ച അരൂർ, കോന്നി, വട്ടിയൂർക്കാവ്, എറണാകുളം എന്നീ നിയമസഭാ മണ്ഡലങ്ങളിലും ഒഴിവുകൾ വരും.

ആലത്തൂരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രമ്യാ ഹരിദാസ് കേരളത്തിൽ നിന്ന് ലോക്സഭയിൽ എത്തുന്ന ഒൻപതാമത്തെ വനിതയാണ്. ആനി മസ്ക്രീൻ, സുശീല ഗോപാലൻ, ഭാർഗവി തങ്കപ്പൻ, സാവിത്രി ലക്ഷ്മണൻ, എ.കെ.പ്രേമജം, പി.സതീദേവി, സി.എസ്.സുജാത, പി.കെ.ശ്രീമതി എന്നിവരാണ് മുൻപ് കേരളത്തിൽ നിന്ന് ലോക്സഭയിലെത്തിയ വനിതകൾ. ഇത്തവണ തെരഞ്ഞെടുപ്പിൽ കേരളത്തിൽ നിന്നുള്ള എം.പി.മാരിൽ ഏറ്റവും പ്രായം കൂടിയ വ്യക്തി ഇ.ടി. മുഹമ്മദ് ബഷീറും ഏറ്റവും പ്രായം കുറഞ്ഞ അംഗം രമ്യാ ഹരിദാസുമാണ്.

കേരളത്തിൽ നിന്നും ഏറ്റവുമധികം തവണ ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വ്യക്തി എന്ന റിക്കാർഡിന് കൊടിക്കുന്നിൽ സുരേഷ് കൂടി അർഹനായി. അദ്ദേഹത്തിന്റെ ഏഴാം വിജയമാണിത്. മുസ്ലീം ലീഗ് നേതാക്കളായിരുന്ന ജി.എം. ബനാത്‌വാല, ഇബ്രാഹിം സുലൈമാൻ സേട്ട് എന്നിവർ ഏഴ് തവണ വീതം ലോക്സഭയിൽ എത്തിയിട്ടുണ്ട്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# ഇനി ഇന്ദ്രപ്രസ്ഥത്തിലേക്ക്

പതിനേഴാം ലോക്സഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച നാല് നിയമസഭാംഗങ്ങൾ കേരള നിയമസഭയിലെ അംഗത്വം രാജിവച്ചു.



## അടൂർ പ്രകാശ്

വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. കെ.എസ്.യു(ഐ) കൊല്ലം ജില്ലാ കമ്മിറ്റി പ്രസിഡന്റ്, സംസ്ഥാന കമ്മിറ്റി വൈസ് പ്രസിഡന്റ്, യൂത്ത് കോൺഗ്രസ്(ഐ) കൊല്ലം ജില്ലാ കമ്മിറ്റി ജനറൽ സെക്രട്ടറി, പത്തനംതിട്ട ജില്ലാ പ്രസിഡന്റ്, സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി, പത്തനംതിട്ട ഡി.സി.സി(ഐ) വൈസ് പ്രസിഡന്റ്, കെ.പി.സി.സി(ഐ) അംഗം, കെ.പി.സി.സി(ഐ) ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

5.9.2004 മുതൽ 12.5.2006 വരെ ഭക്ഷ്യവും സിവിൽ സപ്ലൈസും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ്, 23.5.2011 മുതൽ 11.4.2012 വരെ ആരോഗ്യവും കയറും മലിനീകരണ നിയന്ത്രണവും വകുപ്പ്, 12.4.2014 മുതൽ 20.5.2016 വരെ റവന്യൂവും കയറും ലീഗൽ മെട്രോളജിയും വകുപ്പ് എന്നിവയുടെ മന്ത്രിയായിരുന്നു. 1996, 2001, 2006, 2011, 2016 വർഷങ്ങളിൽ കോന്നി നിയോജകമണ്ഡലത്തിൽ നിന്ന് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ലോക്സഭയിലേയ്ക്ക് ആദ്യ മത്സരം. പതിനേഴാം ലോക്സഭയിലേയ്ക്ക് കോൺഗ്രസ് സ്ഥാനാർത്ഥിയായി ആറ്റിങ്ങൽ മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടതിനാൽ 2019 മേയ് 29-ാം തീയതി കേരള നിയമസഭയിലെ അംഗത്വം രാജിവച്ചു.



## എ. എം. ആരിഫ്

എസ്.എഫ്.ഐ. യിലൂടെ രാഷ്ട്രീയത്തിലേയ്ക്ക് കടന്നു വന്നു. എസ്.എഫ്.ഐ. ആലപ്പുഴ ജില്ലാ സെക്രട്ടറി, സംസ്ഥാന കമ്മിറ്റി അംഗം, മൂന്ന് തവണ കേരള യൂണിവേഴ്സിറ്റി സെനറ്റ് അംഗം എന്നീ നിലകളിലും 1996 മുതൽ സി.പി.ഐ.(എം) ആലപ്പുഴ ജില്ലാ കമ്മിറ്റിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. 2006, 2011, 2016 എന്നീ വർഷങ്ങളിൽ അരൂരിൽ നിന്ന് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പതിനാലാം കേരള നിയമസഭയിലെ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയർമാൻ ആയിരുന്നു.

ലോക്സഭയിലേയ്ക്ക് കന്നി മത്സരം. ആലപ്പുഴ മണ്ഡലത്തിൽ നിന്ന് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നുള്ള ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ 2019 മേയ് 31-ാം തീയതി കേരള നിയമസഭയിലെ അംഗത്വം രാജിവച്ചു.



## ഹൈബി ഈഡൻ

കെ.എസ്.യു. എറണാകുളം ജില്ലാ പ്രസിഡന്റ്, നാഷണൽ സ്റ്റുഡന്റ്സ് യൂണിയൻ ഓഫ് ഇന്ത്യ ദേശീയ അദ്ധ്യക്ഷൻ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 2013 ൽ സിംഗപ്പൂർ ഹൈക്കമ്മീഷനിലേയ്ക്കുള്ള ബഹുകക്ഷി പ്രതിനിധിസംഘത്തിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രതിനിധിയായി പങ്കെടുത്തു. മുൻ നിയമസഭാംഗമായിരുന്ന ജോർജ് ഈഡന്റെ മകൻ. 2011 ലും 2016 ലും എറണാകുളം നിയോജകമണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം.

ലോക്സഭയിലേയ്ക്ക് ആദ്യ മത്സരം. കോൺഗ്രസ് സ്ഥാനാർത്ഥിയായി എറണാകുളം മണ്ഡലത്തിൽ നിന്ന് ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാൽ 2019 മേയ് 31-ാം തീയതി നിയമസഭാംഗത്വം രാജിവച്ചു.



## കെ. മുരളീധരൻ

കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 11.2.2004 മുതൽ 15.5.2004 വരെ സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്നു. 2011 ലും 2016 ലും കേരള നിയമസഭയിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ നിന്നുള്ള അംഗമായി. പതിമൂന്നാം കേരള നിയമസഭയിൽ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ആയിരുന്നു.

1989, 1991, 1999 എന്നീ വർഷങ്ങളിൽ കോഴിക്കോട് നിന്ന് ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് സ്ഥാനാർത്ഥിയായി വടകരയിൽ നിന്ന് പതിനേഴാം ലോക്സഭയിലേയ്ക്ക് മത്സരിച്ച് വിജയിച്ചതിനാൽ 2019 മേയ് 29-ാം തീയതി നിയമസഭാംഗത്വം രാജിവച്ചു.




ചീഫ് എഡിറ്ററോടൊപ്പം അറിവോരത്തിന്റെ പ്രവർത്തകർ

## ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ



### ഇളമ്പ ഹയർസെക്കന്ററി പ്രതിഭാസംഗമം

ഭരണഘടനയും നിയമവാഴ്ചയും അംഗീകരിച്ചും പാലിച്ചും കൊണ്ടുമാത്രമേ നമുക്ക് മികച്ച സമൂഹമായി വളരാൻ സാധിക്കുകയുള്ളൂവെന്നും വിദ്യാർത്ഥികൾ ഈ യാഥാർത്ഥ്യം ഉൾക്കൊള്ളണമെന്നും ഡെപ്യൂട്ടി സ്പീക്കർ വി.ശശി. 2019 ജൂലൈ 5-ാം തീയതി ഇളമ്പ ഹയർ സെക്കന്ററി പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തദവസരത്തിൽ ജി.ജി. ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രഭാതഭക്ഷണ പദ്ധതിയും യാഥാർത്ഥ്യമായി. മികച്ച വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡലുകളും അവാർഡുകളും വിതരണം ചെയ്തു.

## സഭയോടൊപ്പം സർഗ്ഗാത്മകമായ രണ്ടര വർഷങ്ങൾ

നിയമസഭാസെക്രട്ടറിയും 'അറിവോരം' വാർത്താപത്രികയുടെ ആദ്യ ചീഫ് എഡിറ്ററുമായ വി.കെ.ബാബുപ്രകാശ് മെയ് 31ന് സർവ്വീസിൽ നിന്ന് വിരമിച്ചു. കൊല്ലം ലേബർ കോടതിയിൽ ജില്ലാ ജഡ്ജി ആയിരിക്കേയാണ് നിയമസഭാ സെക്രട്ടറിയായി 2016 ഒക്ടോബർ 17 ന് ചുമതലയേറ്റത്. 'കേരള നിയമസഭ - നടപടിക്രമവും കീഴ്‌വഴക്കങ്ങളും' എന്ന റഫറൻസ് ഗ്രന്ഥം അദ്ദേഹത്തിന്റെ കാലയളവിലാണ് പ്രസിദ്ധീകരിച്ചത്. കേരള നിയമസഭയുടെ ഔദ്യോഗിക വാർത്താപത്രിക 'അറിവോരം', നിയമസഭാ ജീവനക്കാർക്കു വേണ്ടിയുള്ള 'മൊഴി' ലിറ്റിൽ മാഗസിൻ എന്നിവയും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പ്രസിദ്ധീകരിച്ചത്. നല്ലൊരു വായനക്കാരനും മികച്ച വാഗ്മിയുമാണ്. കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ അന്താരാഷ്ട്ര പ്രസിദ്ധീകരണമായ 'ദ പാർലമെന്റേറിയനി'ൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദിനപത്രങ്ങളിലും ലാ-ജേർണലുകളിലും നിയമസംബന്ധമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഭഗത്സിംഗിന്റെ വിചാരണ' എന്ന ഗ്രന്ഥം രചിച്ചിട്ടുണ്ട്.

സഭയോടൊപ്പം ചെലവഴിച്ച സർഗ്ഗാത്മകമായ രണ്ടര വർഷങ്ങൾ വേറിട്ട ഒരനുഭവമായിരുന്നുവെന്ന് 'അറിവോര'ത്തിന് അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. ഗൗരവമായ വായനയെ നിയമസഭാജീവനക്കാരിലേക്കും ജീവനക്കാരെ എഴുത്തിലേയ്ക്കും വായനയിലേയ്ക്കും വഴി നടത്തിയ അപൂർവ്വം സെക്രട്ടറിമാരിലൊരാളായിരുന്നു വി.കെ. ബാബുപ്രകാശ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലും മുഖാമുഖ വർത്തമാനങ്ങളിലും കാമുവും, കാഫ്കയും, കാൽവിനോയും, കടമ്മനിട്ടയും പതിവുകാരായിരുന്നു. എഴുത്തിന്റേയും വായനയുടേയും സാന്ദ്രമായ ഒരു ധ്യാനത്തിലേക്ക് അദ്ദേഹം മടങ്ങിപ്പോയി. മുഖപുസ്തകത്തിന് താൽക്കാലികമായി അവധി പറഞ്ഞ് അദ്ദേഹം ഇങ്ങനെ എഴുതി 'I need a cooling - off ........ withdrawing to the cocoon....'.

ആലപ്പുഴ എസ്.എൽ.പുരം വരകാടി വേലിക്കകം കുടുംബാംഗമാണ്. 'ദേശാഭിമാനി' വാരികയുടെ പത്രാധിപരും സംഗീത നാടക അക്കാദമി സെക്രട്ടറിയുമായിരുന്ന എം.എൻ. കുറുപ്പിന്റെ മകനാണ്.

നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശിന്റെ വിരമിക്കൽ സംബന്ധിച്ച് മേയ് മാസം 29-ാം തീയതി, സഭയിൽ സ്പീക്കർ പ്രത്യേക പരാമർശം നടത്തി.

നിയമസഭാ സെക്രട്ടറി വിരമിച്ചതിനെത്തുടർന്ന് സ്പെഷ്യൽ സെക്രട്ടറി സി.ജോസിന് നിയമസഭാ സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല നൽകി. 2019 ജൂൺ 1 -ാം തീയതി അദ്ദേഹം ചുമതലയേറ്റു. സി.ജോസ് 21.01.1991 ലാണ് സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ചത്.



സി.ജോസ്

# സുതാര്യത ഉറപ്പാക്കാൻ വിവിപാറ്റ്




ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഭാരതത്തിൽ പൗരന്റെ സമ്മതിദാനാവകാശത്തിന് വിലമതിക്കാനാകാത്ത പ്രാധാന്യമുണ്ടെന്ന വസ്തുത മുൻനിറുത്തി തെരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് Electronic Voting Machine (EVM), Voter- Verified Paper Audit Trail (VVPAT) എന്നീ സംവിധാനങ്ങൾ ആവിഷ്കരിച്ചത്. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ജനങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കാനുള്ള സംവിധാനമാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനെങ്കിൽ വോട്ടെടുപ്പിന്റെ സുതാര്യത ഉറപ്പാക്കുന്നതിനാണ് വിവിപാറ്റ് ആവിഷ്കരിച്ചത്.

സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനായി രാജ്യത്ത് 2004 വരെ ബാലറ്റ് പേപ്പറായിരുന്നു ഉപയോഗിച്ചിരുന്നത്. 1982 ൽ എറണാകുളം ജില്ലയിലെ പറവൂർ ഉപതെരഞ്ഞെടുപ്പിലാണ് രാജ്യത്ത് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ആദ്യമായി ഉപയോഗിച്ചു തുടങ്ങിയത്. എന്നാൽ ഇത് പിന്നീട് അസാധുവാക്കുകയും വീണ്ടും ബാലറ്റ് പേപ്പർ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. തെരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ ഉപയോഗം 1989 ൽ നിയമപരമായി പ്രാബല്യത്തിൽ കൊണ്ടു വന്നു. 2001 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചു. 2005 ലെ പൊതുതെരഞ്ഞെടുപ്പുമുതൽ ഇന്ത്യയിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ ഉപയോഗം വ്യാപകമായി. നിയന്ത്രണ യൂണിറ്റ്, ബാലറ്റ് യൂണിറ്റ് എന്നിവ അടങ്ങിയ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ സമ്മതിദായകന് താത്പര്യമുള്ള സ്ഥാനാർത്ഥിയുടെ പേരിനും ചിഹ്നത്തിനും നേരെയുള്ള ബട്ടൺ അമർത്തി വോട്ടവകാശം വിനിയോഗിക്കാം. ഒരിക്കൽ വോട്ടവകാശം വിനിയോഗിച്ചു കഴിഞ്ഞാൽ പിന്നീട് എത്ര ശ്രമിച്ചാലും രേഖപ്പെടുത്തിയ വോട്ട് മാറ്റുന്നതിനോ മറ്റൊരു വോട്ട് രേഖപ്പെടുത്തുന്നതിനോ കഴിയുകയില്ല.

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനോടൊപ്പം ഘടിപ്പിക്കുന്ന പ്രത്യേക തരം പ്രിന്റർ ആണ് വിവിപാറ്റ്. ഇത് വോട്ടിങ്ങ് യന്ത്രത്തിന്റെ വിശ്വാസ്യത ഉറപ്പാക്കി വോട്ടെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നു. വോട്ട് ചെയ്യുമ്പോൾ വിവിപാറ്റിൽ അത് ഒരു കടലാസ്സ് സ്ലിപ്പിൽ അച്ചടിച്ചു വരികയും വോട്ടർക്ക് അത് കണ്ട് തന്റെ വോട്ട് ശരിയായിത്തന്നെയാണോ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കാനും കഴിയും. വിവിപാറ്റ് മെഷീനിൽ വോട്ട് രേഖപ്പെടുത്തപ്പെട്ട സ്ഥാനാർത്ഥിയുടെ സീരിയൽ നമ്പരും ചിഹ്നവും പ്രിന്റ് ചെയ്ത സ്ലിപ് ഏഴ് സെക്കന്റ് തെളിഞ്ഞ് കാണുന്നു. പിന്നീട് അത് മുറിഞ്ഞ് മെഷീനിലെ തന്നെ ഒരു പെട്ടിയിൽ വീഴുകയും അവിടെ സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. സ്ലിപ് വീഴുന്ന പെട്ടി പോളിംഗ് ഉദ്യോഗസ്ഥർക്ക് മാത്രമേ തുറക്കാൻ കഴിയൂ. താൻ ഉദ്ദേശിച്ച സ്ഥാനാർത്ഥിക്ക് തന്നെയാണോ വോട്ട് രേഖപ്പെടുത്തിയതെന്ന സമ്മതിദായകന്റെ സംശയം ഇല്ലാതാക്കാൻ മാത്രമല്ല വോട്ടെണ്ണൽ സമയത്തുണ്ടായേക്കാവുന്ന തർക്കങ്ങൾ പരിഹരിക്കാനും വിവിപാറ്റ് മെഷീനിലെ സ്ലിപ്പുകൾ ഉപകരിക്കുന്നു.

സുതാര്യത ഉറപ്പുവരുത്തുന്നതിനായി പേപ്പർ ബാലറ്റ് സംവിധാനം തിരികെക്കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടും വോട്ടിംഗ് യന്ത്രത്തിൽ കൃത്രിമം കാണിക്കുന്നുവെന്ന് ആരോപിച്ചും രാഷ്ട്രീയ കക്ഷികൾ ഇലക്ഷൻ കമ്മീഷനെ സമീപിച്ച സാഹചര്യത്തിലാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനോടൊപ്പം വിവിപാറ്റ് കൂടി ഉപയോഗിക്കുന്നതിലേക്ക് ഇലക്ഷൻ കമ്മീഷൻ എത്തിച്ചേർന്നത്. ഇതിലേക്കായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും 2011 ൽ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL), എഞ്ചിനീയേഴ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് (ECIL) എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ നിർമ്മിച്ച വിവിപാറ്റ് മെഷീന്റെ ആദ്യരൂപം ടെക്നിക്കൽ കമ്മിറ്റി മുൻപാകെ പ്രവർത്തിപ്പിക്കുകയും ചെയ്തു.

2013 ൽ കേന്ദ്രസർക്കാർ 1961 -ലെ Conduct of Election Rules ഭേദഗതി വരുത്തുകയും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനോടൊപ്പം വിവിപാറ്റ് കൂടി ഉപയോഗിക്കുന്നതിന് നിയമസാധുത നൽകുകയും ചെയ്തു. 2013 ൽ നാഗാലാന്റിലെ നോക്സെൻ നിയോജകമണ്ഡലത്തിലെ ഉപ-തെരഞ്ഞെടുപ്പിലാണ് വിവിപാറ്റ് ആദ്യമായി ഉപയോഗിച്ചത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എറണാകുളം ജില്ലയിലെ രണ്ട് നിയോജക മണ്ഡലങ്ങളിൽ ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചിരുന്നു. 2014 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ എട്ട് മണ്ഡലങ്ങളിൽ വിവിപാറ്റ് ഉപയോഗിച്ചു. 2019 ലെ പതിനേഴാം ലോക്സഭാ തെരഞ്ഞെടുപ്പിൽ എല്ലാ മണ്ഡലങ്ങളിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനോടൊപ്പം വിവിപാറ്റ് കൂടി ഉപയോഗിച്ചിരുന്നു.

വോട്ടെടുപ്പിന്റെ സുതാര്യത ഉറപ്പാക്കി തെരഞ്ഞെടുപ്പ് പ്രക്രിയ കുറ്റമറ്റതാക്കുന്നതോടൊപ്പം വോട്ടിംഗുമായി ബന്ധപ്പെട്ട വിവാദങ്ങളുടെ മുനയൊടിക്കുന്നതിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ, വിവിപാറ്റ് എന്നിവ സഹായകമായി. ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ എല്ലാ മണ്ഡലങ്ങളിലെയും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനെ വിവിപാറ്റിനോടൊപ്പം ബന്ധിപ്പിച്ചതിനാൽ വിവാദങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാനായി.



# നിയമസഭാ ദിനാഘോഷം

നിയമസഭാ ദിനാചരണത്തിന്റെ ഭാഗമായി 2019 ഏപ്രിൽ 27-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ നേതാക്കളുടെ പ്രതിമകളിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തി.

നിയമസഭാ ദിനാചരണത്തോടനുബന്ധിച്ച് ഏപ്രിൽ 25 മുതൽ 30 വരെ വൈകുന്നേരങ്ങളിൽ നിയമസഭാ ഹാളും മ്യൂസിയവും പൊതുജനങ്ങൾക്ക് സന്ദർശനത്തിനായി തുറന്നു കൊടുത്തു.

## നെഹ്റു ദിനാചരണം

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ചരമദിനാചരണത്തിന്റെ ഭാഗമായി 2019 മേയ് 27-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിയമസഭാ സമുച്ചയത്തിലെ ജവഹർലാൽ നെഹ്റുവിന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. ചടങ്ങിൽ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, മന്ത്രിമാരായ എ.കെ. ബാലൻ, ഇ. ചന്ദ്രശേഖരൻ സാമാജികരായ പി.റ്റി. തോമസ്, വി.എസ്. ശിവകുമാർ, കെ.എസ്. ശബരീനാഥൻ എന്നിവർ സന്നിഹിതരായിരുന്നു.

## പരിസ്ഥിതി ദിനാചരണം

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 5 ന് നിയമസഭാ വളപ്പിൽ പനീർചാമ്പയുടെ തൈ നട്ടു. നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ പരിസ്ഥിതി കാർഷിക കൂട്ടായ്മയായ ഹരിതക്ലബിന്റെ നേതൃത്വത്തിൽ അഞ്ഞൂറ് ഫലവൃക്ഷത്തൈകൾ ജീവനക്കാർക്ക് വിതരണം ചെയ്തു.

## പരിസ്ഥിതി സംരക്ഷണയജ്ഞം

പരിസ്ഥിതി സംരക്ഷണയജ്ഞത്തോടനുബന്ധിച്ച് നിയമസഭാ സമുച്ചയവളപ്പിലെ പഴയ മ്യൂസിയത്തിനു സമീപത്തെ പൂന്തോട്ടത്തിൽ ജൂലൈ 2-ാം തീയതി സ്പീക്കർ പി. ശ്രീരാമകൃഷ്ണനും തുറമുഖ വകുപ്പുമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും ചേർന്ന് ചെമ്പരത്തി വരിക്കപ്ലാവിൻ തൈ നട്ടു.

മരങ്ങളും കാടുകളും സംരക്ഷിക്കുകയും വനപ്രദേശങ്ങൾ വിസ്തൃതമാക്കുകയും ചെയ്യുന്നത് വഴി ആഗോള പാരിസ്ഥിതിക സന്തുലനവും കാലാവസ്ഥാ സുസ്ഥിരതയും ഉറപ്പാക്കുക എന്നതാണ് പരിസ്ഥിതി സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യം.



# മാധ്യമപ്രവർത്തകരെ വീഴ്ത്തി സാമാജികർ മാർഷൽ V. കുഞ്ഞുമോൻ



ലോകകപ്പ് ക്രിക്കറ്റ് ആവേശം ഏറ്റുവാങ്ങി നിയമസഭാ സാമാജികരും മാധ്യമ പ്രവർത്തകരും തമ്മിലുള്ള ക്രിക്കറ്റ് മത്സരം ജൂലൈ 3 ന് വൈകുന്നേരം തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്നു. അവസാന ഓവർ വരെ ആവേശം നിറഞ്ഞുനിന്ന മത്സരത്തിൽ സാമാജികരുടെ ടീമിന് ഉജ്ജ്വല വിജയം. ആർ. രാജേഷ് എം.എൽ.എ.യുടെ വെടിക്കെട്ട് ബാറ്റിംഗും ഉജ്ജ്വലമായ ബൗളിംഗും ദക്ഷിണാഫ്രിക്കൻ ഫീൽഡർ ജോൺഡി റോഡ്സിനെ അനുസ്മരിപ്പിക്കുന്ന എൽദോ എബ്രഹാം എം.എൽ.എ.യുടെ മാസ്മരിക ഫീൽഡിംഗും ഐ.ബി. സതീഷ് എം.എൽ.എ.യുടെ ക്ഷമാപൂർവ്വമായ ബാറ്റിംഗുമാണ് സ്പീക്കേഴ്സ് ഇലവനെ വിജയികളാക്കിയത്. നിയമസഭയുടെ ചരിത്രത്തിലാദ്യമായി സാമാജികരുടെ ടീമിൽ വനിതാ പ്രാതിനിധ്യം ഉണ്ടായി. യു. പ്രതിഭ എം.എൽ.എ.യാണ് സ്പീക്കേഴ്സ് ഇലവനുവേണ്ടി കളിച്ചത്. മാർഷൽ ക്യാപ്റ്റനായുള്ള മീഡിയ ഇലവനിൽ കൈരളി ചാനലിലെ കുമാരി വിപിനയായിരുന്നു വനിതാ പ്രതിനിധി.

പത്രപ്രവർത്തക യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്ന മത്സരം വ്യവസായവും കായികവും വകുപ്പുമന്ത്രി ഇ.പി. ജയരാജൻ ഉദ്ഘാടനം ചെയ്തു. കോവൂർ കുഞ്ഞുമോൻ ക്യാപ്റ്റനായ സാമാജികരുടെ ടീമിൽ യു.പ്രതിഭ, ആർ. രാജേഷ്, രാജു എബ്രഹാം, ടി.വി. രാജേഷ്, കെ. ബാബു, പാറക്കൽ അബ്ദുള്ള, ടി.വി. ഇബ്രാഹിം, ചിറ്റയം ഗോപകുമാർ, ഐ.ബി. സതീഷ്, എൽദോ എബ്രഹാം എന്നിവരായിരുന്നു ടീമംഗങ്ങൾ. ടോസ് നേടിയ മീഡിയ ഇലവൻ നിശ്ചിത പത്ത് ഓവറിൽ 66 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ എം.എൽ.എ.മാർക്കുവേണ്ടി ഐ.ബി. സതീഷ് മികച്ച തുടക്കം നൽകി. 25 പന്തുകളിൽ നിന്ന് 35 റൺസ് നേടിയ ആർ. രാജേഷ് എം.എൽ.എ.യാണ് കളിയിലെ കേമൻ. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്തു. ഉജ്ജ്വലമായ രണ്ട് ക്യാച്ച് നടത്തിയ എൽദോ എബ്രഹാം മികച്ച ഫീൽഡർക്കുള്ള സമ്മാനം സ്വന്തമാക്കി.

സമ്മാനദാന ചടങ്ങിൽ പത്ര പ്രവർത്തക യൂണിയൻ സെക്രട്ടറി ആർ. കിരൺ ബാബു സ്വാഗതവും ജോയിന്റ് സെക്രട്ടറി അഭിജിത് നന്ദിയും പറഞ്ഞു.

# കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ പ്രവർത്തനം തൃപ്തികരം – സണ്ണി ജോസഫ്

പതിനാലാം കേരള നിയമസഭയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി ചീഫ് വിപ്പായി ചുമതലയേറ്റ സണ്ണി ജോസഫ് എം.എൽ.എ.യുമായുള്ള അഭിമുഖം

**പതിനാലാം കേരള നിയമസഭയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി ചീഫ് വിപ്പായി നിയോഗിക്കപ്പെട്ടതിലുള്ള അഭിനന്ദനം അറിയിക്കുന്നു. പൊതുജീവിതത്തിലും രാഷ്ട്രീയ പ്രവർത്തനത്തിലും നിരവധി പദവികൾ വഹിച്ചിട്ടുണ്ടല്ലോ. കേരള നിയമസഭയുടെ കോൺഗ്രസ് പാർലമെന്ററി പാർട്ടി ചീഫ് വിപ്പ് എന്ന സ്ഥാനത്തെ എങ്ങനെ കാണുന്നു?**

കേരള നിയമസഭയിൽ കോൺഗ്രസ് പാർട്ടി ചീഫ് വിപ്പ് എന്നത് ചില ചുമതലകൾ മാത്രമായാണ് ഞാൻ കാണുന്നത്. സഭയിൽ അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുകയും നിർണ്ണായക വിഷയങ്ങളിലെ നിലപാടുകളും, തീരുമാനങ്ങളും അറിയിക്കുകയും ചെയ്യേണ്ട ചുമതലയാണ് ചീഫ് വിപ്പിന് നിർവ്വഹിക്കാനുള്ളത്. ബഹു.പ്രതിപക്ഷനേതാവ്, കോൺഗ്രസ് പാർലമെന്ററി പാർട്ടി ഡെപ്യൂട്ടി ലീഡർ, സെക്രട്ടറി, ട്രഷറർ, മറ്റ് രണ്ട് വിപ്പുമാർ ഇവരുടെയെല്ലാം കൂട്ടായ നേതൃത്വത്തിൽ ആവശ്യമായ ചർച്ചകൾ നടത്തി ചുമതല വിജയകരമായി നിറവേറ്റാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.



**കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടിയുടെ പ്രവർത്തനം തൃപ്തി കരമാണോ; ഏത് രീതിയിലാണ് ഭാവിപ്രവർത്തനം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?**

കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ പ്രവർത്തനം വളരെ ശക്തവും പൂർണ്ണമായും തൃപ്തികരവുമാണ്. തികഞ്ഞ അച്ചടക്കത്തിലും ഐക്യത്തിലും പ്രവർത്തനം സജീവമായി മുന്നോട്ടു പോകുന്നു. മുതിർന്ന നേതാക്കളുടെ പരിചയസമ്പത്തും ഉപദേശ നിർദ്ദേശങ്ങളും യുവഅംഗങ്ങളുടെ ഊർജ്ജസ്വലതയും ഉന്മേഷവും ഉപയോഗപ്പെടുത്തുന്നതിൽ കൂടുതൽ ശ്രദ്ധിക്കുന്നതാണ്.

**ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സംഘടനാതലത്തിൽ കോൺഗ്രസിന്റെ ദൗർബല്യങ്ങൾ ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. കോൺഗ്രസിന്റെ ചെറുതും വലുതുമായ നേതൃത്വപദവികൾ വഹിക്കുന്നവർ സ്വയംവിമർശനത്തിന് തയ്യാറാകേണ്ടതുണ്ടോ?**

ദേശീയ തലത്തിൽ കോൺഗ്രസിന്റെ സംഘടനാപരമായ ശക്തി വീണ്ടെടുക്കേണ്ടതുണ്ട്. ജനകീയപ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും തികഞ്ഞ അച്ചടക്കത്തിലും ഐക്യത്തിലും മുന്നോട്ടുപോകുന്നതിനും കോൺഗ്രസ് നേതൃത്വവും പ്രവർത്തകരും കൂടുതൽ ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതുണ്ട്. കേരളത്തിലെ വൻവിജയം ഒരിക്കലും കോൺഗ്രസ് പ്രവർത്തകരെ അലസരും അലംഭാവികളുമാക്കുവാൻ ഇടയാവരുത്. മറിച്ച് കൂടുതൽ വിനയത്തോടെ തികഞ്ഞ ആത്മവിശ്വാസത്തിൽ മുന്നോട്ടു പോകുവാൻ സാധിക്കേണ്ടതാണ്.

**'വിപ്പ്' എന്നത് 'നായാട്ട്' എന്ന വിനോദവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട ഒരു പദമാണ്. ജനാധിപത്യസംസ്ക്കാരത്തിന്റെ പുതിയ കാലത്ത് ഈ വാക്കിന് ഒരു മാറ്റം ആവശ്യമാണെന്ന് കരുതുന്നുണ്ടോ?**

വിപ്പ് എന്ന പദം വളരെ കുറച്ചുമാത്രം ഉപയോഗിക്കുന്ന ഒന്നാണ്. മനഃപൂർവ്വമായി വിപ്പ് ലംഘനം വരുന്നതോ വരുമെന്ന് സംശയിക്കുന്നതോ ആയ സന്ദർഭങ്ങളിൽ മാത്രമാണ് വിപ്പുകൾ ശ്രദ്ധേയമാകുന്നത്. ഇതിപ്പോൾ ഉപയോഗത്തിലുള്ള ഒരു മലയാളപദമായി മാറിക്കഴിഞ്ഞിരിക്കുന്നു (ബഞ്ച് പോലെ). നിർദ്ദേശം, നിഷ്ക്കർഷ എന്ന അർത്ഥത്തിൽ ഈ പദം നമുക്ക് പരിചിതമാണല്ലോ.

**അധികാരത്തിനുവേണ്ടി സാമാജികർ പുതിയ രാഷ്ട്രീയ അഭയ സ്ഥാനങ്ങൾ തേടുന്നത് ഇന്ത്യൻ രാഷ്ട്രീയത്തിൽ അത്ര അപൂർവ്വമല്ല. അങ്ങയുടെ പുതിയ നിയോഗം വെല്ലുവിളിയാകുമോ?**

പ്രത്യേക വെല്ലുവിളികൾ ഉയരുന്നതായി കാണുന്നതേയില്ല. കേരളത്തിന്റെ ഉന്നതമായ ജനാധിപത്യബോധവും അംഗങ്ങളുടെ സത്യസന്ധമായ നിലപാടുകളും കൂട്ടായ നേതൃത്വത്തിന്റെ ശക്തിയും എന്റെ ചുമതലകളുടെ നിർവ്വഹണത്തെ വിജകരമാക്കുന്നതിൽ സഹായിക്കുമെന്ന വിശ്വാസമുണ്ട്.

ഗ്യാലറി



നിയമസഭ സന്ദർശിച്ച അസിസ്റ്റന്റ് കളക്ടർമാരോടൊപ്പം സ്പീക്കർ

# സാമാജികർ അഭിഭാഷകരാകുന്നതിന് തടസ്സമില്ല – സുപ്രീം കോടതി

പാർലമെന്റ്, നിയമസഭ, നിയമസഭാ കൗൺസിൽ എന്നിവയുടെ അംഗങ്ങൾ അഭിഭാഷകരാകുന്നതിന് തടസ്സമില്ലെന്ന് സുപ്രീംകോടതി. ബി.ജെ.പി. നേതാവും അഭിഭാഷകനുമായ അശ്വിനി ഉപാധ്യായ സമർപ്പിച്ച പൊതുതാൽപര്യ ഹർജിയിലാണ് വിധി. പാർലമെന്റിലെയും നിയമസഭകളിലെയും അംഗങ്ങൾ പൊതുഖജനാവിൽ നിന്ന് ശമ്പളം കൈപ്പറ്റുന്നവരാണെന്നും ഇപ്രകാരം ശമ്പളം കൈപ്പറ്റുന്ന സർക്കാർ ജീവനക്കാർ അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നതിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യ (ബാർ കൗൺസിൽ ഓഫ് ഇന്ത്യ റൂൾസ്; ഭാഗം VI, ചട്ടം 49) വിലക്കേർപ്പെടുത്തിയിട്ടുണ്ടെന്നുമാണ് ഹർജിക്കാരൻ വാദിച്ചത്. ഒരു സർക്കാർ ജീവനക്കാരനെ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യാൻ വിലക്കുകയും പൊതുപ്രവർത്തകരായ എം.എൽ.എ/എം.പി.മാരെ അഭിഭാഷകരായി പ്രാക്ടീസ് ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്നതിലൂടെ ഭരണഘടനയുടെ അനുച്ഛേദം 14 ന്റെ ലംഘനമാണ് ഉണ്ടാകുന്നത് എന്നായിരുന്നു ഹർജിക്കാരന്റെ വാദം. സാമാജികരെ അഭിഭാഷകരായി പ്രാക്ടീസ് ചെയ്യാൻ അനുവദിക്കുന്ന പക്ഷം



ബാർ കൗൺസിൽ ഓഫ് ഇന്ത്യ റൂൾസിലെ ചട്ടം 49 അസാധുവായി പ്രഖ്യാപിക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നു. സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും ജഡ്ജിമാരെ ഇംപീച്ച് ചെയ്യുന്നതിനുള്ള അധികാരം പാർലമെന്റംഗങ്ങൾക്കുള്ളതായും ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. സാമാജികർ എന്ന നിലയിൽ സഭയിൽ സ്വീകരിച്ച നിലപാടുകൾക്ക് വിരുദ്ധമായ നിലപാട് സാമാജികർക്ക് അതേ കാര്യത്തിൽ അഭിഭാഷകരെന്ന നിലയിൽ കോടതിയിൽ സ്വീകരിക്കേണ്ടിവരും. അഭിഭാഷകൻ, സാമാജികൻ എന്നീ രണ്ടു തൊഴിലുകളും പൂർണ്ണസമയ തൊഴിലുകളായതിനാൽ ഒരാൾക്ക് ഒരേ സമയം രണ്ട് തൊഴിലുകളിലും ഏർപ്പെടാനാവില്ലെന്നും ഹർജിക്കാരൻ വാദിച്ചു.

യജമാന-ദാസ്യ ബന്ധമാണ് തൊഴിലിന്റെ അടിസ്ഥാന തത്വമെന്നും എന്നാൽ ഭാരതസർക്കാർ പാർലമെന്റംഗങ്ങളുടെ യജമാനൻ അല്ലെന്നും കോടതി നിരീക്ഷിച്ചു. പാർലമെന്റ്/നിയമസഭകളിലെ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണെന്നും സർക്കാരിന്റെ മുഴുവൻ സമയജീവനക്കാരല്ലെന്നും അതുകൊണ്ട് ഹർജി നിലനിൽക്കില്ലെന്നും കോടതി വിധിച്ചു. സാമാജികർക്ക് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നതിന് തടസ്സമില്ലെന്ന് ബാർ കൗൺസിൽ ഓഫ് ഇന്ത്യ നിലപാട് വ്യക്തമാക്കിയിട്ടുള്ളതിനാൽ ചട്ടം 49 റദ്ദു ചെയ്യേണ്ട ആവശ്യമില്ലെന്നും കോടതി വിധിച്ചു. ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, ജഡ്ജിമാരായ എ.എം. ഖാൻവിൽക്കർ, ഡി.വൈ.ചന്ദ്രചൂഡ് എന്നിവരടങ്ങിയ ബഞ്ചാണ് ഹർജി നിരസിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ചത്. (അശ്വിനി കുമാർ ഉപാധ്യായ V.യൂണിയൻ ഓഫ് ഇന്ത്യ & അനദർ. 25.09.2018)

## അന്യസംസ്ഥാന ഭാഗ്യക്കുറികളുടെ മേൽ കടിഞ്ഞാൺ – സഭ പ്രമേയം പാസ്സാക്കി




ഭാഗ്യക്കുറി മേഖലയിൽ ഇടനിലക്കാർ ജനങ്ങളെ കൊള്ളയടിക്കുന്നത് തടയുന്നതിനായി കേരള നിയമസഭ 2019 ജൂൺ 17 ന് പ്രമേയം പാസ്സാക്കി. ധനകാര്യ മന്ത്രി ഡോ.ടി.എം.തോമസ് ഐസക് അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേനയാണ് പാസ്സാക്കിയത്. ഇടനിലക്കാർക്ക് യഥേഷ്ടം ലോട്ടറി കച്ചവടം നടത്താനുള്ള സാഹചര്യങ്ങളാണ് നിലവിൽ ജി.എസ്.ടി. കൗൺസിൽ സ്വീകരിക്കുന്നതെന്നും സംസ്ഥാനം നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെയും ഇടനിലക്കാർ മുഖാന്തരം നടത്തുന്ന ഭാഗ്യക്കുറികളുടെയും ജി.എസ്.ടി. നിരക്ക് ഏകീകരിക്കുന്നതിനുള്ള നീക്കം സജീവമാണെന്നും പ്രമേയം വ്യക്തമാക്കുന്നു. ഇടനിലക്കാർ മുഖാന്തരമുള്ള ഭാഗ്യക്കുറികളുടെ നികുതി നിരക്ക് കുറച്ച് സർക്കാർ നേരിട്ടു നടത്തുന്ന ഭാഗ്യക്കുറികളുടെ നിരക്കിന് സമാനമായി ഏകീകരിക്കുന്നതിനുള്ള നീക്കം ദുരുപദിഷ്ടമാണെന്നും ഏകീകരണ നീക്കം ജനങ്ങളിലും ഭാഗ്യക്കുറി വില്പനക്കാരിലും ഏജന്റുമാരിലും ഉത്കണ്ഠയുളവാക്കുന്നുവെന്നും പ്രമേയം വ്യക്തമാക്കുന്നു.

ഇടനിലക്കാർ മുഖാന്തരം നടത്തുന്ന ഇതരസംസ്ഥാന ഭാഗ്യക്കുറികളുടെ നിയമലംഘനവും കൊള്ളയും സി ആന്റ് എ.ജി., സി.ബി.ഐ. തുടങ്ങിയവ കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം ഭാഗ്യക്കുറികൾ സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും വലിയ നികുതി നഷ്ടം വരുത്തിവയ്ക്കുമെന്നും പ്രമേയം പറയുന്നു.

ഭാഗ്യക്കുറികൾ നടത്തുന്ന ഇതര സംസ്ഥാന സർക്കാരുകളുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്ന ഏജന്റിനുമാത്രമേ സംസ്ഥാനത്ത് രജിസ്ട്രേഷന് അർഹതയുള്ളുവെന്നിരിക്കെ ഇതിൽ നിന്ന് വിഭിന്നമായി ഉപകരാറുകാരന് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നീക്കം സജീവമാണെന്നും ജി.എസ്.ടി. സംബന്ധമായ വിഷയങ്ങളിൽ തൽസ്ഥിതി തുടരണമെന്നും ജി.എസ്.ടി. കൗൺസിലിനോടും കേന്ദ്രസർക്കാരിനോടും സഭ ഐകകണ്ഠ്യേന ആവശ്യപ്പെട്ടു.

കേരളത്തിൽ സർക്കാർ നേരിട്ടു നടത്തുന്ന ലോട്ടറിക്ക് 12 ശതമാനവും അന്യസംസ്ഥാന സർക്കാറുകൾ ഇടനിലക്കാർ വഴി നടത്തുന്ന ലോട്ടറിക്ക് 28 ശതമാനവുമാണ് ജി.എസ്.ടി. നിരക്ക്. കേരള സർക്കാർ ലോട്ടറിക്ക് തുല്യമായി അന്യ സംസ്ഥാന ലോട്ടറികളുടെ ജി.എസ്.ടി. ഏകീകരിക്കാൻ കേന്ദ്രമന്ത്രിമാരുടെ യോഗം ശിപാർശ ചെയ്തിട്ടുണ്ട്. ഇത് ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചാൽ ഇതര സംസ്ഥാന ലോട്ടറികളുടെ ആധിപത്യം സംസ്ഥാനത്ത് വീണ്ടും ഉണ്ടാകും.

## പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2019 മേയ് 27 മുതൽ ജൂലൈ 4 വരെ 20 ദിവസം നീണ്ടുനിന്നു. അന്തരിച്ച സമാജികൻ കെ.എം. മാണിക്ക് അനുശോചനം രേഖപ്പെടുത്തി ആദ്യ ദിവസം സഭ പിരിഞ്ഞു.

2019-20 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ ചർച്ച ചെയ്ത് പാസാക്കുന്നതിനായിരുന്നു പതിനഞ്ചാം സമ്മേളനം പ്രധാനമായും ഉദ്ദേശിച്ചിരുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പ് കാരണം നടപ്പു സാമ്പത്തിക വർഷം ബജറ്റ് നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കേണ്ടിവന്നു. സഭ സമ്മേളിച്ച ഇരുപത് ദിവസങ്ങളിൽ പതിമൂന്ന് ദിവസം ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കായും മൂന്ന് ദിവസം നിയമനിർമ്മാണത്തിനും ഒരു ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കു വേണ്ടിയും നീക്കിവച്ചു. രണ്ട് ധനവിനിയോഗ ബില്ലുകൾക്കു പുറമേ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ സഭ പാസ്സാക്കി. അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവച്ച ഒരു ദിവസം അഞ്ച് സ്വകാര്യബില്ലുകളുടെ അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രമേയങ്ങൾ പരിഗണിച്ചു. പതിനാറ് അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസുകൾ സഭാതലത്തിൽ പരിഗണിച്ചു. കിഫ്ബി ധനസമാഹരണത്തിന്റെ ഭാഗമായി പുറത്തിറക്കിയ മസ്സാല ബോണ്ടുമായി ബന്ധപ്പെട്ട ദുരൂഹത കൊണ്ട് ഉളവായിട്ടുള്ള സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന് കെ.എസ്. ശബരീനാഥൻ എം.എൽ.എ.നൽകിയ നോട്ടീസ് സഭ ചർച്ച ചെയ്തു.


കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിക്ക് നല്കിയ സ്വീകരണം

ചോദ്യോത്തരവേളയിൽ 570 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 6181 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 60 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയും 444 ഉപചോദ്യങ്ങൾക്ക് സഭാതലത്തിൽ മറുപടി നൽകുകയും ചെയ്തു. ഒരു അടിയന്തര ചോദ്യം അനുവദിക്കുകയും അതിന്മേൽ രണ്ട് ഉപചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. 34 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 210 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. സംസ്ഥാനത്ത് ഏജന്റുമാർ മുഖേന വില്പന നടത്തുന്ന ലോട്ടറികളുടെ ജി.എസ്.ടി. നിരക്ക് കുറച്ച് സർക്കാർ ലോട്ടറികളുടേതിന് തുല്യമാക്കാനുള്ള ജി.എസ്.ടി. കൗൺസിലിന്റെ നീക്കം ഒഴിവാക്കണം, രാജ്യത്താകെ വർദ്ധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ അവസാനിപ്പിക്കണം എന്നീ രണ്ട് ഗവൺമെന്റ് പ്രമേയങ്ങളും സഭ ഐകകണ്ഠ്യേന പാസ്സാക്കി. 2019 ലെ കേരള ധനകാര്യബിൽ പാസാക്കി. ധനസംബന്ധമായ നടപടികളും പതിനഞ്ചാം സമ്മേളനത്തിൽ പൂർത്തീകരിച്ചു.

ലോക്സഭാംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സാമാജികരായ അടൂർ പ്രകാശ്, കെ. മുരളീധരൻ, ഹൈബി ഈഡൻ, എ.എം. ആരിഫ് എന്നിവർ നിയമസഭാംഗത്വം രാജിവച്ചു.

കേരള പത്രപ്രവർത്തക യൂണിയനും സാമാജികരുമായി നടന്ന ക്രിക്കറ്റ് മത്സരത്തിൽ വിജയിച്ച കോവൂർ കുഞ്ഞുമോന്റെ നേതൃത്വത്തിലുള്ള സ്പീക്കേഴ്സ് ഇലവനെ സ്പീക്കർ സഭയിൽ അഭിനന്ദിച്ചു.

ജൂൺ 16 ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി നിയമസഭാ നടപടികൾ വീക്ഷിക്കുന്നതിനായി സന്ദർശക ഗാലറിയിൽ എത്തിയിരുന്നു. സ്പീക്കർ അദ്ദേഹത്തെ കേരള നിയമസഭയുടെ പേരിൽ സ്വാഗതം ചെയ്തു.

സഭാനടപടികൾ കൃത്യസമയത്തു തന്നെ പൂർത്തിയാക്കാൻ നിരന്തരശ്രമങ്ങൾ നടത്തുന്നുവെങ്കിലും പലപ്പോഴും ശൂന്യവേളയിലെ നടപടി ക്രമത്തിലും അംഗങ്ങളുടെ പ്രസംഗത്തിലും മന്ത്രിമാരുടെ മറുപടിയിലും സമയനിഷ്ഠ പാലിക്കാൻ ഈ സമ്മേളനത്തിലും കഴിഞ്ഞിട്ടില്ലെന്ന് സ്പീക്കർ അറിയിച്ചു. പ്രധാനപ്പെട്ട ബില്ലുകൾ നിയമമാക്കുന്നതിലേക്കായി ഒരു പ്രത്യേക സമ്മേളനം ഉടൻ ചേരാനായേക്കുമെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു.

### സാമാജികർക്കായി കലാസന്ധ്യ

നിയമസഭയുടെ പതിനഞ്ചാം സമ്മേളന കാലയളവിൽ സാമാജികർക്കായി കലാപരിപാടികൾ സംഘടിപ്പിച്ചു. 2019 ജൂൺ 13, 20, 27 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് പരിപാടികൾ അരങ്ങേറിയത്. ജൂൺ 13 വൈകുന്നേരം 6.00 ന് തീരമൈത്രി സംഘങ്ങൾ സംഘനൃത്തം, ഒപ്പന, സെമി ക്ലാസിക്കൽ ഡാൻസ്, കോൽക്കളി തുടങ്ങിയവയും തുടർന്ന് പ്രശസ്ത ഭരതനാട്യ നർത്തകി കുമാരി വി.പി.മൻസ്യയും സംഘവും 'മാധവം' എന്ന നൃത്ത ശില്പവും സാമാജികർക്കായി അവതരിപ്പിച്ചു. ജൂൺ 20 ന് വൈകുന്നേരം 6.30 ന് പ്രശസ്ത ഓട്ടൻതുള്ളൽ കലാകാരൻ പ്രദീപ് ലക്കിടി ഓട്ടൻതുള്ളലും കൂടിയാട്ടം, മിഴാവ്, ചാക്യാർകൂത്ത്, പാഠകം തുടങ്ങിയവയിൽ പ്രാഗത്ഭ്യം തെളിയിച്ച പി.കെ.ഉണ്ണികൃഷ്ണൻ ചാക്യാർകൂത്തും അവതരിപ്പിച്ചു. ജൂൺ 27 വൈകുന്നേരം 6.30 ന് ചലച്ചിത്ര പിന്നണി ഗായിക ഷബ്നം റിയാസ് 'ബാരിഷ് കി പാനി' സൂഫി സംഗീത സന്ധ്യ സാമാജികർക്കായി അവതരിപ്പിച്ചു.

---

# കെ.ആർ. ഗൗരിയമ്മ
## രാഷ്ട്രീയ കേരളത്തിന്റെ അമ്മ

പി. ശ്രീരാമകൃഷ്ണൻ

കഴിഞ്ഞ ഏഴ് ദശാബ്ദങ്ങളായി കേരള രാഷ്ട്രീയത്തിന്റെ ദിശ നിർണ്ണയിച്ച പ്രോജ്ജ്വല സാന്നിധ്യമാണ് ഗൗരിയമ്മ. ആധുനിക കേരള ചരിത്രത്തിലെ 'പ്രതിഭാസമായ സ്ത്രീരത്നം' (phenomenal woman). ഉന്നതമായ കമ്യൂണിസ്റ്റ് മൂല്യങ്ങൾ വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും സൂക്ഷ്മതയോടെ പകർത്തിയ ഗൗരിയമ്മ നൂറാം വയസ്സിലും ശക്തവും വ്യക്തവുമായ നിലപാടുകളുമായി, നിറസാന്നിധ്യമായി നമ്മുടെ ഇടയിലുണ്ട്.

കളത്തിൽപറമ്പിൽ രാമന്റെയും പാർവ്വതിയമ്മയുടെയും പത്ത് മക്കളിൽ ഏഴാമത്തെ മകളായി ആലപ്പുഴ, പട്ടണക്കാട് ജനനം. ശ്രീനാരായണഗുരുവും പെരിയോർ ഇ.വി. രാമസ്വാമി നായ്ക്കരും കുമാരനാശാനുമെല്ലാം വന്നുപോയിരുന്ന വീടുതന്നെയായിരുന്നു രാഷ്ട്രീയ-സാമൂഹ്യ വിദ്യാഭ്യാസത്തിന്റെ ആദ്യ പാഠങ്ങൾ പകർന്നു നൽകിയത്. തിരുവനന്തപുരം ലോകോളേജിൽ വിദ്യാർത്ഥിയായിരിക്കെ സ്റ്റുഡന്റ് ഫെഡറേഷനിൽ അംഗമാവുകയും സജീവ പ്രവർത്തനങ്ങളിലൂടെ നേതൃത്വത്തിലേക്ക് ഉയരുകയും ചെയ്തു. നിയമബിരുദം നേടി ചേർത്തല കോടതിയിൽ പ്രാക്ടീസ് നടത്തിവരവെ 1948-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. സഖാവ് പി. കൃഷ്ണപിള്ളയുടെ മാതൃകാപരമായ പ്രവർത്തനങ്ങളും വ്യക്തിപരമായ ഔന്നത്യവും ഗൗരിയമ്മയെ സ്വാധീനിക്കുകയുണ്ടായി. ട്രേഡ് യൂണിയനുകളിലും കർഷക പ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ച ഗൗരിയമ്മ തൊഴിലാളികൾക്കിടയിൽ സർവ്വാദരണീയയായി മാറി. ഗൗരിയമ്മയുടെ തെരഞ്ഞെടുപ്പ് വിജയങ്ങൾ അവരുടെ ജനസ്വാധീനത്തിന്റെ ഉത്തമോദാഹരണമാണ്.

1952-ലും 54-ലും തിരു-കൊച്ചി നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. കേരള സംസ്ഥാനം നിലവിൽ വന്നശേഷം 1957 മുതൽ നടന്ന 13 നിയമസഭാ തെരഞ്ഞെടുപ്പുകളിൽ 11 എണ്ണത്തിൽ വിജയിക്കുകയും 6 മന്ത്രി സഭകളിൽ അംഗമാവുകയും ചെയ്തു. 11-ാം നിയമസഭയിലെ ഏറ്റവും സീനിയർ അംഗമായിരുന്നു അവർ. കേരള ചരിത്രത്തിന്റെ ദിശ മാറ്റിയ 1957-ലെ 11 അംഗ ഇ എം എസ്സ് മന്ത്രിസഭയിലെ ഏക വനിതയായിരുന്നു കെ.ആർ. ഗൗരി. ഒന്നും രണ്ടും നിയമസഭകളിലേക്ക് ചേർത്തല നിയോജകമണ്ഡലത്തിൽനിന്നും അതിനുശേഷം അരൂർ മണ്ഡലത്തിൽനിന്നുമാണ് അവർ മത്സരിച്ചത്. 1957 മുതൽ ഇതുവരെയുള്ള 22 മന്ത്രിസഭകളിൽ ആകെ 14 വനിതാ മന്ത്രിമാരാണുള്ളത്. ഇതിൽ 6 പ്രാവശ്യവും ഗൗരിയമ്മയാണ് മന്ത്രിയായത്. 1957-ലെ കേരള സ്റ്റേറ്റ് ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ് ആക്ട്, ഭൂമി അനധികൃതമായി കൈയേറുന്നത് സംബന്ധിച്ച ഏകീകൃത നിയമമായ 1957-ലെ ലാന്റ് കൺസർവൻസി ആക്ട് അടക്കം അതിപ്രധാനമായ നിരവധി നിയമനിർമ്മാണങ്ങൾക്ക് ഗൗരിയമ്മ ചുക്കാൻ പിടിച്ചു. വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന മന്ത്രി എന്ന നിലയ്ക്കും സാമാജിക എന്ന നിലയ്ക്കും ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കാൻ ഗൗരിയമ്മയ്ക്ക് കഴിഞ്ഞു. ചരിത്രപ്രസിദ്ധമായ ഭൂപരിഷ്കരണ നിയമത്തിനു പുറമെ ഒട്ടനവധി പുരോഗമനപരമായ നിയമങ്ങളും പരിഷ്കാരങ്ങളും വികസനപ്രവർത്തനങ്ങളും ഗൗരിയമ്മയുടെ നേട്ടങ്ങളുടെ പട്ടികയിലുണ്ട്. മാവൂർ ഗ്വാളിയോർ റയോൺസ് തുറന്നു പ്രവർത്തനം തുടങ്ങിയതും തിരുവനന്തപുരത്ത് ടെക്നോ പാർക്ക് ആരംഭിച്ചതും അവർ വ്യവസായ മന്ത്രിയായിരുന്ന കാലത്താണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നിവയുടെ പുനരുദ്ധാരണത്തിന് ഏറ്റവും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ മന്ത്രിയാണ് അവർ. കേരളം കണ്ട ഏറ്റവും നല്ല മന്ത്രിമാരുടെ കൂട്ടത്തിലാണ് ഗൗരിയമ്മയുടെ സ്ഥാനം.



നിയമസഭാ പ്രവർത്തനങ്ങളിൽ എല്ലാവർക്കും മാതൃകയായിരുന്നു അവർ. നടപടിക്രമങ്ങളിൽ അവർക്കുള്ള അവഗാഹം സവിശേഷമായിരുന്നു. മാന്യമായ പെരുമാറ്റം കൃത്യവും സൂക്ഷ്മവും യുക്തിഭദ്രവുമായ മറുപടിയും പ്രസംഗങ്ങളും, എല്ലാവരോടും സ്നേഹത്തോടെയും എന്നാൽ അവശ്യഘട്ടങ്ങളിൽ കൃത്യമായ കാർക്കശ്യം കാണിച്ചുമുള്ള ഇടപെടലുകൾ എന്നിവയെല്ലാം ഗൗരിയമ്മയെ വ്യത്യസ്തയാക്കി. ഒരു സാമാജിക എന്ന നിലയിൽ ഏവർക്കും ആരാധ്യയും പിൻതുടരാവുന്ന മാതൃകയുമായി സഭയിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു ഗൗരിയമ്മയുടേത്.

ഒരു ജനനേതാവ് എന്ന നിലയിൽ എപ്പോഴും ജനങ്ങൾക്കൊപ്പമായിരുന്നു ഗൗരിയമ്മ. 'ചുറ്റുമുള്ള ആൾക്കൂട്ടമാണ് എന്റെ പ്രവർത്തനത്തിനുള്ള ഊർജ്ജ'മെന്ന് അവർ പറയുകയുണ്ടായി. ശിപാർശയ്ക്കുവേണ്ടിയും വിവിധ പ്രശ്നങ്ങളുമായും തന്നെ സമീപിക്കുന്നവരോട് ചിലപ്പോൾ ശുണ്ഠിയെടുത്തേക്കാം. എന്നാൽ ന്യായമായ ഏതൊരാവശ്യവും സാധിച്ചുകൊടുത്തേ ഗൗരിയമ്മ അവരെ മടക്കിഅയയ്ക്കൂ.

അദ്ധ്വാനിക്കുന്നവർക്കും പാവപ്പെട്ടവർക്കും വേണ്ടി നൂറാം വയസ്സിലും നടത്തുന്ന പോരാട്ടമാണ് രാഷ്ട്രീയ കേരളത്തിന്റെ തറവാട്ടമ്മയെ കേരളത്തിന്റെ വിപ്ലവമുത്തശ്ശിയാക്കുന്നത്. വാർദ്ധക്യത്തിലും ചെറുപ്പത്തിന്റെ ചുറുചുറുക്കുമായി ഇപ്പോഴും പൊതുജീവിതത്തിൽ സജീവമായ ഗൗരിയമ്മ രാഷ്ട്രീയ കേരളത്തിന്റെ സുകൃതമാണ്. "മനസ്സ് നന്നായിരിക്കണം, ആരേയും ദ്രോഹിക്കാതിരിക്കണം" തന്റെ ആരോഗ്യത്തിന്റെ രഹസ്യം ഗൗരിയമ്മ വെളിപ്പെടുത്തി.

അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയിലും സി.പി.ഐ.(എം)ലും ജെ.എസ്.എസ്സിലും സർവ്വാദരണീയയായ നേതാവാണ് സ.കെ.ആർ. ഗൗരിയമ്മ. പാർട്ടിയിലും പ്രസ്ഥാനത്തിലും അവർ വഹിച്ച പദവികൾ നിരവധിയാണ്. അസാമാന്യമായ നേതൃഗുണംകൊണ്ട് അവർ രാഷ്ട്രീയ കേരളത്തെ അതിശയിപ്പിച്ചു. പോരാട്ടത്തിന്റെ മറുപേരാണ് കെ.ആർ.ഗൗരിയമ്മ. ത്യാഗത്തിന്റെയും സഹനത്തിന്റെയും പോരാട്ടത്തിന്റെയും കനൽവഴികൾ താണ്ടിയാണ് അവർ ആധുനിക കേരളത്തിന്റെ അമ്മയായത്. ചരിത്രഗതിയെ മാറ്റിമറിച്ച സാർത്ഥകമായ ആ പോരാട്ടജീവിതം നൂറ് സംവത്സരങ്ങൾ പൂർത്തിയാക്കുമ്പോൾ ഓരോ മലയാളിയും അവരെ പ്രതി അഭിമാനിക്കുകയാണ്. ജീവിച്ചിരിക്കെ ഇതിഹാസമായി മാറിയ ഗൗരിയമ്മയുടെ നൂറാം പിറന്നാൾ ആഘോഷങ്ങൾക്ക് സർവ്വ മംഗളങ്ങളും നേരുന്നു.

അക്ഷരധ്വനി

# ലിയനാഡോ ഡാവിഞ്ചിയുടെ ജീവചരിത്രം



വി.കെ.ബാബുപ്രകാശ്
മുൻ നിയമസഭാ സെക്രട്ടറി

അമേരിക്കൻ പത്രപ്രവർത്തകനും ടൈംസ് മാസികയുടെ മാനേജിംഗ് പത്രാധിപരും എഴുത്തുകാരനുമായ വാൾട്ടർ ഐസക് സണിന്റെ ആറാമത്തെ പുസ്തകമാണ് ലിയനാഡോ ഡാവിഞ്ചിയുടെ ജീവചരിത്രം. സ്റ്റീവ് ജോബ്സ്, ആൽബർട്ട് ഐൻസ്റ്റൈൻ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ ഐസക്സൺ രചിച്ചിട്ടുള്ളത് ലോകത്താകമാനം വൻവില്പന നേടിയ ഗ്രന്ഥങ്ങളാണ്. യൂറോപ്യൻ നവോത്ഥാനകാലഘട്ടത്തിലെ ക്രാന്തദർശിയും കലാകാരനും എന്നാൽ ഒരു മേഖലയിലും ഉറച്ചുനിൽക്കാത്തവനും സസ്യാഹാരിയും തികഞ്ഞ ആത്മാഭിമാനിയുമായിരുന്നു ഡാവിഞ്ചി. അദ്ദേഹത്തിന്റെ രണ്ട് പ്രധാന ചിത്രരചനകൾ ലോകപ്രശസ്തമാണ്. 'അവസാനത്തെ അത്താഴ'വും,'മൊണാലിസ'യും. ഈയിടെ പ്രശസ്തിയാർജ്ജിച്ച സാൽവതോർ മുണ്ടി അഥവാ 'ദിവ്യരക്ഷകൻ' എന്ന ക്രിസ്തുവിന്റെ ചിത്രം പക്ഷെ ഡാവിഞ്ചിയുടെ ഉജ്ജ്വലമായ ഒരു സൃഷ്ടിയായി യൂറോപ്യൻ കലാവിമർശകർ അംഗീകരിക്കുന്നില്ല. സൗദി രാജകുമാരൻ മൂവായിരത്തിഒരുന്നൂറ് കോടി രൂപ ലേലത്തിൽ ഈ ചിത്രം സ്വന്തമാക്കിയതായി പത്രവാർത്തകളുണ്ടായിരുന്നു. ചിത്രരചനയോടൊപ്പം തന്നെ ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും ഡാവിഞ്ചി പ്രാവീണ്യം നേടിയിരുന്നു. ചിത്രരചനയേക്കാൾ ശാസ്ത്ര സാങ്കേതിക മേഖലയിൽ ഒരുതരം അവാച്യമായ അഭിരുചിയായിരുന്നു ഡാവിഞ്ചിക്ക് ഉണ്ടായിരുന്നത്. അദ്ദേഹം മനുഷ്യരുടെയും, ജന്തുക്കളുടെയും, പക്ഷികളുടെയും ശരീരശാസ്ത്രത്തിലും, ഫോസിലുകളിലും പഠനം നടത്തുകയും പറക്കുന്ന യന്ത്രം നിർമ്മിക്കുന്നതിനായി അനവരതം പ്രയത്നിക്കുകയും ചെയ്തിരുന്നു. ആയുധനിർമ്മാണ സങ്കേതം, ഭൂമിശാസ്ത്രം, ജീവശാസ്ത്രം എന്നിവയിൽ അസാമാന്യ പാണ്ഡിത്യം ഡാവിഞ്ചി നേടിയിരുന്നു. ഡാവിഞ്ചിയുടെ ശാസ്ത്രകലാ ക്രാന്തദർശിത്വത്തിന്റ അസാമാന്യ ഉദാഹരണമാണ് അദ്ദേഹം വരച്ച Vitruvian man എന്ന മനുഷ്യരേഖാ ചിത്രം. മനുഷ്യശരീരത്തിന്റെ അളവുകൾ കൃത്യമായി രേഖപ്പെടുത്തി വരച്ചിട്ടുള്ള ആ രചന ആധുനിക ചിത്രകാരന്മാർ ആദരവോടെ നോക്കി മനസ്സിലാക്കാൻ ശ്രമിക്കുന്നു. ബെസ്റ്റ് സെല്ലർ എഴുത്തുകാരനായ ഡാൻ ബ്രൗണിന്റെ 'ഡാവിഞ്ചി കോഡ്' എന്ന നോവലിന്റെ ആരംഭം തന്നെ പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ കൊലചെയ്യപ്പെട്ട് കിടക്കുന്ന മ്യൂസിയം ക്യൂറേറ്റർ ജാക്ക്വാസ് സ്വനേറുടെ ശരീരം വിവരിച്ചുകൊണ്ടാണ്. അതായത് ഡാവിഞ്ചിയുടെ Vitruvian man എന്ന രേഖാചിത്രത്തിന്റെ മാതൃകയിലാണ് മ്യൂസിയം ക്യൂറേറ്ററുടെ മൃതദേഹം കിടക്കുന്നത്. ചിറകുവിരിച്ച് പറക്കാൻ ശ്രമിക്കുന്ന ഒരു കഴുകന്റെ ആകൃതിയാണ് ചിത്രകാരനായ ഡാവിഞ്ചി കാഴ്ചക്കാരന് മനുഷ്യനെക്കുറിച്ച് ഉളവാക്കുന്ന രൂപം. ഡാവിഞ്ചി സ്വജീവിതത്തിൽ ബഹുമുഖ വ്യക്തിത്വമായിരുന്നു. സമൂഹത്തിന്റെ ചിട്ടവട്ടങ്ങളോട് വിയോജിപ്പുള്ളവനും പരിപൂർണ്ണ സ്വതന്ത്രനായി ജീവിക്കാനുള്ള ത്വരയും ജാരസന്തതിയായി പിറന്നതിൽ ദുഃഖിതനും സസ്യാഹാരിയും നിരീശ്വരവാദിയും ഒപ്പം സ്വവർഗ്ഗാനുരാഗിയുമായിരുന്നു അദ്ദേഹം. ഡാവിഞ്ചിയെപ്പോലെ ആൽബർട്ട് ഐൻസ്റ്റൈനും വിചിത്രസ്വഭാവങ്ങൾ തന്റെ ജീവിതത്തിൽ പ്രകടിപ്പിച്ചിരുന്നു. ഐൻസ്റ്റൈൻ തിയറി ഓഫ് റിലേറ്റിവിറ്റിക്ക് ഒരു പരിസമാപ്തി കണ്ടുപിടിക്കുന്നതിനായി ചിന്തകളിൽ അലഞ്ഞു തിരിഞ്ഞ് നടന്ന സന്ദർഭങ്ങളിൽ ചെറിയ കാര്യങ്ങൾ പോലും അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. അതുമുഴുവൻ അദ്ദേഹം തീർത്തിരുന്നത് ചെരിപ്പുകളും കൈയിൽ കിട്ടിയ വസ്തുക്കളും തന്റെ ഡ്രൈവറുടെ മേൽ വലിച്ചെറിഞ്ഞായിരുന്നു. അത്തരം അസ്വസ്ഥതകളിൽ ചിലപ്പോൾ ഐൻസ്റ്റൈൻ തന്റെ വയലിൻ എടുത്ത് ഒറ്റയ്ക്ക് മൊസാർട്ടിന്റെ മൂന്നാം സിംഫണി വായിച്ച് നിർവൃതി നേടിയിരുന്നതായി ഐസക്സൺ ഐൻസ്റ്റൈന്റെ ജീവചരിത്രത്തിൽ വിവരിച്ചിട്ടുണ്ട്.


ഡാവിഞ്ചിയുടെയും ഐൻസ്റ്റൈന്റെയും അടങ്ങാത്ത ജിജ്ഞാസ നമ്മളിലും നമ്മുടെ കുട്ടികളിലും സ്വീകരിക്കുകയും പകർന്ന് നൽകേണ്ടതുമായ ഗുണമാണ്. പുസ്തകങ്ങളിലൂടെയും മറ്റ് ആർജ്ജിത മാർഗ്ഗങ്ങളിലൂടെയും ലഭിച്ചിട്ടുള്ള അറിവുകൾക്കപ്പുറത്താണ് യഥാർത്ഥ



അറിവ് നിലകൊള്ളുന്നതെന്നും അത് സ്വായത്തമാക്കാൻ നാം ലഭ്യമായ അറിവിനെ നിരന്തരം ചോദ്യം ചെയ്തുകൊണ്ടിരിക്കണമെന്നുമാണ് അവർ വ്യക്തമാക്കുന്നത്. ഇറ്റാലിയൻ പ്രഭുവും ഭരണാധികാരിയുമായിരുന്ന സെസാരെ ബോർഗിയ ഒരിക്കൽ ഡാവിഞ്ചിയോട് ഇപ്രകാരം ചോദിച്ചു, 'താങ്കൾ എങ്ങനെയാണ് കലയിലും ശാസ്ത്രത്തിലും ഒരുപോലെ സാമർത്ഥ്യം കാണിക്കുന്നത്?' ചോദ്യത്തിന് വിനയാന്വിതനായി ഡാവിഞ്ചി നൽകിയ മറുപടി ഇപ്രകാരമാണ്, 'ഞാൻ കലയിലും ശാസ്ത്രത്തിലും ഒരുപോലെ സൗന്ദര്യം കാണുന്നു.'

## മൊണാലിസ

ഡാവിഞ്ചിയുടെ മാസ്റ്റർ പീസുകളിൽ ഒന്നായ മൊണാലിസ, ഡാവിഞ്ചിയുടെ അവസാന ചിത്രരചനയായാണ് പുസ്തകത്തിൽ സൂചിപ്പിക്കുന്നത്. 1503ൽ ചിത്രത്തിന്റെ രചന ഡാവിഞ്ചി ആരംഭിച്ചെങ്കിലും പതിനാറ് വർഷം



പിന്നിട്ട് 1519 ലാണ് ചിത്രം ഏകദേശം പൂർത്തിയാകുന്നത്. ഈ കാലഘട്ടത്തിൽ ഉന്മാദാവസ്ഥയിലായിരുന്ന ഡാവിഞ്ചി ചിത്രത്തിന്റെ പൂർത്തീകരണം ഏതാണ്ട് ഉപേക്ഷിച്ച മട്ടിലായിരുന്നു. സാങ്കേതികരംഗത്തേയ്ക്ക് ശ്രദ്ധ മാറ്റിനിർത്തി ചിത്രരചന പാടെ ഉപേക്ഷിച്ചിരുന്നു. ഫ്രാൻസിസ്കോ ഡെൽ ഗയക്കോണ്ട എന്ന ഇറ്റാലിയൻ സിൽക്ക് വസ്ത്രവ്യാപാരിയാണ് ഈ ചിത്രം വരയ്ക്കുന്നതിന് ഡാവിഞ്ചിയുമായി കരാറിലേർപ്പെട്ടത്. എന്നാൽ ഡാവിഞ്ചി ചിത്രം പൂർത്തിയാക്കി ഫ്രാൻസിസ്കോയ്ക്ക് നൽകിയില്ല. ഡാവിഞ്ചി ഈ ചിത്രത്തിനായി ഒരു പൈസ പോലും പ്രതിഫലമായി കൈപ്പറ്റിയിട്ടില്ലായെന്നത് ചരിത്രത്തിലെ രസകരമായ വസ്തുതയാണ്. ചിത്രം ഡാവിഞ്ചി കൈവശം വയ്ക്കുകയും ഫ്ളോറൻസ്, മിലൻ, റോം, ഫ്രാൻസ് എന്നിവിടങ്ങളിൽ താമസിക്കവെ കൂടെ കൊണ്ടുപോകുകയും ചെയ്തിരുന്നു. ഡാവിഞ്ചിയുടെ മരണശേഷമാണ് ഈ ചിത്രം പുറംലോകം അറിയുന്നത്. മരിക്കുന്നതുവരെ ചിത്രം പൂർത്തിയാക്കാതെ അതിന്മേൽ മിനുക്കുപണികൾ അദ്ദേഹം തുടർന്നുകൊണ്ടേയിരുന്നു. മരണം വരെ മിനുക്കുപണി തുടർന്നതിനാൽ ചിത്രം ഡാവിഞ്ചിക്ക് ആത്മസാക്ഷാത്ക്കാരം നൽകിയിരുന്നില്ല എന്നു വേണം കരുതാൻ എന്ന് ജീവചരിത്രകാരൻ സൂചിപ്പിക്കുന്നു. സിൽക്ക് വ്യാപാരിയുടെ ഭാര്യയായിരുന്ന ലിസാ ഡെൽ ഗയകൊണ്ടയുടെ ചിത്രമാണ് മൊണാലിസ. സിൽക്ക് വ്യാപാരിയുടെ നിർബന്ധപ്രകാരമാണ് ചിത്രം രചിക്കാൻ ഡാവിഞ്ചി തയ്യാറായത്. അക്കാലത്ത് ചിത്രരചന ഡാവിഞ്ചി പാടെ ഉപേക്ഷിച്ച മട്ടായിരുന്നു. മൊണാലിസ വരയ്ക്കുന്നതിന് സിൽക്ക് വ്യാപാരിയുടെ സുഹൃത്തും ഡാവിഞ്ചിയുടെ പിതാവുമായിരുന്ന പിയറോഡാവിഞ്ചിയുടെ നിർബന്ധവും ഉണ്ടായിരുന്നതായി ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു. മൊണാലിസ എന്ന പേര് മഡോണലിസ എന്ന പേരിന്റെ ചുരുക്കമാണ്. ഇറ്റാലിയൻ ഭാഷയിൽ മഡോണ എന്നാൽ മാഡം എന്നാണർത്ഥം. മൊണാലിസ വീക്ഷിക്കുന്ന ഒരാൾ ചിത്രത്തിലെ ലിസയുടെ പുഞ്ചിരിയുടെ മാസ്മരികതയിൽ മയങ്ങിനിന്നു പോകും. കല പ്രകൃതിയുടെ അനുകരണമാണെന്നും അനുകരണത്തിലൂടെ മനുഷ്യൻ പ്രകൃതിയിലേയ്ക്ക് മടങ്ങുന്നുവെന്നും ചിത്രം സന്ദേശം നൽകുന്നു. ലിസയുടെ കണ്ണാണ് ചിത്രത്തിന്റെ കാതൽ. ജലാംശം നിറഞ്ഞ കണ്ണ് കാഴ്ചക്കാരനെ സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ട് അതായത് അന്തസാരശൂന്യനായ മനുഷ്യന്റെ നിസഹായവസ്ഥയെ ലിസ തന്റെ നോട്ടത്തിലൂടെ അനാവരണം ചെയ്യുകയാണ് എന്ന് ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു. ലിസയുടെ കണ്ണുകൾക്ക് പക്ഷേ കൺപീലികൾ ഇല്ലായെന്നതാണ് ആശ്ചര്യം. ഈ ചിത്രം ഇപ്പോൾ പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ ലൂവ്റിലെ ഈ ചിത്രം പകർപ്പാണെന്നും, കാരണം ചിത്രത്തിന് കൺപീലിയുണ്ടെന്നും യഥാർത്ഥ ലിസയ്ക്ക് കൺപീലി ഇല്ലായിരുന്നുവെന്നും വിമർശനം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഒരു സാധാരണ ചിത്രം പോലെ മൊണാലിസ കാഴ്ചക്കാരന് ആസ്വദിക്കുക സാധ്യമല്ല. ചിത്രം ഒറ്റനോട്ടത്തിൽ തന്നെ കാഴ്ചക്കാരനെ വൈകാരികമായി കീഴടക്കുന്നു. ചിത്രത്തിലെ ലിസ കാഴ്ചക്കാരനെക്കുറിച്ചും തന്നെക്കുറിച്ചും തികച്ചും ബോധവതിയായാണ് പുഞ്ചിരിക്കുന്നതെന്ന് തോന്നിപ്പോകാം. ചിത്രകാരന്റെ അസാമാന്യ ദർശനത്തിലും ഉൾക്കാഴ്ചയിലും കാഴ്ചക്കാരൻ അമ്പരന്നുപോകുന്ന തരത്തിലാണ് മൊണാലിസ രചിച്ചിട്ടുള്ളത്.

## അവസാനത്തെ അത്താഴം (The Last Supper)

മിലനിലെ പ്രഭുവായിരുന്ന ലുഡ്‌വിക്കോ സഫ്രോസയുടെ ആവശ്യപ്രകാരമായിരുന്നു 1494 ൽ ഡാവിഞ്ചി അവസാനത്തെ അത്താഴം വരയ്ക്കുവാൻ തുടങ്ങുന്നത്. പ്രഭുവിന് തന്റെ ഓർമ്മയ്ക്കായി ഒരു വിശുദ്ധ മുസോളിയം നിർമ്മിക്കണമെന്നതിന്റെ ഭാഗമായി മിലന്റെ ഹൃദയഭാഗത്ത് സാന്ത മരിയ സെല്ല പ്രാസ്യ എന്നൊരു പള്ളി വിലയ്ക്ക് വാങ്ങി. പള്ളിയുടെ അകത്തളത്തിലെ ഭക്ഷണശാലയുടെ വടക്കേഭിത്തിയിൽ ക്രിസ്തുവിന്റെ അവസാനത്തെ അത്താഴം വരയ്ക്കുവാൻ പ്രഭു ഡാവിഞ്ചിക്ക് കരാർ നൽകി. ചരിത്രരചനയ്ക്ക് സമ്മതം നൽകിയെങ്കിലും ഡാവിഞ്ചിയുടെ പ്രശ്നമായ ഒഴിഞ്ഞുമാറൽ



സ്വഭാവം കാരണം പ്രഭുവിന് പലപ്പോഴും കർക്കശമായി ഡാവിഞ്ചിയോട് ചിത്രം പൂർത്തിയാക്കാൻ നിർദ്ദേശിക്കേണ്ടതായി വന്നിരുന്നു. ചിത്രത്തിന്റെ ഉള്ളടക്കം ഡാവിഞ്ചി തന്നെ തെരഞ്ഞെടുത്തതാണ്. ഇറ്റാലിയൻ ഭാഷയുടെ പ്രധാന പ്രത്യേകത അത് അംഗവിക്ഷേപത്തിലൂടെയാണ് അനുവാചകനിലേക്ക് സംവേദനം ചെയ്യപ്പെടുക എന്നതാണ്. ഈ തന്ത്രമാണ് ഡാവിഞ്ചി അവസാനത്തെ അത്താഴത്തിൽ പ്രയോഗിച്ചിട്ടുള്ളത്. ക്രിസ്തുവിന്റെ അറസ്റ്റിനും വിചാരണയ്ക്കും മുമ്പ് തന്റെ പന്ത്രണ്ട് ശിഷ്യന്മാരോടൊപ്പം അത്താഴം കഴിക്കുന്ന ക്രിസ്തു ശിഷ്യന്മാർക്ക് നൽകുന്ന ചില അപ്രതീക്ഷിത വെളിപ്പെടുത്തലാണ് ചിത്രത്തിന്റെ ഉള്ളടക്കം. നിശബ്ദനായി തലകുമ്പിട്ടിരിക്കുന്ന ക്രിസ്തുവിന്റെ കൈകൾ അംഗവിക്ഷേപത്തിലൂടെ ചില നിർദ്ദേശങ്ങൾ നൽകുന്നതായാണ് ചിത്രത്തിൽ ആലേഖനം ചെയ്തിട്ടുള്ളത്. ചിത്രത്തിൽ ക്രിസ്തുവിന്റെ വായ അല്പം തുറന്നാണിരിക്കുന്നത്. അതായത് നാടകീയമായ ചില വെളിപ്പെടുത്തലുകൾ നടത്തിയശേഷം ക്രിസ്തു തന്റെ ശിഷ്യന്മാരോട് ശാന്തമായി അപ്പവും വീഞ്ഞും കഴിക്കാൻ അംഗവിക്ഷേപത്തിലൂടെ നിർദ്ദേശം നൽകുന്നു. ക്രിസ്തുവിന്റെ വെളിപ്പെടുത്തലുകളിൽ ഞെട്ടിയ ശിഷ്യന്മാർ ഓരോരുത്തരായി ഓരോ ചോദ്യങ്ങൾ അംഗവിക്ഷേപത്തിലൂടെ പ്രകടിപ്പിക്കുന്നതാണ് ചിത്രത്തിന്റെ ചാരുത. ഡാവിഞ്ചി വരച്ച ഈ ചുമർചിത്രത്തിന് (Fresco Painting) 15 അടി ഉയരവും 29 അടി വീതിയുമുണ്ട്. മുന്നൂറ് അടി മുതൽ അറുന്നൂറ് അടിവരെയുള്ള അകലത്തിൽ നിന്നുപോലും വ്യക്തമായി വീക്ഷിക്കാവുന്ന തരത്തിലാണ് ചിത്രം രചിച്ചിട്ടുള്ളത്. ഡാവിഞ്ചി ചിത്രം വരയ്ക്കുമ്പോൾ ധാരാളം കാഴ്ചക്കാർ ചുറ്റും കൂടിനിന്ന് അദ്ദേഹത്തിന്റെ രചനാസങ്കേതം സാകൂതം വീക്ഷിച്ചിരുന്നു. എന്നാൽ യാതൊന്നും തന്റെ രചനയുടെ ഏകാഗ്രതയെ ബാധിക്കാതെ ഡാവിഞ്ചി ശാന്തനായി ചിത്രരചനയിൽ മുഴുകിയിരിക്കുമായിരുന്നു. എന്നാൽ പൊടുന്നനെ ചിത്രം വരയ്ക്കുന്നത് പാതി വഴിയിൽ മതിയാക്കി തന്റെ റോസ് നിറത്തിലുള്ള ഉടയാടയിൽ പിടിച്ചുകൊണ്ട് ഡാവിഞ്ചി ഒരക്ഷരം സംസാരിക്കാതെ അപ്രത്യക്ഷനാവുമായിരുന്നു. 1498ൽ ഡാവിഞ്ചി ചിത്രം പൂർത്തിയാക്കി. സന്തുഷ്ടനായ പ്രഭു പണത്തോടൊപ്പം വലിയ ഒരു മുന്തിരിത്തോട്ടവും ഡാവിഞ്ചിക്ക് സമ്മാനമായി നൽകി. കഷ്ടിച്ച് ഇരുപത് കൊല്ലം കഴിഞ്ഞപ്പോൾ ചിത്രത്തിന്റെ പെയിന്റുകൾ ഇളകി അടരാൻ തുടങ്ങി. സുർക്കയും ചുണ്ണാമ്പുകുഴമ്പും ചില പ്രകൃതി ചേരുവകളുമാണ് ഡാവിഞ്ചി ഉപയോഗിച്ചത്. 1650 ആയപ്പോഴേക്കും ചിത്രം തീരെ മങ്ങുകയും 1726 ൽ ആദ്യത്തെ പുനർനിർമ്മാണ പ്രക്രിയ നടത്തുകയും ചെയ്തു. ഡാവിഞ്ചി ഉപയോഗിച്ച വസ്തുക്കൾ നിരാകരിച്ച് എണ്ണച്ചായ ചിത്രമായിട്ടാണ് പുനർനിർമ്മിച്ചത്. രണ്ടാം ലോക മഹായുദ്ധത്തിൽ സഖ്യകക്ഷികൾ ഇറ്റലിയിൽ ബോംബിട്ടെങ്കിലും ചിത്രത്തിന് കാര്യമായ തകരാർ സംഭവിച്ചില്ല. 1978ൽ വീണ്ടും ഇരുപത്തൊന്ന് കൊല്ലം നീണ്ട പുനർനിർമ്മാണം ചിത്രത്തിന് വേണ്ടിവന്നു. കുട്ടുതലായും ജലച്ചായ ചിത്രവസ്തുക്കളാണ് പുനർനിർമ്മാണത്തിന് ഉപയോഗിച്ചത്. 'അവസാനത്തെ അത്താഴം' എന്ന ചിത്രത്തിന്റെ പ്രത്യേകത അത് ചിത്രകാരൻ എന്ന നിലയിൽ ഡാവിഞ്ചിയുടെ അസാമാന്യപ്രതിഭ പ്രകടമാക്കുന്നു എന്നതാണ്. ക്യാൻവാസ് എന്ന പ്രതലമാണ് എല്ലാക്കാലത്തും എല്ലാ ചിത്രകാരന്മാർക്കും പ്രിയപ്പെട്ടതും സൗകര്യപ്രദവുമായ പ്രതലം. എന്നാൽ അതിൽനിന്ന് വിഭിന്നമായി ഒരു കെട്ടിടത്തിന്റെ ഭിത്തി ചിത്രപ്രതലമായി കണ്ടിരുന്നതും, കൂട്ടമായി വരുന്ന കാഴ്ചക്കാരെ ഉദ്ദേശിച്ച് ത്രിമാനസങ്കേതത്തിൽ കൗശലകരമായി രചിച്ചതുമായ ചിത്രമാണ് അവസാനത്തെ അത്താഴം. ചിത്രം സാങ്കേതികമായി മികച്ചതായിരുന്നുവെങ്കിലും രചനയിൽ പരാജയപ്പെട്ടു എന്നാണ് ചിത്രവിമർശകർ പറയുന്നത്. 67-ാമത്തെ വയസ്സിൽ സ്വാഭാവിക മരണത്തിന് കീഴടങ്ങിയ ഈ പ്രതിഭാശാലി അപ്പോഴേക്കും ചിത്രരചന പാടെ ഉപേക്ഷിച്ചിരുന്നു.

വാൾട്ടർ ഐസക്സണിന്റെ ഡാവിഞ്ചിയുടെ ജീവചരിത്രം ആധുനിക തലമുറ വായിച്ചിരിക്കേണ്ട ഗ്രന്ഥമാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിലെ മഹാരഥന്മാർ എപ്രകാരമാണ് തങ്ങളുടെ ജീവിതാഭിരുചിയും ജിജ്ഞാസയും പിന്തുടർന്ന് ചരിത്രഗതിയെയും മാനവിക ചിന്താധാരകളെയും മാറ്റിമറിച്ചതെന്ന് ഈ ഗ്രന്ഥം വിലയിരുത്തുന്നു. അനായാസേന വായിച്ചു തീർക്കാവുന്ന ഒരു ഉജ്ജ്വല ഗ്രന്ഥമാണിത്.



# ഷീല ദീക്ഷിത് അന്തരിച്ചു

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേരള ഗവർണറുമായ ഷീല ദീക്ഷിത് (81) ജൂലായ് 20 ന് അന്തരിച്ചു.

1984 ൽ വനിതാക്ഷേമത്തിനുള്ള യു.എൻ.കമ്മീഷനിൽ ഇന്ത്യൻ സംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് രാഷ്ട്രീയ ജീവിതം ആരംഭിച്ച ഷീല ദീക്ഷിത്, അതേ വർഷം യു.പി കനൗജിൽ നിന്ന് ലോക്സഭാംഗമായി. രാജീവ് ഗാന്ധി നേതൃത്വം നൽകിയ സർക്കാരിൽ കേന്ദ്രമന്ത്രിയായിരുന്നു. 1998 ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഡൽഹി ഗോൾ മാർക്കറ്റ് മണ്ഡലത്തിൽ നിന്ന് വിജയിച്ച് ഡൽഹി നിയമസഭയിലെത്തി. 1998 മുതൽ 2013 വരെ തുടർച്ചയായി മൂന്ന് തവണ ഡൽഹി മുഖ്യമന്ത്രിയായിരുന്നു. 2014 മാർച്ച് 11 മുതൽ ആഗസ്റ്റ് 24 വരെ അഞ്ച് മാസക്കാലം കേരള ഗവർണറായി പ്രവർത്തിച്ചു. മരണമടയുമ്പോൾ ഡൽഹി പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ അംഗമായിരുന്നു.


കേരള ഗവർണറായിരുന്നപ്പോൾ ഷീല ദീക്ഷിതിന്റെ നിർണായകമായ ഒരു തീരുമാനമായിരുന്നു എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറെ പിരിച്ചു വിട്ടത്. വൈസ് ചാൻസലറെ ചാൻസലർ പിരിച്ചുവിട്ട സംഭവം ഇന്ത്യയിൽ ആദ്യമായിരുന്നു.

ഡൽഹി മെട്രോ ഉൾപ്പെടെ ഡൽഹിയുടെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ മുന്നേറ്റത്തിനും ചുക്കാൻ പിടിച്ചത് ഷീല ദീക്ഷിതിന്റെ ഭരണ നേട്ടങ്ങളായി വിലയിരുത്തുന്നു. കേരള ഗവർണറായിരുന്ന കാലയളവിൽ നഗരത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു ഷീല ദീക്ഷിത്.



## ദാമോദരൻ കാളാശ്ശേരി അന്തരിച്ചു

1978ൽ പി.കെ. വാസുദേവൻനായർ മന്ത്രിസഭയിൽ പട്ടികജാതി, ദേവസ്വം, സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയായിരുന്ന ദാമോദരൻ കാളാശ്ശേരി (88) ജൂലൈ 12 ന് അന്തരിച്ചു. 1970 ലും 1977 ലും പന്തളത്തുനിന്നും മത്സരിച്ച് നിയമസഭാംഗമായി. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാൻ, ഡോ. അംബേദ്കർ ഫൗണ്ടേഷൻ ബോർഡ് അംഗം, കെ.പി.സി.സി. ജനറൽ സെക്രട്ടറി, എ.ഐ.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 'ഭാരതധ്വനി' ആഴ്ചപ്പതിപ്പിന്റെയും 'രാഷ്ട്രശബ്ദം' ദ്വൈവാരികയുടെയും പ്രിന്ററും പബ്ലിഷറുമായിരുന്നു.



## വി.വിശ്വനാഥമേനോൻ അന്തരിച്ചു

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല നേതാക്കളിലൊരാളും മുൻ ധനകാര്യമന്ത്രിയുമായിരുന്ന വി.വിശ്വനാഥമേനോൻ(93) അന്തരിച്ചു. മേയ് 3, ശനിയാഴ്ച രാവിലെ 8.30 നായിരുന്നു അന്ത്യം. 1987-ൽ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ നിന്ന് വിജയിച്ച് ഇ.കെ.നായനാർ മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയായ വിശ്വനാഥമേനോൻ അഞ്ച് സംസ്ഥാന ബജറ്റുകൾ അവതരിപ്പിച്ചിട്ടുണ്ട്. 1967-ൽ എറണാകുളത്ത് നിന്ന് മുൻ കേന്ദ്രമന്ത്രി എ.എം.തോമസിനെ തോൽപ്പിച്ച് ലോക്സഭയിലും 1974 മുതൽ 1980 വരെ രാജ്യസഭയിലും അംഗമായിരുന്നു. സി.ഐ.ടി.യു. അഖിലേന്ത്യാ വർക്കിങ് കമ്മിറ്റി അംഗമായിരുന്നു.

# കെ.എം. മാണിക്ക് സഭയുടെ ആദരാഞ്ജലി



നിയമസഭാംഗമായിരുന്ന കെ.എം. മാണിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി 2019 മേയ് 27 ന് സ്പീക്കർ സഭയിൽ റഫറൻസ് നടത്തി.

സഭാ നടപടികളിൽ കെ.എം. മാണിക്കുള്ള അറിവും സഭാ സമ്മേളനത്തിൽ കൃത്യമായി ഹാജരാകുന്ന കാര്യത്തിലുള്ള നിഷ്കർഷയും, കാര്യങ്ങൾ സമയനിഷ്ഠയോടെ കാച്ചിക്കുറുക്കി അവതരിപ്പിക്കുന്നതിനുള്ള കഴിവും സാമാജികർക്ക് ഒരു പാഠവും മാതൃകയുമാണെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അനുസ്മരിച്ചു. ഏറ്റവും മുതിർന്ന സാമാജികനായിരുന്നിട്ടും ഒരു വിദ്യാർത്ഥിയുടെ കൗതുകത്തോടെ സഭാ പ്രവർത്തനങ്ങളിൽ അദ്ദേഹം ഇടപെട്ടിരുന്നു. പാർലമെന്ററി നടപടിക്രമം പാലിച്ചുകൊണ്ട് സഭയിൽ അദ്ദേഹം തന്റെ ശക്തമായ സാന്നിധ്യം ഉറപ്പുവരുത്തിയിരുന്നു. കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ വസ്തുതാപരമായി മനസ്സിലാക്കി, പരിഹാരമുണ്ടാക്കാൻ ശ്രമിച്ചത് അദ്ദേഹത്തിന് വമ്പിച്ച ജനപ്രീതി നേടിക്കൊടുത്തു. കർഷകത്തൊഴിലാളി ക്ഷേമപെൻഷൻ, കാരുണ്യ ലോട്ടറി, റബ്ബർ കർഷകർക്ക് വില സ്ഥിരതാ പാക്കേജ് എന്നിവ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഭരണനേട്ടങ്ങളാണ്. മാർക്സിന്റെ തൊഴിലാളി വർഗ്ഗ സിദ്ധാന്തത്തിന്റെ ചുവടുപിടിച്ച് അദ്ദേഹം അവതരിപ്പിച്ച അദ്ധ്വാന വർഗ്ഗ സിദ്ധാന്തം ഒട്ടേറെ ചർച്ചകൾക്കും വിമർശനങ്ങൾക്കും വിധേയമായിട്ടുണ്ട്. സഭ തന്റെ പാഠശാലയാണെന്ന് അനുസ്മരിച്ചിട്ടുള്ള കെ.എം. മാണിയുടെ നിര്യാണം പകരം വയ്ക്കാനില്ലാത്ത ഒരു സാമാജികനെയാണ് നഷ്ടപ്പെടുത്തിയതെന്ന് സ്പീക്കർ അനുസ്മരിച്ചു.

കേരളത്തിന് പൊതുവിലും കേരള നിയമസഭയ്ക്ക് വിശേഷിച്ചും അപരിഹാര്യമായ നഷ്ടമാണ് കെ.എം. മാണിയുടെ നിര്യാണം മൂലം ഉണ്ടായിട്ടുള്ളതെന്നും മലയോരപ്രദേശങ്ങളുടെയും കർഷക ജനസമൂഹത്തിന്റെയും പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിലും സഭയിൽ ഉന്നയിക്കുന്നതിലും ശ്രദ്ധേയമായ പങ്കാണ് അദ്ദേഹം വഹിച്ചതെന്നും ലോക പാർലമെന്ററി ചരിത്രത്തിൽ തന്നെ സ്ഥാനം നേടുന്ന അത്യപൂർവ്വം സാമാജികരുടെ നിരയിലാണ് കെ.എം. മാണിയുടെ സ്ഥാനമെന്നും, അരനൂറ്റാണ്ടിലേറെ നിയമനിർമ്മാണ സഭയിൽ അംഗമായിരിക്കുക എന്നത് നിയമസഭയുടെ ചരിത്രത്തിലെന്നല്ല ലോക്സഭയിൽപോലും ഉണ്ടായിട്ടില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ധനകാര്യത്തിലും നിയമകാര്യത്തിലുമുള്ള അദ്ദേഹത്തിന്റെ വൈദഗ്ധ്യം സഭയെ സമ്പന്നമാക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളതെന്നും ഭരണഘടനാ വ്യവസ്ഥകളും സഭാ നടപടിചട്ടങ്ങളും നിയമ വകുപ്പുകളും കൃത്യമായി മനസ്സിലാക്കി ഉപയോഗിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് സഭയിലെ സാന്നിധ്യത്തിൽ കാട്ടിയ നിഷ്കർഷ കൊണ്ടുകൂടിയാണെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു.

രാഷ്ട്രീയ സംഭവവികാസങ്ങളുടെ ഒഴുക്കിനനുസരിച്ച് നീങ്ങുന്നവരാണ് പല രാഷ്ട്രീയ നേതാക്കളെങ്കിലും ആ ഒഴുക്കിനെ തങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് തിരിച്ചുവിടുകയും ചരിത്രം നിർമ്മിക്കുകയും ചെയ്യുന്ന അപൂർവ്വ പ്രതിഭയാണ് മാണിസാറെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല അനുസ്മരിച്ചു. രാഷ്ട്രീയ രംഗത്തേക്ക് യുവാക്കളെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ച വ്യക്തിയാണ് അദ്ദേഹമെന്നും കേരള കോൺഗ്രസിന് ആശയപരമായ അടിത്തറ ഉണ്ടാക്കാനും കർഷകരുടെയും സാധാരണക്കാരുടെയും പാർട്ടിയാക്കി മാറ്റാനും കഴിഞ്ഞത് മാണിസാറിന്റെ പരിശ്രമത്തിന്റെ ഫലമാണെന്നും അദ്ദേഹത്തിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ആദരം കാരുണ്യ ബനവലന്റ് സ്കീം പുന:സ്ഥാപിക്കുകയെന്നതാണെന്നും കേരള രാഷ്ട്രീയത്തിലെ ഒരു യുഗമാണ് മാണിസാറിന്റെ വിയോഗത്തോടെ അസ്തമിച്ചതെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

കക്ഷിനേതാക്കളായ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ, തുറമുഖവും പുരാവസ്തുസംരക്ഷണവും മ്യൂസിയവും വകുപ്പുമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ഡോ. എം.കെ. മുനീർ, സി.കെ. നാണു, പി.ജെ. ജോസഫ്, തോമസ് ചാണ്ടി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, കെ.ബി. ഗണേഷ് കുമാർ എന്നിവരും കെ.എം. മാണിയെ അനുസ്മരിച്ചു.

## കടവൂർ ശിവദാസൻ അന്തരിച്ചു




മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ്സ് നേതാവുമായിരുന്ന കടവൂർ ശിവദാസൻ (88) അന്തരിച്ചു. മേയ് 17 വെള്ളിയാഴ്ച പുലർച്ചെ അഞ്ചിനായിരുന്നു അന്ത്യം. നിയമബിരുദം നേടിയശേഷം അഭിഭാഷകനായ അദ്ദേഹം 1980-ലും 1982 ലും കൊല്ലം മണ്ഡലത്തിൽ നിന്ന് ആർ.എസ്.പി. പ്രതിനിധിയായും 1991-ൽ കൊല്ലത്ത് നിന്നും 2001-ൽ കുണ്ടറയിൽ നിന്നും കോൺഗ്രസ്സ് പ്രതിനിധിയായും വിജയിച്ച് നിയമസഭയിലെത്തി. കരുണാകരൻ- ആന്റണി മന്ത്രിസഭകളിൽ തെരഞ്ഞെടുക്കപ്പെട്ട നാലു തവണയും മന്ത്രിയായി. അസംഘടിത തൊഴിലാളികൾക്കു വേണ്ടി ക്ഷേമനിധി ബോർഡ് എന്ന ആശയം നടപ്പിലാക്കിയത് അദ്ദേഹമായിരുന്നു. രാജ്യത്തെ മികച്ച തൊഴിൽ മന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ ജനീവയിൽ നടന്ന സമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത് കടവൂരാണ്.

തൊഴിൽ, വൈദ്യുതി, എക്സൈസ്, ആരോഗ്യം, വനം, ഗ്രാമവികസനം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. 2004-06 കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെയും, 1991 മുതൽ 1995 വരെ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെയും അദ്ധ്യക്ഷ സ്ഥാനം വഹിച്ചിട്ടുണ്ട്.

# നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...

## HOMO DEUS





A Brief History of Tomorrow
Yuval Noah Harari
London: Vintage, 2017
Call No: A Q7

(This book examines what might happen to the world when old myths are coupled with new godlike technologies, such as artificial intelligence and genetic engineering.)

Yuval Noah Harari is an Israeli Historian and a Professor in the Department of History at the Hebrew University of Jerusalem.


## 21 LESSONS FOR THE 21ST CENTURY




Yuval Noah Harari
London: Jonathan cape, 2017
Call No: A Q7

(This book shares insights into present day issues as the role of technology in transforming humanity, the epidemic of false new and the modern relevance of nations and religions.)

## WASTE OF A NATION





Garbage and Growth in India
Assa Doron and Robin Jeffrey
Cambridge: Harvard University Press, 2018
Call No: D88.2 Q8

(This book offers an anthropological and historical account of India's complex relationship with garbage.)

## THE GENETICS OF HEALTH

Understand Your Genes for Better Health





Sharad P. Paul, MD
New York: Atria Paperback, 2018
Call No: G116:6 Q8

(A study on genetics, health and evolution.)

Sharad P. Paul is a skin cancer specialist, academic, evolutionary biologist, storyteller, social entrepreneur and an adjunct Professor at Auckland University of Technology.

## FAREWELL TO THE HORSE





Ulrich Raulff
London: Penguin Book, 2018
Call No: KZ442 Q8

(A fascinating history of humanity's 6000 years partnership with the horse.)

Ulrich Raulff is a German cultural scientist and journalist.

## LEONARDO DA VINCI





The Biography
Walter Issacson
London: Simon & Schuster, 2018
Call No: NQwl52LEO Q8

(Biography of Leonardo Da Vinci.)

Walter Isaacson is an American writer and journalist. He is the Professor of History at Tulane University.

## THE SMALL TOWN SEA





Anees Salim
Gurgaon: Penguin Random House, 2018
Call No: O11,3ANE Q8

(A novel about an unnamed boy in an unnamed town who grapples with the consequences of his father's death.)

## MILKMAN


Anna Burns




London: Faber & Faber, 2018
Call No: O111,3ANN Q8
(Novel)

Anna Burns is a Northern Irish writer. She won the Man Booker International Prize for Fiction in 2018.

## THE FOREST of ENCHANTMENTS




Chitra Banerjee Divakaruni
Noida: Harper Collins, 2019
Call No: O111,3CHI Q9
(Novel)

Chitra Banerjee Divakaruni is an award-winning and bestselling author, poet, activist and teacher of writing.

## SEA PRAYER





Khaled Hosseini
London: Bloomsbury Publishing, 2018
Call No: O111,KHA Q8

(An illustrated book on the refugee crisis.)

Khaled Hosseini is an Afghan-American novelist and physician.

## THE BURROW




Franz Kafka
Tr. Michael Hofman
New Delhi: Penguin Books, 2017
Call No: O113,3KAF Q7

(English translation of the German short fiction 'Der Bau')

## NORWEGIAN WOOD




Haruki Murakami
Tr. Jay Rubin
London: Vintage Books, 2003
Call No: O42,3MUR 111P3

(English translation of the Japanese novel 'Noruwei no Mori')

Haruki Murakami is a Japanese writer.

## THE WHITE BOOK





Hang Kang
Tr. Deborah Smith
London: Portobello Books, 2018
Call No: O495,3HAN 111Q7

('The White Book' is a meditation on colour, beginning with a list of white things. It is a book about mourning, rebirth and the tenacity of the human spirit. It is a stunning investigation of the fragility, beauty and strangeness of life.)

Han Kang is a South Korean writer. She won the Man Booker International Prize for Fiction in 2016.

## NTR A BIOGRAPHY





K. Chandrahas & K. Lakshminarayana
Hyderabad: CLS Publishers, 2018
Call No: V218,21y7N23NTRQ9

(A Biography of N T Rama Rao, actor and former Chief Minister of Andhra Pradesh, packed with anecdotes and sharp insights into his life in films, his meteoric rise and rule in politics and his role as the architect of coalition politics in India.)

## MACAULAY

The Tragedy of Power





Robert E. Sullivan
New Delhi: Orient BlackSwan, 2010
Call No: V56y7M00MAC Q0

(A book on Lord Macaulay)

Robert E. Sullivan is Associate Professor of History and Associate Vice President, University of Notre Dame

## ENGINES OF CHANGE

The Railroads That Made India




Ian J. Kerr
New Delhi: Orient BlackSwan, 2012
Call No: X415v2 Q2

(This book provides an introduction to the history of Indian Railways and how it shaped the making of modern India.)

Ian J. Kerr is a retired Professor of History and Senior Scholar in the Department of History at the University of Manitoba.




## അറിവോരം ന്യൂസ്‌ലെറ്ററിന്റെ വരിക്കാരാകാം

പൊതുജനങ്ങൾക്കും ഇനി 'അറിവോര'ത്തിന്റെ വരിക്കാരാകാം. 'അറിവോര' ത്തിന്റെ വാർഷിക വരിസംഖ്യ തപാൽ ചാർജ്ജ് അടക്കം 120/- രൂപയാണ്. വർഷം നാലു ലക്കങ്ങളാണുണ്ടാകുക. ന്യൂസ്‌ലെറ്ററിന്റെ വില്പനയുടെ ചുമതലയുള്ള മ്യൂസിയം വിഭാഗത്തിൽ തുക നേരിട്ടടയ്ക്കാം. സംസ്ഥാനത്തെ ഏതു ട്രഷറിയിലും '0070-60-800-42-മറ്റു വരവുകൾ' എന്ന ശീർഷകത്തിൽ പണമടച്ച് ചെലാൻ മ്യൂസിയം വിഭാഗത്തിനയച്ചും ന്യൂസ്‌ലെറ്റർ തപാലിൽ കൈപ്പറ്റാവുന്നതാണ്. വരിക്കാരാകാൻ ആഗ്രഹിക്കുന്നവർ അറിവോരം ലഭിക്കേണ്ട വിലാസം പിൻകോഡ് സഹിതം ചെലാനോടൊപ്പം അയച്ചുതരേണ്ടതാണ്.

ചെലാൻ അയയ്ക്കേണ്ട വിലാസം: **അണ്ടർ സെക്രട്ടറി, മ്യൂസിയം വിഭാഗം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-33, ഫോൺ** 0471-2512140.

## നടുത്തളം

2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പ്

**ഏറ്റവുമധികം വനിതാ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങൾ?**
ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ(11 വിതം)

**ഏറ്റവും അധികം സീറ്റ് നേടിയ പ്രാദേശിക പാർട്ടി ( Recognised State Party)?**
ദ്രാവിഡ മുന്നേറ്റ കഴകം (ഡി.എം.കെ.) 23 സീറ്റ്

**2019 - ലെ പൊതു തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുപ്പ് മാറ്റിവച്ച ലോക്സഭാ മണ്ഡലം?**
വെല്ലൂർ (തമിഴ്നാട്)

**17-ാം ലോക്സഭയിലെ പ്രൊ ടെം സ്പീക്കർ ?**
ഡോ. വീരേന്ദ്രകുമാർ (ടികംഗഡ് - മധ്യപ്രദേശ്)

**ഏറ്റവും കൂടുതൽ 'നോട്ട' ചോൾ ചെയ്തത് ഏതു സംസ്ഥാനത്ത്?**
ബിഹാർ

**17-ാം ലോക്സഭയിലെ സ്വതന്ത്ര അംഗങ്ങളുടെ എണ്ണം?**
നാല്

**ഏറ്റവുമധികം ഭൂരിപക്ഷം നേടിയ സ്വതന്ത്ര അംഗം?**
സുമലത അംബരീഷ് (മാണ്ഡ്യ - കർണ്ണാടക) 1,25,876 വോട്ടിന്റെ ഭൂരിപക്ഷം

**ലോകത്തിലെ തന്നെ ഏറ്റവും ഉയരത്തിലുള്ള പോളിംഗ് സ്റ്റേഷൻ?**
ഹിമാചൽ പ്രദേശിലെ താഷിഗാംഗ് (15,256 അടി ഉയരത്തിൽ)

**ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ നിയോജക മണ്ഡലം?**
കോട്ട (രാജസ്ഥാൻ)

**പതിനേഴാം ലോക്സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗം?**
ചന്ദ്രാണി മുർമ്മ (ബി.ജെ.ഡി. - ഒഡീഷയിലെ കിയോഞ്ജാർ)



## രമേശ് ചെന്നിത്തലയുടെ നിയമസഭാ പ്രസംഗങ്ങൾ പ്രകാശനം ചെയ്തു



പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെ നിയമസഭാ പ്രസംഗങ്ങളുടെ സമാഹാരമായ 'രമേശ് ചെന്നിത്തലയുടെ നിയമസഭാ പ്രസംഗങ്ങൾ' എന്ന പുസ്തകം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പ്രകാശനം ചെയ്തു. പ്രതിപക്ഷ ഉപനേതാവ് ഡോ. എം.കെ. മുനീർ പുസ്തകം ഏറ്റുവാങ്ങി. 2019 ജൂൺ 13 ന് വൈകുന്നേരം 6.30 ന് നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലായിരുന്നു പ്രകാശനം. ഡെപ്യൂട്ടി സ്പീക്കർ വി. ശശി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

വരും തലമുറയ്ക്ക് ഉൾക്കാഴ്ച നൽകാൻ ഉതകുന്ന തരത്തിലാവണം സഭയ്ക്കകത്ത് സാമാജികരുടെ പ്രസംഗങ്ങളെന്നും വിവിധ വിഷയങ്ങൾ സംബന്ധിച്ച് മിതമായ ഭാഷയിൽ യുക്തിപൂർവ്വമാണ് രമേശ് ചെന്നിത്തലയുടെ സഭാതലത്തിലെ പ്രസംഗങ്ങളെന്നും പ്രകാശന ചടങ്ങിൽ സ്പീക്കർ അഭിപ്രായപ്പെട്ടു. എം.എൽ.എ. മാരായ പി.ജെ. ജോസഫ്, എ.പി. അനിൽകുമാർ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

## സഭാ ചട്ടങ്ങളുടെ പരിഷ്കരിച്ച പതിപ്പ്




കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ പരിഷ്കരിച്ച പതിപ്പ് 2019 ജനുവരി മാസം പുറത്തിറക്കി. പതിനാലാം കേരള നിയമസഭയുടെ റൂൾസ് കമ്മിറ്റിയുടെ ശിപാർശകൾ പ്രകാരം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ, സ്പീക്കർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീകരിച്ചത്.

ചരിത്രപഥം

# തിരുകൊച്ചിയുടെ ഓർമ്മകൾക്ക് എഴുപതാണ്ട്

**തീയതി : 1949 ജൂലൈ 1**

**സ്ഥലം : തിരുവനന്തപുരം ലെജിസ്ലേറ്റീവ് ചേംബർ**

കേന്ദ്രഗവൺമെന്റിന്റെ സ്റ്റേറ്റ് മിനിസ്ട്രി സെക്രട്ടറി എം.കെ. വെള്ളോടി ഐ.സി.എസ്, തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളുടെ സംയോജനം സംബന്ധിച്ച കേന്ദ്രത്തിന്റെ ഉത്തരവ് വായിച്ചു. തിരുകൊച്ചി സംസ്ഥാന രൂപീകരണത്തിന്റെ ഉദ്ഘാടനം വി.പി. മേനോൻ നിർവ്വഹിച്ചു. പുതിയ സംസ്ഥാനത്തിന് ഗവർണ്ണർ ജനറൽ അയച്ച സന്ദേശം രാജപ്രമുഖൻ വായിച്ചു. പ്രധാനമന്ത്രി ടി.കെ. നാരായണപിള്ള, കൊച്ചി രാജ്യത്തിന്റെ സ്പീക്കർ എൻ.എം. പൈലി, തിരുവിതാംകൂർ രാജ്യത്തിന്റെ സ്പീക്കർ ടി.എം. വർഗ്ഗീസ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ചടങ്ങുകൾക്കുശേഷം തിരുവിതാംകൂറിലേയും കൊച്ചിയിലേയും മന്ത്രിസഭകളുടെ സംയുക്ത സമ്മേളനം നടന്നു. പറവൂർ ടി.കെ. നാരായണപിള്ളയെ തിരു-കൊച്ചി പ്രധാനമന്ത്രിയായും ഇക്കണ്ടവാരിയർ, കെ. അയ്യപ്പൻ, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവരെ കൊച്ചിയെ പ്രതിനിധീകരിച്ചും എ.ജെ. ജോൺ, ഡോ. ഇ.കെ. മാധവൻ, ടി.എ. അബ്ദുള്ള എന്നിവരെ തിരുവിതാംകൂറിനെ പ്രതിനിധീകരിച്ചും മന്ത്രിമാരായും തെരഞ്ഞെടുത്തു. ടി.എം. വർഗ്ഗീസ് പുതിയ സംസ്ഥാനത്തിന്റെ സ്പീക്കറായി.

ഇന്ത്യാഗവൺമെന്റ് നിയമിച്ച നാട്ടുരാജ്യ മന്ത്രാലയത്തിന്റെ സെക്രട്ടറി വി.പി. മേനോന്റെ അശ്രാന്തപരിശ്രമമാണ് ഈ ചടങ്ങിന് വഴിതുറന്നത്. തിരുവനന്തപുരത്തും ദില്ലിയിലുമായി നിരവധി ദിവസത്തെ കൂടിയാലോചനകളുടെ ഫലപ്രാപ്തിയായിരുന്നു ഈ ചരിത്ര മുഹൂർത്തം. തർക്കങ്ങളും തടസ്സവാദങ്ങളും രമ്യമായി പരിഹരിച്ചുകൊണ്ടുള്ള ശ്രദ്ധേയമായ കാൽവയ്പ്.


സ്വാതന്ത്ര്യസമരകാലത്തുതന്നെ തിരുവിതാംകൂറിനെയും കൊച്ചിയെയും ബ്രിട്ടീഷ് മലബാറിനെയും ഒന്നിച്ചുചേർത്ത് ഐക്യകേരളം രൂപവൽക്കരിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിരുന്നു. 1921 ൽ ഒറ്റപ്പാലത്തു ചേർന്ന അഖില കേരള രാഷ്ട്രീയ സമ്മേളനത്തിൽ ഈ മൂന്നു ഭൂവിഭാഗങ്ങളിലേയും പ്രതിനിധികൾ ഒന്നിച്ചുകൂടി. 1946 ന്റെ അവസാനത്തോടെ കെ.പി. കേശവമേനോന്റെ അദ്ധ്യക്ഷതയിൽ ചെറുതുരുത്തിയിൽ ഈ ഉപസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ആലോചനായോഗം ഐക്യകേരള സമ്മേളനം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു. 1947 ഏപ്രിലിൽ കെ. കേളപ്പന്റെ അദ്ധ്യക്ഷതയിൽ നടന്ന ഐക്യകേരള സമ്മേളനത്തിൽ കൊച്ചി രാജാവ് നേരിട്ടു പങ്കെടുത്ത് കേരളസംസ്ഥാനം ഉടനെ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ഇതിനിടയിൽ നാട്ടുരാജ്യങ്ങളുടെ ലയനം സംബന്ധിച്ച് നിയുക്തമായ കമ്മീഷൻ മുമ്പാകെ ഐക്യകേരള സമിതി നൽകിയ നിവേദനത്തിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ, കൂർഗ്, നീലഗിരി, ഗൂഡല്ലൂർ, ദക്ഷിണ കാനറ, മയ്യഴി, ലക്ഷദ്വീപ് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളസംസ്ഥാനം രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചു.

1949 ൽ തിരുവിതാംകൂറിലും കൊച്ചിയിലും മഹാരാജാക്കന്മാരുടെ കീഴിൽ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങളും പ്രധാനമന്ത്രിയും മന്ത്രിമാരും ഉൾപ്പെട്ട ഉത്തരവാദിത്തഭരണ വ്യവസ്ഥയായിരുന്നു. കേന്ദ്രത്തിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്കുവേണ്ടി ഭരണഘടനാ നിർമ്മാണത്തിന്റെ തിരക്കിലായിരുന്നു. ഉപപ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേലും വി.പി. മേനോനും നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് രാജാക്കന്മാരെയും നാട്ടുവാഴികളെയും മറ്റുഭരണാധികാരികളെയും മാന്യമായി ഒഴിവാക്കിക്കൊണ്ട് പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന്റെ പണിപ്പുരയിലും.



കൊച്ചി മഹാരാജാവ് പരിക്ഷിത്ത് തമ്പുരാന് തിരുവനന്തപുരം വിമാനത്താവളത്തിൽ നൽകിയ സ്വീകരണം. തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ, തിരുവിതാംകൂർ പ്രധാനമന്ത്രി ടി.കെ നായർ, വി.പി. മേനോൻ, മന്ത്രിമാർ എന്നിവരേയും കാണാം.V

ഇതിനിടയിൽ തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് ഒരു സംസ്ഥാനമാക്കാൻ നിർദ്ദേശമുയർന്നു. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന് ചുമതലയുള്ള ഉദ്യോഗസ്ഥനായ വി.പി. മേനോൻ തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജാക്കന്മാരേയും ഇരുഭാഗത്തെയും നേതാക്കളേയും കണ്ട് സംഭാഷണം നടത്തി. തിരുവിതാംകൂറിന്റെ പ്രധാനമന്ത്രി ടി.കെ. നാരായണപിള്ളയെയും കൊച്ചിയുടെ പ്രധാനമന്ത്രി ഇക്കണ്ടവാര്യരെയും സന്ദർശിച്ചു. തിരുവിതാംകൂറിന്റെ തമിഴ് ഭൂരിപക്ഷമുള്ള തെക്കുഭാഗങ്ങൾ മദ്രാസിൽ



തിരുവിതാംകൂർ- കൊച്ചി മന്ത്രിസഭ വി.പി. മേനോനോടൊപ്പം

ലയിപ്പിക്കണമെന്ന ആവശ്യം ഉയർന്നു തുടങ്ങിയിരുന്നു.

ഐക്യകേരള രൂപീകരണത്തിന് മുന്നോടിയായി തിരുവിതാംകൂർ, കൊച്ചി എന്നിവ ലയിപ്പിച്ച് ഒരു സംസ്ഥാനമാക്കുന്നതാണ് ഉചിതമെന്ന് നേതാക്കളെയും കൊച്ചി മഹാരാജാവിനെയും ബോധ്യപ്പെടുത്താൻ വി.പി.മേനോന് കഴിഞ്ഞു. എന്നാൽ തിരുവിതാംകൂർ മഹാരാജാവ് ഇതുമായി ബന്ധപ്പെട്ട ചർച്ചകളിൽ തൃപ്തനല്ലായിരുന്നു. തുടർന്ന് അദ്ദേഹം സ്ഥാനത്യാഗം ചെയ്യാൻ ഒരുങ്ങുന്നു എന്ന വാർത്ത പരന്നത് ഇതുമായി ബന്ധപ്പെട്ടവരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. നാട്ടുരാജ്യങ്ങളിലെ രാജാക്കന്മാരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തി അവരുടെ സമ്മതത്തോടെ ഒരു ഏകീകൃതരാജ്യം രൂപീകരിക്കുക എന്ന ലക്ഷ്യത്തിനപ്പുറം പുനഃസംഘടനയുമായി ബന്ധപ്പെട്ട് രാജാക്കന്മാരുടെ സ്ഥാനത്യാഗം പോലെയുള്ള സംഭവങ്ങൾ നടക്കാൻ പാടില്ല എന്നായിരുന്നു നേതാക്കന്മാരുടെ ചിന്താഗതി. ചരിത്രത്തിന്റെ ഗതി മാറ്റിമറിച്ച ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിച്ച മഹാരാജാവ് സ്ഥാനത്യാഗം ചെയ്യുന്ന അവസ്ഥ സംജാതമാകാൻ പാടില്ലെന്ന് അവർ നിശ്ചയിച്ചു. ചർച്ചകൾക്കുവേണ്ടി വി.പി. മേനോനെ നിയോഗിച്ചു.

തന്റെ മുൻഗാമിയായ മാർത്താണ്ഡവർമ്മ ശ്രീപത്മനാഭന് സമർപ്പിച്ച രാജ്യം മറ്റൊരു രാജ്യത്തിൽ ലയിപ്പിക്കാൻ വിഷമമുള്ളതായി തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ വി.പി. മേനോനോട് തുറന്നുപറഞ്ഞിരുന്നു. എന്നാൽ ഇന്ത്യ സ്വതന്ത്ര്യയായെന്നും ജനാധിപത്യം പുലരുന്ന വേളയിൽ പലതും മാറിക്കൊണ്ടിരിക്കുകയാണെന്നും മേനോൻ മഹാരാജാവിനെ ബോധ്യപ്പെടുത്തി. മാത്രമല്ല ഈ പ്രശ്നം കേന്ദ്രമന്ത്രി സർദാർ വല്ലഭായി പട്ടേലിനെ ധരിപ്പിച്ച് ഉചിതമായ പരിഹാരം കാണാമെന്ന് മേനോൻ ഉറപ്പുനൽകി. കൊച്ചി രാജാവായ പരീക്ഷിത്ത് തമ്പുരാൻ തിരുവിതാംകൂർ, കൊച്ചി സംയോജനത്തിന് സർവ്വാത്മനാ അനുകൂലമായിരുന്നു. ഐക്യകേരള സമ്മേളനം ഉദ്ഘാടനം ചെയ്ത കേരള വർമ്മ മഹാരാജാവിന്റെ പിൻഗാമിയാണ് പരീക്ഷിത്ത് തമ്പുരാൻ. രണ്ട് സംസ്ഥാനങ്ങളുടെ ലയനം സംബന്ധിച്ച് ചർച്ച ചെയ്യാൻ നേതാക്കളേയും മന്ത്രിമാരേയും നാട്ടുരാജ്യലയനത്തിന്റെ ചുമതലയുള്ള മന്ത്രി സർദാർ പട്ടേൽ ദില്ലിയിലേക്ക് ക്ഷണിച്ചു.

തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ ചർച്ചയ്ക്ക് ദില്ലിയിലെത്തി. പുതിയ സംസ്ഥാനത്തിന്റെ മേധാവിക്ക് 'രാജപ്രമുഖൻ' സ്ഥാനത്തിനു പകരം 'പെരുമാൾ' എന്ന പേരുനൽകണമെന്ന മഹാരാജാവിന്റെ നിർദ്ദേശം പട്ടേൽ അംഗീകരിച്ചില്ല. ശ്രീപത്മനാഭദാസനായ തനിക്ക് 'രാജപ്രമുഖ' നായി സത്യപ്രതിജ്ഞ ചെയ്യാൻ വിഷമമുള്ളതായി പട്ടേലിനെ അറിയിച്ചശേഷം അദ്ദേഹം തിരികെയെത്തി.

മഹാരാജാവിനെ അനുനയിപ്പിക്കുന്നതിനായി വി.പി. മേനോൻ വീണ്ടും തിരുവനന്തപുരത്ത് എത്തി. രാജപ്രമുഖനായി സത്യപ്രതിജ്ഞ ചെയ്യുന്ന കത്ത് എഴുതി തന്നെ ഏല്പിച്ചാൽ മതിയെന്നും അത് ഉദ്ഘാടനവേളയിൽ ചീഫ് ജസ്റ്റിസിനെക്കൊണ്ട് വായിപ്പിക്കാമെന്നും വി.പി. മേനോൻ നിർദ്ദേശിച്ചു. ഇത് മഹാരാജാവ് സമ്മതിച്ചു. ലയനം സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചു. കൊച്ചി രാജാവിന് 'ഉപരാജപ്രമുഖൻ' എന്ന സ്ഥാനം നൽകാനുള്ള നിർദ്ദേശം ഉപേക്ഷിക്കപ്പെട്ടു. കൊച്ചി രാജാവ് പരീക്ഷിത്ത് തമ്പുരാനുമായി ചർച്ച നടത്താൻ ശ്രീചിത്തിരതിരുനാൾ തയ്യാറായി. ചർച്ചയ്ക്ക് വേണ്ടി തിരുവനന്തപുരത്ത് വരാൻ കൊച്ചിരാജാവ് സന്നദ്ധനായി. തിരുവിതാംകൂർ മഹാരാജാവിന്റെ വിമാനത്തിലാണ് അദ്ദേഹം എത്തിയത്. ഇത് അദ്ദേഹത്തിന്റെ ആദ്യ ആകാശയാത്രയായിരുന്നു. വിമാനത്താവളത്തിൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവും വി.പി. മേനോനും പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും മന്ത്രിമാരും ചേർന്ന് പരീക്ഷിത്ത് തമ്പുരാനെ സ്വീകരിച്ചു. തിരുവിതാംകൂർ രാജാവിന് 'രാജപ്രമുഖ' സ്ഥാനം നൽകുന്നതിനെ അദ്ദേഹം എതിർത്തില്ല. 'ഒരു ഇന്ത്യാക്കാരൻ അല്ലെന്ന് പറയാൻ ഇടവരുത്തുന്ന ഒന്നും കൊച്ചിക്കാരൻ സ്വീകരിക്കില്ല'ന്ന തന്റെ മുൻഗാമിയുടെ വാദത്തിൽ പരീക്ഷിത്ത് തമ്പുരാൻ ഉറച്ചുനിന്നു. കൊച്ചി രാജാവ് ലയനത്തിനുവേണ്ടി ഉപാധികളൊന്നും വച്ചില്ല. സർക്കാർ പ്രസിൽ അച്ചടിപ്പിക്കുന്ന ഒരു പഞ്ചാംഗം മാത്രം ആണ്ടുതോറും കിട്ടണം എന്ന അദ്ദേഹത്തിന്റെ ആവശ്യം വി.പി. മേനോനെ അത്ഭുതപ്പെടുത്തി. 'സ്വന്തം രാജ്യത്തെ ആളുകൾക്ക് കൂടുതൽ വിശാലമായ ഒരു ജീവിതം കൈവരിക്കുന്നതിന് സമസ്താവകാശങ്ങളും ത്യജിക്കാൻ തയ്യാറാണെ'ന്ന് പരീക്ഷിത്ത് തമ്പുരാൻ വി.പി. മേനോനെ അറിയിച്ചു.

മഹാരാജാക്കന്മാരുടെ പ്രിവിപേഴ്സ്, ക്ഷേത്രഭൂമി ഏറ്റെടുക്കൽ, അത് സംബന്ധിച്ച ഗ്രാന്റ്, കൊച്ചിയിലെയും തിരുവിതാംകൂറിലെയും ക്ഷേത്രങ്ങളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച് ചർച്ച നടന്നു. കൊച്ചിയിലെയും തിരുവിതാംകൂറിലെയും ക്ഷേത്രഭരണത്തിന് ദേവസ്വം ബോർഡുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണം മഹാരാജാവ് നിശ്ചയിക്കുന്ന എക്സിക്യൂട്ടീവ് ആഫീസറുടെ ചുമതലയിൽ എന്ന് നിശ്ചയിച്ചു. തൃപ്പൂണിത്തുറ ക്ഷേത്രവും പഴയന്നൂർ ക്ഷേത്രവും കൊച്ചിരാജാവിന് വിട്ടുകൊടുത്തു. ചർച്ചയ്ക്കുശേഷം മേയ് 16 ന് കൊച്ചി രാജാവ് മടങ്ങിപ്പോയി. 1949 ജൂലൈ ഒന്നിന് സംയോജനം നടത്താമെന്നുള്ള തീരുമാനമായി.

1949 മേയ് ഇരുപത്തിയേഴിന് കേന്ദ്രഗവൺമെന്റിന്റെ ഉടമ്പടി (കവനന്റ്)യിൽ ശ്രീചിത്തിരതിരുനാൾ ഒപ്പുവച്ചു. തിരുവിതാംകൂർ മന്ത്രിസഭ അദ്ദേഹത്തിന് എല്ലാ പിന്തുണയും നൽകി. കവനന്റിൽ ഒപ്പുവയ്പിക്കുന്നതിന് മേയ് 29 ന് വി.പി. മേനോൻ കൊച്ചി കൊട്ടാരത്തിലെത്തി. പേനയെടുത്ത് അല്പനേരം ചിന്താമഗ്നനായി ഇരുന്നശേഷം പരീക്ഷിത്ത് തമ്പുരാൻ കവനന്റിൽ ഒപ്പുവച്ചു. പുതിയ സംസ്ഥാനത്തിന്റെ തലസ്ഥാനം തിരുവനന്തപുരമെന്നും ഹൈക്കോടതിയുടെ ആസ്ഥാനം എറണാകുളമെന്നും നിശ്ചയിക്കപ്പെട്ടു.

തിരുകൊച്ചി രൂപംകൊണ്ടതോടെ പ്രത്യേക ചിഹ്നം ആവശ്യമായി വന്നു. തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും രാജമുദ്രകൾ ഒഴിവാക്കപ്പെട്ടു. നടുവിൽ അശോകചക്രവും മുകളിൽ ശംഖും അവയെ ഇരുവശത്തുനിന്നും തുമ്പിക്കൈ ഉയർത്തി ആശീർവദിക്കുന്ന രണ്ട് ആനകളും താഴെ തിരുവിതാംകൂർ കൊച്ചി എന്നെഴുതിയ കമാനവുമായി പുതിയ സർക്കാർമുദ്ര നിലവിൽ വന്നു.

1949 ജൂലൈ 1 ന് തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് പുതിയൊരു സംസ്ഥാനം രൂപീകരിക്കുമ്പോൾ അതിന്റെ പേര് തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനം എന്നായിരുന്നു. 1950 ജനുവരിയിൽ ഇത് തിരുവിതാംകൂർ കൊച്ചി സംസ്ഥാനം എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.



തിരുകൊച്ചി സംയോജന കമ്മിറ്റി റിപ്പോർട്ട് എൻ.എം. ബുച്ച് ഒപ്പുവയ്ക്കുന്നു. അംഗങ്ങളായ പനമ്പിള്ളി ഗോവിന്ദമേനോൻ, വി.ഒ. മാർക്കോസ് എന്നിവർ ഇരുവശവും

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ



# പൊന്നാനിയിലെ മിടുക്കർക്ക് അനുമോദനം

പി.ശ്രീരാമകൃഷ്ണൻ
പൊന്നാനി

പൊന്നാനി നിയോജകമണ്ഡലത്തിൽ എസ്.എസ്.എൽ.സി/പ്ലസ് ടു വിൽ ഉന്നത വിജയം നേടിയവരെ അനുമോദിക്കുന്നതിനായി ബട്ടർഫ്ളൈസ് അവാർഡ് മീറ്റ് സംഘടിപ്പിച്ചു. ജൂൺ 3 നായിരുന്നു അനുമോദനച്ചടങ്ങ്.

### പാലപ്പെട്ടി-അജ്മീർ നഗർ റോഡ്

പൊന്നാനി നിയോജകമണ്ഡലത്തിലെ പാലപ്പെട്ടി - അജ്മീർ നഗറിൽ കടൽ ഭിത്തിയുടെയും റോഡിന്റെയും നിർമ്മാണം പൂർത്തീകരിച്ചു. ശക്തമായ കടലാക്രമണത്തിൽ തകർന്ന കടൽഭിത്തിയുടേയും റോഡിന്റേയും നിർമ്മാണമാണ് സമയബന്ധിതമായി പൂർത്തീകരിക്കാനായത്.

പാലപ്പെട്ടി - അജ്മീർ നഗറിൽ കര നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കടൽഭിത്തി തീരെയില്ലാത്ത തീരമായിരുന്നു അജ്മീർ നഗർ. വർഷങ്ങൾക്കുമുമ്പ് കടലിൽ നിന്ന് 200 മീറ്റർ അകലെയുള്ള വീടുകളിൽ വരെ കടൽ കയറിയിരുന്നു. സുരക്ഷിതമായ കടൽ ഭിത്തി നിർമ്മിച്ചാൽ മാത്രമേ ഇതു തടയാനാകൂ. വർഷങ്ങൾക്കു മുമ്പുള്ള കടലാക്രമണത്തിൽ പൂർണ്ണമായും തകർന്ന പാലപ്പെട്ടി - അജ്മീർ നഗർ റോഡ് ആണ് ഇപ്പോൾ പുനർനിർമ്മിച്ചത്. ഇതോടെ പാലപ്പെട്ടി, പതിയിരുത്തി എന്നിവിടങ്ങളിലേയ്ക്കുള്ള റോഡ് യാഥാർത്ഥ്യമായി.

### ബിയ്യം കായലിനോട് ചേർന്ന് കുട്ടികളുടെ പാർക്ക്

പൊന്നാനിയിലെ ബിയ്യം കായലും പുഞ്ച കോൾ നിലങ്ങളും ചേരുന്ന ബിയ്യം റെഗുലേറ്റർ കം ബ്രിഡ്ജിനോട് ചേർന്ന് കുട്ടികളുടെ പാർക്കും അനുബന്ധ വിനോദസഞ്ചാര കേന്ദ്രവും നിർമ്മിച്ചു.





# ഹരിപ്പാട് റവന്യൂ ടവർ യാഥാർത്ഥ്യമായി

രമേശ് ചെന്നിത്തല
ഹരിപ്പാട്

നിർമ്മാണം പൂർത്തിയായ ഹരിപ്പാട് റവന്യൂ ടവറിന്റെ ഉദ്ഘാടനം 2019 ജൂൺ മാസം 21-ാം തീയതി മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല അദ്ധ്യക്ഷത വഹിച്ചു. റവന്യൂ ടവറിനുള്ളിൽ ക്രമീകരിച്ചിട്ടുള്ള കാർത്തികപ്പള്ളി താലൂക്ക് ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവ്വഹിച്ചു. ആലപ്പുഴ എം.പി എ.എം. ആരിഫ്, മാവേലിക്കര എം.പി കൊടിക്കുന്നിൽ സുരേഷ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. കായംകുളം എം.എൽ.എ യു. പ്രതിഭ, കുട്ടനാട് എം.എൽ.എ തോമസ് ചാണ്ടി എന്നിവർ ആശംസകൾ അർപ്പിച്ചു. നബാർഡ് ആർഐഡിഎഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി ചെലവഴിച്ചാണ് ഹരിപ്പാട് റവന്യൂ ടവർ നിർമ്മിച്ചത്. ഹരിപ്പാട് മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിച്ചിരുന്ന ഏതാണ്ട് ഇരുപത്തിമൂന്നോളം സർക്കാർ ഓഫീസുകൾ റവന്യൂ ടവറിലേക്ക് പ്രവർത്തനം മാറ്റും. ഇതോടെ വിവിധ വകുപ്പുകളുടെ സേവനം ഒരു കുടക്കീഴിൽ പൊതുജനങ്ങൾക്ക് ലഭ്യമാകും.

### പല്ലനകുമാരകോടി കുമാരനാശാൻ സ്മാരകത്തിൽ സ്മൃതി മണ്ഡപം

ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പല്ലനകുമാരകോടിയിൽ സ്ഥിതിചെയ്യുന്ന മഹാകവി കുമാരനാശാൻ സ്മാരകത്തിന്റെ പുതിയ സ്മൃതിമണ്ഡപത്തിന്റെ ഉദ്ഘാടനം 2019 ജൂൺ മാസം 21-ാം തീയതി വൈകുന്നേരം 4 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. ടൂറിസം വകുപ്പിന്റെ സാഹിതീയ ടൂറിസം പദ്ധതിയുടെ ഭാഗമായി 4.8 കോടി രൂപ ചെലവഴിച്ചാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. ലൈബ്രറി, പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയും ഇതിന്റെ ഭാഗമായി നിർമ്മിച്ചു. പ്രതിപക്ഷനേതാവ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ, ആലപ്പുഴ എം.പി. എ.എം. ആരിഫ്, പല്ലനകുമാരകോടി കുമാരനാശാൻ സ്മാരക ചെയർമാൻ രാജീവ് ആലുങ്കൽ എന്നിവർ പങ്കെടുത്തു.

# പ്രകാശപൂരിതം ഈ വള്ളിക്കുന്ന്

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 'പ്രകാശപൂരിതം ഈ വള്ളിക്കുന്ന്' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കമായി. രണ്ടാംഘട്ട പദ്ധതിയുടെ ഉദ്ഘാടനം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ കെ.കെ. പടിയിൽ സ്ഥാപിച്ച മിനി മാസ്റ്റ് ലൈറ്റ് സ്വിച്ച് ഓൺ കർമ്മം നടത്തി. പി.അബ്ദുൽ ഹമീദ് എം.എൽ.എ. നിർവഹിച്ചു. പദ്ധതിയുടെ ഭാഗമായി പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഇല്ലത്തുമാട്, കാക്കത്തടം, ചാത്ര തൊടി, പാലപ്പെട്ടിപ്പാറ, വലക്കണ്ടി എന്നിവിടങ്ങളിലാണ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത്.

### വിദ്യാർത്ഥി പ്രതിഭകൾക്ക് പുരസ്കാര വിതരണം

ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിൽ ബഹുമുഖങ്ങളായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ വള്ളിക്കുന്ന്, അത്താണിക്കൽ, ചേലേമ്പ്ര, മൂന്നിയൂർ, തേഞ്ഞിപ്പലം എന്നീ ആരോഗ്യസ്ഥാപനങ്ങളിലെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും പള്ളിക്കൽ പൊതുജനാരോഗ്യ കേന്ദ്രത്തെ



സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്താനും നടപടികൾ സ്വീകരിച്ചു വരികയാണ്.

വള്ളിക്കുന്ന് മണ്ഡലത്തിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകളായ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി എല്ലാ വർഷവും ചടങ്ങ് സംഘടിപ്പിക്കാറുണ്ട്. മണ്ഡലത്തിലെ സ്കൂളുകളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ എ പ്ലസ് നേടിയ വിദ്യാർത്ഥികളേയും മറ്റു വിവിധ കോഴ്സുകളിൽ ഉയർന്ന നിലവാരം കൈവരിച്ച വിദ്യാർത്ഥികളേയും ആദരിക്കുന്ന ഈ വർഷത്തെ ചടങ്ങ് 'പി. ഹമീദ് മാസ്റ്റർ, എം.എൽ.എ. അവാർഡ് - ആദരം 2019 പ്രതിഭാ പുരസ്കാരം' എന്നപേരിൽ 2019 ജൂൺ 23 നു കാലിക്കറ്റ് യൂണിവേഴ്സിറ്റി സെമിനാർ ഹാളിൽ നടന്നു. പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പങ്കെടുത്ത ഈ വർഷത്തെ പ്രതിഭാപുരസ്കാര ചടങ്ങിൽ അഞ്ഞൂറിലധികം വിദ്യാർത്ഥികൾക്ക് പുരസ്കാരം വിതരണം ചെയ്തു. വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്ന ഈ പദ്ധതിക്ക് വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും വളരെയധികം പിന്തുണ ലഭിച്ചുകൊണ്ടിരിക്കുന്നു.

## പീരുമേട് നിയോജകമണ്ഡലത്തിൽ വിനോദ സഞ്ചാര വികസനത്തിന് നിരവധി പദ്ധതികൾ








# സഞ്ചാരികൾക്ക് പാഞ്ചാലിമേട്ടിലേയ്ക്ക് സ്വാഗതം

ഇ.എസ്. ബിജിമോൾ
പീരുമേട്

പീരുമേട് നിയോജകണ്ഡലത്തിലെ അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളായ തേക്കടിക്കും വാഗമണ്ണിനും ഇടയിൽ പരുന്തുംപാറ ടൂറിസ്റ്റ് കേന്ദ്രത്തിന് സമീപം കൊല്ലം-തേനി ദേശീയപാതയിൽ മുറിഞ്ഞപുഴയിൽ നിന്നും 3 കി.മി. ദൂരം സഞ്ചരിച്ചാൽ പ്രകൃതിരമണീയമായ മലനിരകളിൽ നിന്ന് താഴ്വാരക്കാഴ്ചകൾ ആസ്വദിക്കാൻ കഴിയുന്ന പാഞ്ചാലിമേട് വിനോദസഞ്ചാരകേന്ദ്രത്തിലെത്തിച്ചേരാം. 3 കോടി 94 ലക്ഷം രൂപ ചെലവഴിച്ച് ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പാഞ്ചാലിമേട് വിനോദസഞ്ചാരകേന്ദ്രം ഇ.എസ്. ബിജിമോൾ എം.എൽ.എ. അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന വിനോദസഞ്ചാര വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നാടിന് സമർപ്പിച്ചു. അതിമനോഹരമായ നിർമ്മിതികൾ പാഞ്ചാലിമേടിന്റെ ദൃശ്യചാരുത പതിന്മടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. ദിനംപ്രതി നൂറുകണക്കിന് സഞ്ചാരികളാണ് ഇവിടം സന്ദർശിക്കാനെത്തുന്നത്.

വിനോദസഞ്ചാരയോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി പരിസ്ഥിതി സംരക്ഷണവും പ്രദേശവാസികൾക്ക് തൊഴിലവസരവും ഉറപ്പുവരുത്തി വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിരവധി പദ്ധതികൾ പീരുമേട് നിയോജകമണ്ഡലത്തിൽ നടന്നുവരുന്നുണ്ട്.



# ദുരന്തനിവാരണത്തിന് സുപ്രധാന നിർദ്ദേശങ്ങളുമായി നിയമസഭാ സമിതി

സുനാമി, ഓഖി, പ്രളയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ദുരന്തസാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനുമുള്ള സുപ്രധാന നിർദ്ദേശങ്ങളുമായി 'ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി' (2019-21) യുടെ ആറാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷൻ വി.കെ.ഇബ്രാഹിം കുഞ്ഞ് എം.എൽ.എ. 2019 ജൂൺ 18 ന് സഭയിൽ സമർപ്പിച്ചു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ മുഖ്യമന്ത്രി, റവന്യൂ മന്ത്രി, ചീഫ് സെക്രട്ടറി, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ (SEOC) ഹെഡ് സയന്റിസ്റ്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM) പ്രതിനിധി എന്നിവരെ എക്സ് ഒഫീഷ്യോ അംഗങ്ങളാക്കിയും, സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ മെമ്പർ സെക്രട്ടറിയും, ദുരന്ത നിവാരണ മേഖലയിൽ പരിചയമുള്ള നാല് വിദഗ്ദ്ധർ മുഴുവൻസമയ അംഗങ്ങളായും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. സംസ്ഥാനതല അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ 24*7 പ്രവർത്തന സജ്ജമായ ഇൻഫർമേഷൻ ടെക്നോളജി ആൻഡ് കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കണമെന്നും 24 മണിക്കൂറും പ്രവർത്തന സജ്ജമായ ഇൻസിഡന്റ് റസ്പോൺസ് സിസ്റ്റം ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്ത് ദുരന്തസാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കണമെന്നും എല്ലാ വകുപ്പുകളും വകുപ്പുതല ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കി വർഷം തോറും പരിഷ്കരിക്കുന്നുവെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഉറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

സംസ്ഥാന ദുരന്ത ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ വകുപ്പുകളിലും വെർച്ച്വൽ കേഡർ രൂപീകരിക്കുക, പദ്ധതി അടങ്കലിന്റെ 10% അതതു വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുക, ദുരന്ത സാഹചര്യങ്ങളിൽ മുകൾത്തട്ടിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കായി കാത്തുനിൽക്കാതെ അടിയന്തിരഘട്ട പ്രവർത്തനരേഖ (Emergency Support function Plan), ദുരന്ത പ്രതികരണ രൂപരേഖ (Standard Operating Procedure) എന്നിവ പ്രവർത്തനസജ്ജമാക്കി പരിഷ്കരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭൂപ്രകൃതിക്കനുസൃതമായി ദുരന്ത സാധ്യതകളെ പ്രതിരോധിക്കുന്ന നിർമ്മാണരീതികൾ നിഷ്ക്കർഷിച്ച് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും നഗരങ്ങളിലെ കെട്ടിടനിർമ്മാണത്തിന് പരിധി നിർണ്ണയിക്കുന്നതിനും സമിതി ശിപാർശ ചെയ്തു. പ്രകൃതി ദുരന്തമുണ്ടാകുന്ന ഘട്ടങ്ങളിൽ പ്രവർത്തിക്കുന്നതിന് അടിയന്തരമായി State Disaster Rescue Force, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ത്രീ പങ്കാളിത്തത്തോടെ സിവിൽ ഡിഫൻസ് സന്നദ്ധസേന എന്നിവ രൂപീകരിക്കുന്നതിനും സമിതി നിർദ്ദേശിച്ചു. സിവിൽ ഡിഫൻസ് സന്നദ്ധ സേനയെ സാമൂഹ്യമാധ്യമങ്ങളുമായി ബന്ധപ്പെടുത്തി കർമ്മപദ്ധതി ആവിഷ്ക്കരിക്കണം. അടിയന്തര സാഹചര്യങ്ങളിൽ ലൊക്കേഷൻ ബേസ്ഡ് മാസ്സ് അലർട്ടിംഗ് സിസ്റ്റം നടപ്പാക്കുന്നതിനും നിർദ്ദേശമുണ്ട്. ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക കേന്ദ്രം കേരളത്തിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്തു. ഡിസാസ്റ്റർ മാനേജ്മെന്റ് മോഡ്യൂൾ പോലീസ് ബേസിക് ട്രെയിനിംഗിന്റെ ഭാഗമാക്കുകയും അപകട സാധ്യതയേറിയ ബ്ലാക്ക് സ്പോട്ടുകളുടെ മാപ്പിംഗ് നടത്തുകയും വേണം എന്ന് സമിതി അവശ്യപ്പെട്ടു. അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാനത്ത് എയർ ആംബുലൻസ് സംവിധാനവും എല്ലാ തീരദേശ ജില്ലകളിലും മറൈൻ ആംബുലൻസുകളും ഏർപ്പെടുത്തുവാനും സമിതി ശിപാർശ ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനും വർഷം തോറും സംസ്ഥാനത്തെ ഫ്ളാറ്റുകളും മാളുകളും ഉൾപ്പെടെയുള്ളവയിൽ ഫയർ സേഫ്റ്റി സംവിധാനങ്ങളുടെ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനും ശിപാർശയുണ്ട്. എൺവയോൺമെന്റൽ ക്ലിയറൻസ് കമ്മിറ്റി മൈനിംഗ് പ്ലാൻ പരിശോധിച്ച് അംഗീകരിച്ചതിനുശേഷം മാത്രം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ക്വാറികൾക്കുള്ള മൈനിംഗ് ലൈസൻസ് നൽകുന്ന രീതി അവലംബിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ദുരന്തപ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ച പരിശീലനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള ശിപാർശകൾ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി സർക്കാരിനു നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ സഭയ്ക്ക് നൽകിയ ഉറപ്പുകളെ അടിസ്ഥാനപ്പെടുത്തി റവന്യൂ, ആഭ്യന്തരം, അഗ്നിശമനം, ഫിഷറീസ് എന്നീ വകുപ്പുകളിൽ നിന്നും നിയമസഭാ സമിതി തെളിവെടുപ്പ് നടത്തിയിരുന്നു.

# ആരുമല്ലാത്തവർ... ജീവനുവേണ്ടി കൈനീട്ടിയവർ...

(നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരനായ രതീഷ് രാജ് ബി., 2018 ലെ പ്രളയത്തിൽ രക്ഷാപ്രവർത്തനത്തിലേർപ്പെട്ട് ഒട്ടേറെപ്പേരെ സുരക്ഷിത താവളങ്ങളിലെത്തിച്ചു. വിസ്മരിക്കാനാകാത്ത ആ നാളുകളെപ്പറ്റി രതീഷ് രാജിന്റെ വാക്കുകളിലൂടെ....)

ഞങ്ങളുടെ നാട്ടിലെ യുവപ്രതിഭാ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിലുള്ള ഓണാഘോഷ പരിപാടിയുടെ മുന്നൊരുക്കങ്ങൾ നടക്കുന്നു. മഴ തകർത്തു പെയ്യുന്നു. പതിവിൽ നിന്നും വ്യത്യസ്തമായി കാറ്റുമുണ്ട്. ദൃശ്യമാധ്യമങ്ങളിൽ കേരളത്തിലെ കനത്ത മഴയെക്കുറിച്ചും ചില ജില്ലകളിലുണ്ടായ വെള്ളപ്പൊക്കത്തെക്കുറിച്ചുമുള്ള വാർത്തകൾ വരുന്നുണ്ട്. മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കമല്ലേ, കുഴപ്പമൊന്നും കാണില്ല എന്നു ഞാൻ കരുതി. എന്നാൽ ഒന്നുരണ്ട് ദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് കേരളം ഒരു മഹാപ്രളയത്തിലാണെന്ന് നാം തിരിച്ചറിഞ്ഞത്. അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കം..... മലയോരമേഖലകളിൽ തുടരെയുണ്ടാകുന്ന ഉരുൾപൊട്ടലുകൾ.... അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനെത്തുടർന്ന് ഷട്ടറുകൾ ഒന്നൊന്നായി തുറന്നു വിടുന്നു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്ന് വിടേണ്ടിവരുന്നത് എന്ന വാർത്ത ഭീതിയോടെ കേരളം കേട്ടു. അതിശക്തമായ മഴയിൽ മിക്ക ജില്ലകളും പൂർണ്ണമായും ഒറ്റപ്പെട്ടു.

പ്രളയം നിമിത്തം പലേടത്തും ആളുകൾ ഒറ്റപ്പെട്ടുപോയിരുന്നു. ആഹാരവും ശുദ്ധജലവും ലഭിക്കാതെ കുട്ടികൾ ഉൾപ്പെടെ വീടുകൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്നതിന്റെയും ജീവനു വേണ്ടിയുള്ള നിലവിളികളുടെയും ദൃശ്യങ്ങൾ കണ്ട് മനസ് മരവിച്ചുപോയ ഞങ്ങൾ ആ വർഷത്തെ ഓണാഘോഷ പരിപാടി ഉപേക്ഷിച്ച് അതിനായി സ്വരൂപിച്ച തുക പ്രളയബാധിതർക്കായി ചെലവിടാൻ



തീരുമാനിച്ചു. ഭക്ഷണസാധനങ്ങളും കുപ്പിവെള്ളവും വാങ്ങി പ്രളയമേഖലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പോകാൻ ഞങ്ങൾ തയ്യാറെടുത്തു.

കരുനാഗപ്പള്ളി തഹസീൽദാർ ഞങ്ങളെ ഫോണിൽ വിളിക്കുകയും ചെങ്ങന്നൂർ മേഖലയിൽ ആയിരക്കണക്കിന് ആളുകൾ കുടുങ്ങിക്കിടക്കുകയാണെന്നും അവരെ സഹായിക്കുന്നതിന് എന്തെങ്കിലും ചെയ്യണമെന്ന് അറിയിക്കുകയും ചെയ്തു. ഞങ്ങൾ പതിനൊന്നുപേർ ഒരു ഫൈബർ വള്ളവുമായി ചെങ്ങന്നൂരിലേക്ക് യാത്ര തിരിച്ചു. എന്റെ കൂടെയുള്ളവരിൽ ഒൻപത് പേർ മത്സ്യത്തൊഴിലാളികളാണ്. ഞാനും കോസ്റ്റ്ഗാർഡിൽ ജോലി ചെയ്യുന്ന വരുൺദാസും വിദ്യാർത്ഥികളായിരിക്കുമ്പോൾ അവധി ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് പോകുമായിരുന്നു. കടൽത്തിരകളുമായി മല്ലിട്ട ധൈര്യവും ചങ്കുറപ്പും കൈമുതലാക്കി ഞങ്ങൾ രക്ഷാപ്രവർത്തനം ആരംഭിച്ചു. ചെങ്ങന്നൂരിലെ ചെന്നിത്തല, വെണ്മണി എന്നിവിടങ്ങളായിരുന്നു ഞങ്ങളുടെ പ്രവർത്തനമേഖല. ആ സമയത്ത് യഥാർത്ഥ മനുഷ്യരെയാണ് ഞങ്ങൾ കണ്ടത്. ജാതിമത ചിന്തയോ വർണ്ണ വർഗ്ഗ വ്യത്യാസമോ പണക്കാരൻ പാവപ്പെട്ടവൻ എന്ന അന്തരമോ ഒന്നുമില്ലാതെ..... എല്ലാവരും തുല്യർ, എല്ലാവരും മനുഷ്യർ. അവർക്കെല്ലാം ഒന്നേ വേണ്ടിയിരുന്നുള്ളൂ; ജീവൻ മാത്രം. എവിടെ നോക്കിയാലും കുത്തിയൊഴുകുന്ന വെള്ളം. ആ പ്രളയം അവരുടെ ആയുഷ്ക്കാല സമ്പാദ്യം മുഴുവനും കവർന്നെടുത്തിരുന്നു. സർവ്വതും നഷ്ടപ്പെട്ട് ജീവനുവേണ്ടി കേഴുന്ന അവരുടെ മുഖങ്ങളിലെ ദൈന്യത ഞങ്ങൾക്ക് പലതും മനസ്സിലാക്കിത്തന്നു.

മൂന്ന് ദിവസം ഞങ്ങൾ രക്ഷാപ്രവർത്തനത്തിൽ മുഴുകി. വ്യത്യസ്ത സ്വഭാവമുള്ള, വ്യത്യസ്ത ജീവിതശൈലിയുള്ള, വ്യത്യസ്ത വിശ്വാസമുള്ള ആളുകൾ ഒരേ തോണിയിൽ ഒന്നിച്ച്... ഏകദേശം മുന്നൂറോളം പേരെ സുരക്ഷിതമായി ക്യാമ്പിൽ എത്തിക്കാൻ ഞങ്ങൾക്ക് സാധിച്ചു. മൂന്ന് ദിവസവും ഊണും ഉറക്കവും ഇല്ലാതെ രാപകൽ പ്രവർത്തിച്ചു. പെട്ടെന്നുള്ള തീരുമാനമായിരുന്നതിനാൽ ഉടുവസ്ത്രമൊഴികെ മറ്റൊരെണ്ണം കരുതിയിരുന്നില്ല. നനഞ്ഞുകുതിർന്ന വസ്ത്രം ഇട്ടുകൊണ്ട് കഴിയേണ്ടിവന്നു എങ്കിലും ആ രക്ഷാപ്രവർത്തനം ഒരു ജീവിത പാഠമായിരുന്നു. പണം ഉണ്ടാക്കുന്നതിനായി ഭ്രാന്ത് പിടിച്ച് നെട്ടോട്ടമോടുന്ന മനുഷ്യർ ഒന്ന് മനസ്സിലാക്കണം, പണത്തിന് വെറും പേപ്പറിന്റെ വില പോലും ഇല്ലാതാകുന്ന നിമിഷം നമ്മുടെ ജീവിതത്തിലുണ്ടായേക്കാമെന്ന്. പ്രകൃതിയുടെ ഒരു ചെറിയ ക്ഷോഭത്തിൽ ഒലിച്ചുപോകുന്ന മണ്ണാങ്കട്ടകളാണ് മനുഷ്യനും അവന്റെ മണിമാളികകളും.

എല്ലാം കഴിഞ്ഞ് തിരിച്ചെത്തിയപ്പോഴാണ് ഞങ്ങൾ ചെയ്തത് വലിയകാര്യമാണെന്ന് മനസ്സിലായത്. എന്റെ ജീവിതത്തിൽ എനിക്ക് കിട്ടിയ ഏറ്റവും വലിയ അംഗീകാരമായിരുന്നു നാട്ടിൽ ലഭിച്ച സ്വീകരണം. യുദ്ധം ജയിച്ചുവന്ന യോദ്ധാക്കളെപ്പോലെ അഭിമാനത്തോടെ ഞങ്ങൾ തലയുയർത്തിനിന്നു. മുഖ്യമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ജില്ലാകളക്ടർ, എം.എൽ.എ മാർ, പഞ്ചായത്ത്, കരയോഗം എന്നിവിടങ്ങളിൽ നിന്നും ഞങ്ങൾക്ക് അനുമോദനം ലഭിച്ചു. ആരുമല്ലാതിരുന്നവരെ സമൂഹം സ്നേഹപൂർവ്വം രക്ഷകരായി വാഴ്ത്തിയ ജീവിതാനുഭവമായിരുന്നു അത്.

തൊണ്ണൂറ്റിയൊൻപതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924ലെ പ്രളയത്തിനുശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയമെന്നാണ് 2018 ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. മുന്നൂറോളം ജീവനുകളെ മരണത്തിന്റെ പിടച്ചിലിൽ നിന്നും ജീവിതത്തിലേക്ക് പിടിച്ചുകയറ്റിയവരിലൊരാൾ എന്ന ചാരിതാർത്ഥ്യത്തോടെ ഒരു പ്രളയകാലം ഞാൻ ഓർമ്മിക്കുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512667; ഇ-മെയിൽ : kladrd@gmail.com വെബ്സൈറ്റ് : www.niyamasabha.org